

# ടൈംസ് ഓഫ് അമേരിക്ക
TIMES of AMERICA

2024
ജൂലൈ
01 – 15

Volume XVII Issue 13

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക



Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111




# ബൈഡൻ പിന്മാറുന്ന പ്രശ്നമില്ലെന്നു കാമ്പയ്ൻ; ട്രംപ് 26 നുണകൾ പറഞ്ഞെന്നു പ്രസിഡന്റ്




പ്രസിഡന്റ് ജോ ബൈഡൻ മത്സരത്തിൽ നിന്നു പിന്മാറുന്ന പ്രശ്നമില്ലെന്നു അദ്ദേഹത്തിന്റെ കാമ്പയ്ൻ വ്യക്തമാക്കി. ആദ്യത്തെ പ്രസിഡൻഷ്യൽ ഡിബേറ്റിൽ ബൈഡൻ പരാജയപ്പെട്ടു എന്ന നിഗമനത്തിനു ശേഷം മറ്റൊരു പ്രസിഡന്റ് സ്ഥാനാർഥിയെ ഡമോക്രാറ്റുകൾ കണ്ടെത്തണം എന്ന നിർദേശം ഉയർന്നിരുന്നു.

വ്യാഴാഴ്ച ഏറ്റവുമധികം സംഭാവനകൾ ലഭിച്ച ദിവസവുമായിരുന്നുവെന്നു ബൈഡൻ കാമ്പയ്ൻ ചൂണ്ടിക്കാട്ടി. 'അദ്ദേഹം തീർച്ചയായും മത്സരത്തിൽ തന്നെയുണ്ട്,' കാമ്പയ്ൻ വക്താവ് സേഥ് ഷൂറ്സർ പറഞ്ഞു. സാമ്പത്തികമാന്ദ്യം ഉണ്ടാക്കുന്ന മാഗാനോമിക്സ് ആണ് മാറ്റേണ്ടത്. തീവ്രമായ അബോർഷൻ നിരോധനങ്ങളും.

നുണയനുമായി ഡിബേറ്റ് നടത്തുന്നത് കഠിനമാണെന്നു ബൈഡൻ പറഞ്ഞു. അദ്ദേഹം 26 തവണ നുണ പറഞ്ഞെന്നു ന്യൂ യോർക്ക് ടൈംസ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

സ്ഥാനാർഥിയെ മാറ്റുന്നത് ഈ ഘട്ടത്തിൽ അന്യായമാണെന്നു ഡെമോക്രാറ്റിക് നേതാക്കളിൽ പലരും ചൂണ്ടിക്കാട്ടി. അല്ലെങ്കിൽ ബൈഡൻ പിന്മാറണം. അതിനുള്ള താല്പര്യമൊന്നും അദ്ദേഹം കാട്ടിയിട്ടില്ല.

'ഡമോക്രാറ്റുകൾ ആധി പിടിക്കേണ്ട കാര്യമൊന്നുമില്ല,' പെൻസിൽവേനിയ ഗവർണർ ജോഷ് ഷാപിറോ പറഞ്ഞു. നമുക്ക് ജോലി തുടരാം. അതിനുള്ള ഉത്തരവാദിത്തം നമുക്കെല്ലാം ഉണ്ട്.

ഒരു ഡിബേറ്റ് മോശമായി എന്ന വാദത്തിൽ സ്ഥാനാർഥിയെ മാറ്റുന്നത് മൗഢ്യമാണെന്നു പെൻസിൽവേനിയ സെനറ്റർ ജോൺ ഫെറ്റർമാൻ പറഞ്ഞു. 'ഡെമോക്രാറ്റുകൾ ആശങ്കകൾ മാറ്റി വച്ചൊന്നു പൊളിക്കണം.

ബൈഡനെ കൊത്താൻ പറക്കുന്ന ഡെമോക്രാറ്റിക് കഴുകന്മാരോട് എനിക്കു യോജിപ്പില്ല. ഒരു ഡിബേറ്റ് ഒരു വ്യക്തിയുടെ റെക്കോർഡ് വിലയിരുത്തുന്ന സംഭവമൊന്നുമല്ല.

## വിർജിൻ ഗലാക്ടിക്കിന്റെ 2–ാം ഗവേഷണ ദൗത്യത്തിൽ ഇന്ത്യൻ ഗവേഷക ഷാവ്ന പാണ്ഡ്യയും



ഇന്ത്യൻ വംശജയായ ഗവേഷക ഡോക്ടർ ഷാവ്ന പാണ്ഡ്യ വിർജിൻ ഗലാക്ടിക്കിന്റെ രണ്ടാം ഗവേഷണ ദൗത്യത്തിൽ ബഹിരാകാശത്തേക്കു പറക്കും. ഇന്റർനാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അസ്ട്രോനോട്ടിക്കൽ സയൻസസ് (ഐഐഎഎസ്) പങ്കാളിയായ ദൗത്യത്തിനു ഡെൽറ്റ ക്ലാസ് ബഹിരാകാശകപ്പലാണ് ഉപയോഗിക്കുക.

2023 നവംബറിലെ 'ഗലാക്ടിക്ക് 05' ആയിരുന്നു ആദ്യ ദൗത്യം. നവീന ആരോഗ്യ സാങ്കേതിക വിദ്യകൾ അന്നു പരീക്ഷണ വിധേയമാക്കി.

രണ്ടാം ദൗത്യത്തിൽ പാണ്ഡ്യക്കു പുറമെ യുഎസിൽ നിന്നു ഐഐഎഎസ് ഡയറക്റ്റർ ഓഫ് ഹ്യൂമൻ സ്പെയ്സ് ഫ്ലൈറ്റ് ഓപ്പറേഷൻസ് കെല്ലി ജറാർഡി, അയർലണ്ടിൽ നിന്നുള്ള എയ്റോനോട്ടിക്കൽ എൻജിനിയർ നോറപാറ്റൻ എന്നിവരും ഉണ്ടാവും.

കാനഡയിൽ ഫിസിഷ്യനായ പാണ്ഡ്യ 2015ൽ ഒരു ബഹിരാകാശ യാത്രയിൽ ഉണ്ടായിരുന്നു. സീറോ ഗ്രാവിറ്റിയിൽ സ്പേസ്സ്യൂട്ട് പരീക്ഷിക്കാനുള്ള യാത്ര ആയിരുന്നു അത്.

ന്യൂറോസർജൻ കൂടിയായ പാണ്ഡ്യ ആയോധന കലകളും അഭ്യസിച്ചിട്ടുണ്ട്. ടേയ് കോണ്ടോയിൽ ബ്ലാക്ക് ബെൽറ്റുണ്ട്. വർഷം തോറും തായ്‌ലൻഡിൽ പരിശീലനം നടത്താറുമുണ്ട്.

# ഫിലഡൽഫിയയിൽ നഷ്ടപ്പെട്ട നിയമസംവിധാനം പുനസ്ഥാപിക്കും: ഡൊണാൾഡ് ട്രംപ്

**ഫിലഡൽഫിയ ലോകത്തിലെ ഏറ്റവും ഭയാനകമായ സ്ഥലങ്ങളിലൊന്നെന്ന് നഗരത്തിലെ റാലിയിൽ ഡൊണാൾഡ് ട്രംപ്**



**– സദാശിവൻകുഞ്ഞി**

ഫിലഡൽഫിയ ലോകത്തിലെ ഏറ്റവും ഭയാനകമായ സ്ഥലങ്ങളിലൊന്നെന്ന് നഗരത്തിലെ റാലിയിൽ ഡൊണാൾഡ് ട്രംപ് വിശേഷിപ്പിച്ചു .

മുൻ പ്രസിഡന്റും 2024 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായ ട്രംപിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി, ജൂൺ 22 ന് പെൻസിൽവാനിയ നഗരത്തിൽ ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ ലിയാക്കൂറസ് സെന്ററിൽ തന്റെ 85 മിനിറ്റ് പ്രസംഗത്തിനിടെയാണ് അദ്ദേഹം ഈ പ്രസ്താവന നടത്തിയത് . 2020ൽ സംസ്ഥാനത്ത് നടന്ന തിരഞ്ഞെടുപ്പ് തട്ടിപ്പുകളെക്കുറിച്ചുള്ള അവകാശവാദങ്ങൾ ട്രംപ് ആവർത്തിച്ചു. ഫിലാഡൽഫിയയിൽ നിയമവാഴ്ച പുനഃസ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു ഇപ്പോഴത്തെ അവസ്ഥ വളരെ മോശമാണെന്ന് അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു.

'ഈ നഗരത്തിൽ എന്താണ് സംഭവിച്ചത് ? അവർ കോവിഡിന്റെ പേരിൽ അഴിമതി നടത്തി. അഴിമതിക്കായി ഒരു പാട് കാര്യങ്ങൾ ഉപയോഗിച്ചു',

പ്രസംഗത്തിൽ മറ്റൊരിടത്ത്, തനിക്ക് ഫിലഡൽഫിയ നഗരം ഇഷ്ടമാണെന്നും അവിടെ സ്കൂളിൽ പഠിച്ചിട്ടുണ്ടെന്നും ട്രംപ് സൂചിപ്പിച്ചു .

ഈ മാസമാദ്യം യു.എസ് ക്യാപിറ്റോളിൽ ജി.ഒ.പി നിയമനിർമ്മാതാക്കളുമായി മീറ്റിംഗിൽ വിസ്കോൺസിൻ നഗരത്തെ 'ഭയങ്കരം' എന്ന് വിശേഷിപ്പിച്ചതിന് പിന്നാലെയാണ് ഫിലാഡൽഫിയയെക്കുറിച്ചുള്ള ട്രംപിന്റെ അഭിപ്രായങ്ങൾ. പതിനായിരത്തിൽ പരം ജനങ്ങൾ നിറഞ്ഞുകവിഞ്ഞ സദസ്സിൽ, നിയമപരമല്ലാത്ത കടന്നുകയറ്റം അവസാനിപ്പിക്കുമെന്നും, ജോബൈഡനെ പരാജയപ്പെടുത്തുമെന്നും ട്രംപ് പറഞ്ഞു. മലയാളി മാധ്യമങ്ങളെ പ്രതിനിധീകരിച്ച് ശ്രീ വിൻസന്റ് ഇമ്മാനുവൽ സമ്മേളനത്തിൽ പങ്കെടുത്തു .

സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക
ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം
പി.ഡി.എഫ് ഫയലിനോടൊപ്പം
www.timesofamericanmalayali.com

പ്രതിമാസ സാംസ്കാരിക മാസിക
സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം


ഈ ലക്കത്തിൽ
മധു ഇറവങ്കരയുടെ
സർഗ്ഗയാത്രയുടെ 50 വർഷം



ആദ്യകാല ചെറുകഥകൾ
വൈക്കം മുഹമ്മദ് ബഷീർ–
ബാല്യകാലസഖിയ്ക്ക് 80
പ്രസംഗം
സഹോദരൻ അയ്യപ്പൻ
പുസ്തക പരിചയം

മറ്റു പംക്തികൾ

## സാം പിട്രോഡ വീണ്ടും ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാൻ



ന്യൂഡൽഹി: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാനായി സാം പിട്രോഡയെ കോൺഗ്രസ് വീണ്ടും നിയമിച്ചു. പിന്തുടർച്ച സ്വത്ത് വിവാദം, ഇന്ത്യക്കാരുടെ വൈവിധ്യം ഉന്നയിച്ചുള്ള പിട്രോഡയുടെ പരാമർശം എന്നിവ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബിജെപി ആയുധമാക്കിയിരുന്നു.

പരാമർശങ്ങൾ വിവാദമായതോടെ കഴിഞ്ഞ മാസം മെയ് എട്ടിനാണ് പിട്രോഡ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാൻ സ്ഥാനം രാജിവെച്ചത്.

സാം പിട്രോഡയുടെ രാജി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ അംഗീകരിക്കുകയും ചെയ്തിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഇന്ത്യ സഖ്യം മികച്ച പ്രകടനം നടത്തിയതിന് പിന്നാലെയാണിപ്പോൾ സാം പിട്രോഡയെ വീണ്ടും ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാനായി നിയമിച്ചിരിക്കുന്നത്.

## എപ്പിസ്കോപ്പൽ സഭ നൂറ്റാണ്ടുകളിലെ ഏറ്റവും പ്രായം കുറഞ്ഞ നേതാവിനെ തിരഞ്ഞെടുത്തു



ലൂയിസ്വില്ല : എപ്പിസ്കോപ്പൽ സഭ 18-ാം നൂറ്റാണ്ടിനു ശേഷമുള്ള ഏറ്റവും പ്രായം കുറഞ്ഞ ബിഷപ്പായി സീൻ റോവിനെ തെരഞ്ഞെടുത്തു. ഇദ്ദേഹം എപ്പിസ്കോപ്പൽ സഭയുടെ 28-ാമത് പ്രസിഡന്റാണ്. ബുധനാഴ്ച കൈയിലെ ലൂയിസ്വില്ലിൽ നടന്ന ദേശീയ സമ്മേളനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്

49 കാരനായ ബിഷപ്പ് സീൻ റോവ്, മാറിക്കൊണ്ടിരിക്കുന്ന ലോകം മൂലമുണ്ടാകുന്ന 'അസ്തിത്വ പ്രതിസന്ധി' എന്ന് താൻ വിശേഷിപ്പിച്ച കാര്യത്തിലേക്ക് സഭയ്ക്ക് ശക്തമായി നീങ്ങാനും, പ്രാദേശിക രൂപതകളിലും സഭകളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ മതവിഭാഗത്തെ പ്രോത്സാഹിപ്പിക്കുമെന്നും ആഹ്വാനം ചെയ്തു. തിരഞ്ഞെടുപ്പിനുശേഷം നടന്ന മീറ്റിംഗിൽ സഹ ബിഷപ്പുമാരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുൻ ദശകത്തേക്കാൾ 20 ശതമാനത്തിലധികം കുറവുള്ള, ഇപ്പോൾ 1.4 ദശലക്ഷത്തിലധികം അംഗത്വമുള്ള ഒരു വിഭാഗത്തിന്റെ നേതൃത്വം അദ്ദേഹം ഏറ്റെടുക്കും.

5 സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പിലുണ്ടായിരുന്നു. ബിഷപ്പ് സീൻ റോവിന്റെ ഭരണകാലാവധി 9 വർഷമാണ്. വെസ്റ്റേൺ ന്യൂയോർക്ക് രൂപതയുടെ ബിഷപ്പ് പ്രൊവിഷണലായും ബിഷപ്പ് റോവ് പ്രവർത്തിക്കുന്നു.

സഭയുടെ ആദ്യത്തെ കറുത്തവർഗ്ഗക്കാരനായ ബിഷപ്പ് എന്ന നിലയിൽ സുവിശേഷവൽക്കരണം, വംശീയ നീതി, സ്നേഹത്തിന്റെ ശക്തി എന്നിവയ്ക്ക് ഊന്നൽ നൽകിയ ബിഷപ്പ് മൈക്കൽ കറിയുടെ പിൻഗാമിയായാണ് ബിഷപ്പ് റോവ് എത്തുന്നത്. ബിഷപ്പ് കറിയുടെ കാലാവധി ഒക്ടോബർ അവസാനത്തോടെ അവസാനിക്കും. നവംബർ 2ന് ബിഷപ്പ് റോ ചുമതലയേൽക്കും.

ബിഷപ്പ് റോവ് 2000ൽ സ്ഥാനാരോഹണം ചെയ്ത ശേഷം അമേരിക്കയിലെ ഏറ്റവും പ്രായം കുറഞ്ഞ എപ്പിസ്കോപ്പൽ വൈദികനായി. ഏഴ് വർഷത്തിനു ശേഷം ഏറ്റവും പ്രായം കുറഞ്ഞ ബിഷപ്പായി. യഥാർത്ഥത്തിൽ പടിഞ്ഞാറൻ പെൻസിൽവാനിയയിൽ നിന്നുള്ള അദ്ദേഹം ദേശീയ വിഭാഗത്തിൽ നിരവധി നേതൃത്വ റോളുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1st July – **National Doctor's Day**
In India, Doctor's Day is observed on the 1st of July to mark the importance of doctors in our lives. This day is also meant to commemorate the medical industry and its advancements.
1st July – **National Postal Worker Day**
National Postal Worker Day is observed every year on 1st July to thank and appreciate all men and women who work consistently and diligently to deliver all our mail and packages.

## കുവൈറ്റിൽ തീപിടുത്ത ദുരന്തത്തിൽ മരിച്ച 24 മലയാളികളുടെ കുടുംബങ്ങൾക്ക് ഫൊക്കാനയുടെ സഹായം

**- ശ്രീകുമാർ ഉണ്ണിത്താൻ**





ന്യൂ യോർക്ക് : കുവൈറ്റിലെ മാൻഗഫ് തീ പിടുത്ത ദുരന്തത്തിൽ മരിച്ച 24 മലയാളികളുടേയും കുടുംബത്തിന് രണ്ട് ലക്ഷം രൂപ വീതം ധന സഹായം ഫൊക്കാന പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ കൈമാറി. ഇരുപത്തിനാല് കുടുംബങ്ങളിലേയും ഉത്തരവാദിത്വപ്പെട്ട കുടുംബാംഗത്തിന്റെ പേരിൽ എഴുതിയ ചെക്ക് നോർക്ക സി.ഇ.ഒ അജിത്ത് കൊലശ്ശേരിക്ക് നൽകി. നോർക്ക ഓരോ കുടുംബത്തിനും ചെക്ക് കൈമാറുമെന്ന് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു.

ലോക കേരള സഭയുടെ നാലാം സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടന വേദിയിൽ വെച്ചായിരുന്നു കുവൈറ്റ് തീപിടുത്ത ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ ഫൊക്കാനയുടെ സഹായം പ്രഖ്യാപിച്ചത്. തീപിടുത്ത ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ ലോക മലയാളികൾക്കൊപ്പം ഫൊക്കാനയും പങ്കുചേരുകയാണ് ചെയ്തത്. ആശയറ്റ കുടുംബങ്ങൾക്ക് ഫൊക്കാനയെ കൊണ്ട് ചെയ്യാൻ പറ്റുന്നത് ചെയ്യുക. അവർക്ക് ഇപ്പോൾ നമ്മുടെയൊക്കെ സഹായമാണ് വേണ്ടത്. ഒപ്പം ചേർത്ത് നിർത്തുകയും വേണമെന്ന് ഡോ.ബാബു സ്റ്റീഫൻ പറഞ്ഞു. ആ വിയോഗങ്ങൾ നികത്താവുന്നതിനും അപ്പുറമാണ്. കേരളത്തിന് പുറത്ത് ജോലി തേടി പോകുന്ന ഓരോ പ്രവാസിയും ഇത്തരം നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. ഈ ദുരന്തം കേരള ജനതയ്ക്ക് താങ്ങാനാവുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു.

ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കല ഷഹി, ട്രഷറർ ബിജു ജോൺ കൊട്ടാരക്കര, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ, വുമൺസ് ചെയർ ബ്രിഡ്ജറ്റ് ജോർജ്, ബോർഡ് വൈസ് ചെയർമാൻ സണ്ണി മറ്റമന, ഇലക്ഷൻ കമ്മീഷണർ ഫിലിപ്പോസ് ഫിലിപ്പ്, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, ചാരിറ്റി കോർഡിനേറ്റർ ജോയി ഇട്ടൻ, കൺവെൻഷൻ കോർഡിനേറ്റർ വിജോയ് പട്ടമ്പാടി, മുൻ ഫൊക്കാന പ്രസിഡന്റ് അനിരുദ്ധൻ നായർ, മന്മഥൻ നായർ തുടങ്ങിയ ഫൊക്കാനയുടെ ലോക കേരള സഭാ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലായിരുന്നു ഡോ.ബാബു സ്റ്റീഫൻ ഈ സഹായം പ്രഖ്യാപിച്ചത്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഇത്തരത്തിലുള്ള അവശ്യ സന്ദർഭങ്ങളിലും ഫൊക്കാന എക്കാലവും മറ്റ് പ്രവാസി സംഘടനകളിൽ നിന്നും വേഗത്തിൽ പ്രവർത്തിക്കുന്ന രീതിയാണ് ഫൊക്കാനയുടെ ആരംഭം മുതൽ ഉണ്ടായിട്ടുള്ളത്. ഡോ.ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ട് വർഷമായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇതിനോടകം നടത്തിക്കഴിഞ്ഞു. അപ്രതീക്ഷിതമായി കേരളത്തെ ഞെട്ടിച്ച ഈ ദുരന്തത്തിൽപ്പെട്ടവർക്ക് അമേരിക്കൻ മലയാളികളുടെ സഹായമായി ഫൊക്കാന താങ്ങും തണലുമായത് ലോക മലയാളി സമൂഹത്തിന് തികച്ചും അഭിമാനകരം തന്നെ.

## ഓക്ലഹോമയിൽ അടിയേറ്റ് ഇന്ത്യക്കാരൻ മരിച്ചു



ഓക്ലഹോമ: ഓക്ലഹോമയിലെ മോട്ടൽ പാർക്കിങ്ങിൽ വച്ച് മുഖത്ത് അടിയേറ്റ് ഇന്ത്യക്കാരൻ മരിച്ചു. ഗുജറാത്ത് സ്വദേശിയായ മോട്ടൽ മാനേജർ ഹേമന്ത് ശാന്തിലാൽ മിസ്ത്രി (59) ആണ് മരിച്ചത്.

ഹേമന്തും റിച്ചാർഡ് ലൂയിസും (41) തമ്മിൽ തർക്കമുണ്ടാകുകയും മോട്ടലിൽ നിന്ന് പോകണമെന്ന് ആവശ്യപ്പെട്ട ഹേമന്തിനെ അടിക്കുകയുമായിരുന്നു. ശനിയാഴ്ച രാത്രി ഇന്റർസ്റ്റേറ്റ് 40നും മെറിഡിയൻ അവന്യൂവിനും സമീപമാണ് സംഭവം നടന്നത്.

രാത്രി 10 മണിയോടെ സ്ഥലത്തെത്തിയ പൊലീസ് മിസ്ത്രിയെ അബോധാവസ്ഥയിൽ കണ്ടെത്തി. ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആക്രമണത്തിന്റെ ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. റിച്ചാർഡ് ലൂയിസിനെ എസ്. മെറിഡിയൻ അവന്യൂവിലെ 1900 ബ്ലോക്കിലുള്ള ഒരു ഹോട്ടലിൽ നിന്ന് പൊലീസ് പിടികൂടി. കസ്റ്റഡിയിലെടുത്ത റിച്ചാർഡിനെ ഓക്ലഹോമ കൗണ്ടി ജയിലിൽ തടവിലാക്കിയിരിക്കുകയാണ്. തർക്കത്തിനു പിന്നിലെ കാരണം കണ്ടെത്തുന്നതിനായി പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## തോക്ക് അക്രമം പൊതുജനാരോഗ്യ പ്രതിസന്ധിയാണെന്ന് സർജൻ ജനറൽ വിവേക് മൂർത്തി

**- പി പി ചെറിയാൻ**

വാഷിംഗ്ടൺ: രാജ്യത്ത് തോക്ക് അക്രമം ഒരുപൊതുജനാരോഗ്യ പ്രതിസന്ധിയായി ജൂൺ 25ന് സർജൻ ജനറൽ വിവേക് മൂർത്തി പ്രഖ്യാപിച്ചു. അമേരിക്കയിൽ തോക്കുകളുമായി ബന്ധപ്പെട്ട മരണങ്ങളും അവയുടെ കാസ്കേഡിംഗ് പ്രത്യാഘാതങ്ങളും തടയാൻ അമേരിക്കക്കാരോട് പ്രത്യേകിച്ച് കറുത്തവർഗക്കാരായ അമേരിക്കക്കാർ, യുവ അമേരിക്കക്കാർ എന്നിവരോട് അദ്ദേഹം ആഹ്വാനം ചെയ്തു.

തോക്ക് അക്രമം ഒരു അടിയന്തര പൊതുജനാരോഗ്യ പ്രതിസന്ധിയാണ്, ഇത് നിരവധി അമേരിക്കക്കാർക്ക് ജീവൻ നഷ്ടപ്പെടുന്നതിനും സങ്കൽപ്പിക്കാനാവാത്ത വേദനയ്ക്കും അഗാധമായ ദുഃഖത്തിനും കാരണമായി- അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു.

പൊതുജനങ്ങളുടെ ക്ഷേമത്തിന് വിനാശകരവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങൾ എന്ന് വിളിക്കുകയും കൂടുതൽ ഗവേഷണ ധനസഹായം, മെച്ചപ്പെട്ട മാനസികാരോഗ്യ പ്രവേശനം എന്നിവതോക്ക് അക്രമത്തെ കുറിച്ചുള്ള ആദ്യത്തെ പൊതുജനാരോഗ്യ ഉപദേശത്തിൽ ആവശ്യപ്പെടുകയും ചെയ്തു. രാജ്യത്തെ ഉന്നത പൊതുജനാരോഗ്യ ഉദ്യോഗസ്ഥനായ വിവേക് മൂർത്തി ദോഷം കുറയ്ക്കുന്നതിനുള്ള സുരക്ഷിത സംഭരണം പോലുള്ള മറ്റ് നടപടികളും നിർദേശിച്ചിട്ടുണ്ട്.

തോക്ക് അക്രമത്തിന്റെ ആഘാതം പ്രതിവർഷം 50,000 ജീവനുകൾ നഷ്ടപ്പെടുന്നതിന് അപ്പുറത്തേക്ക് വ്യാപിക്കുന്നുവെന്ന് മൂർത്തി പറഞ്ഞു. വെടിയേറ്റ് അതിജീവിച്ച ദശലക്ഷക്കണക്കിന് ആളുകളെയും തോക്ക് അക്രമത്തിന് സാക്ഷ്യം വഹിച്ചവരേയും കുടുംബാംഗങ്ങളെ നഷ്ടപ്പെട്ടവരേയും ഇത് ബാധിക്കുന്നു- മൂർത്തി കൂട്ടിച്ചേർത്തു.

## തൃശൂർ രൂപതയുടെ സഹായ മെത്രാൻ മാർ ടോണി വിശുദ്ധ കുർബ്ബാന അർപ്പിച്ചു



- ലാലി ജോസഫ്

ഡാളസ്: കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ കാത്തോലിക്കാ പള്ളിയിൽ ജൂൺ 22-ാം തീയതി ഞായറാഴ്ച തൃശൂർ രൂപതാ സഹായ മെത്രാൻ ടോണി നീലങ്കൽ പരിശുദ്ധ കുർബ്ബാന അർപ്പിച്ചു. ഫാദർ ജിമ്മി എടക്കുളത്തിൽ, പാലനാ ഇൻസ്റ്റിറ്റൂട്ട് ഓഫ് മെഡിക്കൽ സയൻസ് പാലക്കാട് ഡയറക്റ്റർ ഫാദർ വാൾട്ടർ തേലാപ്പള്ളി സി.എം.ഐ (ദേവഗിരി പ്രൊവിൻസ്) എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

അമേരിക്കയിൽ പിതാവിന്റെ പ്രഥമ സന്ദർശനമായിരുന്നു. സഭയുടെ ഒരു വലിയ ഭാഗം ഇൻഡ്യക്കു പുറത്താണ്. അതുപോലെ സീറോ മലബാർ സഭയുടെ ആദ്യത്തെ രൂപതയായ ഷിക്കാഗോ സന്ദർശിക്കാൻ സാധിച്ചതിൽ അത്യധികം സന്തോഷം പങ്കു വച്ചു കൊണ്ടാണ് കുർബാന മധ്യേ ഉള്ള അദ്ദേഹത്തിന്റെ പ്രഭാഷണം തുടങ്ങിയത്. ദൈവത്തിന്റെ പദ്ധതിയിൽ ഒരു ശിശുവിന് അമ്മയുടെ ഉദരത്തെക്കാട്ടിലും സുരക്ഷിതമായ സ്ഥലം വേറെയില്ല. അമ്മയുടെ ജീവരസം ആണ് ആ കുഞ്ഞ് ഭക്ഷിക്കുന്നത്. അതുപോലെ സഭയേയും ഉദരമായി കാണാം. അവിടെ നമ്മൾക്ക് ആത്മീയ പരിഭോഷണം കിട്ടുന്ന സ്ഥലം ആണ്. കർത്താവ് തന്നെ തന്റെ ശരീര രക്തം നമുക്ക് ആത്മീയ ഭക്ഷണമായി തന്ന് നമ്മെ പരിപോഷിപ്പിക്കുന്ന ഈ ഇടവക കൂട്ടായ്മ നമുക്ക് അനുഗ്രഹമായി മാറട്ടെ എന്നും നമ്മുടെ കുട്ടികൾക്കും കുടുംബത്തിലുള്ളവർക്കും ഈ ഒരു ബോധ്യം ഉണ്ടാകുവാൻ ഇടയാകട്ടെയെന്നും അന്ധരായവരെ സുഖപ്പെടുത്തിയ ബൈബിൾ വചനത്തിൽ നിന്ന് പിതാവ് ഉദ്ബോധിപ്പിച്ചു.

## ഡാളസിൽ 'ബാക്ക് ടു സ്കൂൾ മേള' ഓഗസ്റ്റ് 2ന്, രജിസ്ട്രേഷൻ 26 വരെ



ഡാളസ്: മേയർ എറിക് ജോൺസൺ 28ാമത് ഡാലസ് മേയറുടെ ബാക്ക് ടു സ്കൂൾ മേളയ്ക്ക് മേയർ എറിക് ജോൺസൺ ആതിഥേയത്വം വഹിക്കും, ഓഗസ്റ്റ് 2ന് ഫെയർ പാർക്കിലാണ് മേള സംഘടിപ്പിക്കുന്നത്.'മേയേഴ്സ് ബാക്ക് ടു സ്കൂൾ ഫെയർ ഒരു വാർഷിക ഡാളസ് പാരമ്പര്യമാണ്, ഈ വർഷത്തെ എന്റെ പ്രിയപ്പെട്ട ഇവന്റുകളിൽ ഒന്നാണിത്, ജോൺസൺ പറഞ്ഞു. 'കാരണം ഇത് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്.

അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് ആവശ്യമായ സ്കൂൾ സാമഗ്രികളും സേവനങ്ങളും നൽകിക്കൊണ്ട് ഡാലസിലെ കുട്ടികളെയും കുടുംബങ്ങളെയും സഹായിക്കാൻ വാർഷിക ഇവന്റ് സഹായിക്കുന്നു.കുട്ടികൾക്ക് ഇവന്റിൽ നിന്ന് സാധനങ്ങൾ നിറച്ച ബാക്ക്പാക്കുകൾ എടുക്കാനും സൗജന്യ പ്രതിരോധ കുത്തിവയ്പ്പുകൾ, ഹെയർകട്ട്, ഡെന്റൽ സ്ക്രീനിംഗ്, ദർശന പരീക്ഷകൾ എന്നിവയും മറ്റും നേടാനും കഴിയും.

'എല്ലാ കുട്ടികളും, അവരുടെ സാമൂഹിക സാമ്പത്തിക നില പരിഗണിക്കാതെ, ഞങ്ങളുടെ പൊതുവിദ്യാലയങ്ങളിൽ അവർക്ക് നൽകുന്ന വിദ്യാഭ്യാസ അവസരങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സജ്ജരാണെന്ന് ഉറപ്പ് നൽകുകയാണ് ഞങ്ങളുടെ ലക്ഷ്യം,' ജോൺസൺ പറഞ്ഞു.1,000ത്തിലധികം കുടുംബങ്ങൾ ഇതിനകം ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്, ജൂലൈ 26 വരെ രജിസ്ട്രേഷൻ ആരംഭിക്കും. കുടുംബങ്ങൾക്ക്

Mayorsbacktoschoolfair.com-ൽ സൈൻ അപ്പ് ചെയ്യാം.

സിറ്റി ഓഫ് ഡാളസ്, ഡാളസ് ഐഎസ്ഡി, ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, കമ്മ്യൂണിറ്റി വോളണ്ടിയർമാർ എന്നിവർ തമ്മിലുള്ള സഹകരണ പങ്കാളിത്തത്തിലൂടെയാണ് ഇവന്റ് സാധ്യമാകുന്നത്.

## ഓർമാ ഇന്റർനാഷണൽ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷങ്ങൾ സെപ്റ്റംബർ 22ന്




- പി ഡി ജോർജ് നടവയൽ

ഫിലഡൽഫിയ: ഓർമാ ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ ഗ്രാന്റ് പേരന്റ്സ് ഡേ സെപ്റ്റംബർ 22ന് ആഘോഷിക്കും. ഓർമാ ഇന്റർനാഷണൽ ഫിലഡൽഫിയാ ചാപ്റ്റർ പുതിയ ഭരണസമിതിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഇതോടൊപ്പം നടത്തും. ഫിലഡൽഫിയാ സെന്റ് തോമസ് സീറോ മലബാർ ഓഡിറ്റോറിയത്തിൽ വൈകുന്നേരം 3.30 മുതൽ 7 വരെയാണ് മുഖ്യ സമ്മേളനം. ഓർമാ ഇന്റർനാഷണൽ ഫിലഡൽഫിയാ ചാപ്റ്റർ പ്രസിഡന്റ് ഷൈലാ രാജനും ഭരണ സമിതി അംഗങ്ങളും സമ്മേളന ക്രമീകരണ കാര്യങ്ങൾ ഏകോപിപ്പിക്കുന്നു.

അനുഭവ സമ്പത്തിന്റെ കരുത്തിൽ ലോകഗതികളെ സന്മാർഗത്തിൽ ഉറപ്പിയ്ക്കുന്നതിന് വല്യച്ഛന്റെയും വല്യമ്മയുടെയും പ്രസക്തി മറ്റാരെക്കാളും മലയാള ശീലങ്ങളിൽ പതിഞ്ഞിട്ടുള്ളതാണെന്ന് ആമുഖ പ്രസംഗത്തിൽ ഓർമാ ഇന്റർനാഷനൽ ട്രസ്റ്റീ ബോഡ് ചെയർമാൻ ജോസ് ആറ്റുപുറം പറഞ്ഞു. ജോലിത്തിരക്കുകളിൽ മാതാ പിതാക്കൾ സമയക്കുറവെന്ന തടസ്സങ്ങളിൽ പതറുമ്പോൾ, പുതുതല മുറയ്ക്ക് വഴിവെളിച്ചമേകാൻ മുത്തച്ഛനും മുത്തശ്ശിയുമുണ്ട് എന്ന ആശ്വാസമാണ് ഭാവിയുടെ ബലം. ഈ തിരിച്ചറിവിനെ പ്രോത്സാഹിപ്പിക്കുകയാണ് ഓർമാ ഇൻന്റർനാഷണൽ ഗ്രാന്റ് പേരന്റ്സ് ഡേ സെലിബ്രേഷൻ കൊണ്ട് ഉദ്ദേശിയ്ക്കുന്നത് എന്ന് ഓർമാ ഇന്റർനാഷണൽ പ്രസിഡന്റ് ജോർജ് നടവയൽ അദ്ധ്യക്ഷപ്രസംഗത്തിൽ വ്യക്തമാക്കി.

വിവിധ ഭാരവാഹികളായ വിൻസന്റ് ഇമ്മാനുവേൽ, ജോസ് തോമസ്, അറ്റേണി ജോസഫ് കുന്നേൽ, സജി സെബാസ്റ്റ്യൻ, അലക്സ് തോമസ്, റോഷൻ പ്ളാമൂട്ടിൽ, അരുൺ കോവാട്ട്, അലക്സ് അബ്രഹാം, സർജന്റ് ബ്ലസ്സൻ മാത്യൂ, റോബർട് ജോൺ അരീച്ചിറ, ജൊ തോമസ്, എയ്മ്ലിൻ തോമസ്, ജിത് ജേ, ലീതൂ ജിതിൻ, സെബിൻ സ്റ്റീഫൻ, മറിയാമ്മ ജോർജ്, സിനോജ് അഗസ്റ്റിൻ വട്ടക്കാട്ട്, ജോയി തട്ടാർകുന്നേൽ, സേവ്യർ ആന്റണി എന്നിവർ പ്രസംഗിച്ചു.

## എസ് ബി ആൻഡ് അസംപ്ഷൻ കോളേജ് അലുമ്നി അസോസിയേഷൻ ഫാമിലി മീറ്റും അവാർഡ് നൈറ്റും ആഘോഷിച്ചു



- തോമസ് ഡിക്രൂസ്

ചിക്കാഗോ: എസ് ബി ആൻഡ് അസംപ്ഷൻ കോളേജ് അലുമ്നി അസോസിയേഷന്റെ ചിക്കാഗോ ചാപ്റ്റർ 2024 ലെ സമ്മർ ഫാമിലി മീറ്റും അക്കാഡമിക് എക്സലൻസ് അവാർഡ് നൈറ്റും ഡെസ്പ്ലൈൻസ് കോർട്‌ലാൻഡ് സ്ക്വയറിൽ 23ന് ആഘോഷിച്ചു.

എസ് ബി കോളജ് മുൻ പ്രിൻസിപ്പലും സംഘടനയുടെ രക്ഷാധികാരിയുമായ റവ. ഡോ. ജോർജ് മഠത്തിപ്പറമ്പിൽ പരിപാടികൾ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. പുതിയ തലമുറയുടെ നേതൃത്വത്തിൽ സംഘടന കൂടുതൽ ഊർജ്ജസ്വലമായി മുമ്പോട്ട് പോകുന്നത് ചാരിതാർഥ്യജനകമാണെന്ന് ഡോ.മഠത്തിപ്പറമ്പിൽ പറഞ്ഞു.

ജോർജ് ആന്റ് സൂസൻ ഇല്ലിക്കലും സംഘവും നയിച്ച പ്രാർഥനാഗാനത്തിനുശേഷം വൈസ് പ്രസിഡന്റ് മാത്യു ദാനിയേൽ സ്വാഗതം പറഞ്ഞു. ഡോ.മനോജ് മാത്യു നേര്യംപറമ്പിൽ അധ്യക്ഷപ്രസംഗം നടത്തി. തുടർന്ന് ചടങ്ങിൽ മുഖ്യ അതിഥികളായിരുന്ന ചിക്കാഗോ മാർത്തോമാ പള്ളി വികാരി റവ. എബി എം തോമസ് തരകൻ, പൂർവ്വവിദ്യാർഥിയും സംഘടനയുടെ ഉപരക്ഷാധികാരിയുമായ ചിക്കാഗോ സീറോ മലബാർ രൂപതാ പ്രൊക്യൂറേറ്റർ റവ. ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ എന്നിവർ പൂർവ്വവിദ്യാർത്ഥി സംഗമത്തിന് ആശംസകൾ നേർന്നു.

അഞ്ജലി ആന്റ് അനുപമ മാത്യൂസ്, അമ്പിളി ജോർജ്, തോമസ് ഡിക്രൂസ്, ആൻഡ്രിയ മജു എന്നിവർ ഗാനങ്ങൾ ആലപിച്ചു. ബ്ലസൻ ആൻഡ് ബെറ്റി സെബാസ്റ്റ്യന്റെ നൃത്തപരിപാടിയെ തുടർന്ന് അക്കാഡമിക് എക്സലൻസ് അവാർഡുകളുടെയും അലുമ്നി അസോസിയേഷൻ ദേശീയതലത്തിൽ നടന്ന ഉപന്യാസ മത്സരത്തിന്റെയും വിജയികളെ പ്രഖ്യാപിച്ചു. തെരെഞ്ഞെടുക്കപ്പെട്ടവർക്ക് ഡോ. ജോർജ് മഠത്തിപ്പറമ്പിൽ അവാർഡ് ദാനം നിർവ്വഹിച്ചു. അസോസിയേഷൻ സെക്രട്ടറി തോമസ് ഡിക്രൂസ് നന്ദി പറഞ്ഞു.

മുൻ പ്രസിഡന്റുമാരായ പ്രൊഫ.ജെയിംസ് ഓലിക്കര, ജിജി മാടപ്പാട്, ഷാജി കൈലാത്തു, ബിജി കൊല്ലാപുരം, എക്സിക്യൂട്ടിവ് കമ്മറ്റി അംഗങ്ങളായ സെബാസ്റ്റ്യൻ വാഴേപറമ്പിൽ, ഷിജി ചിറയിൽ, ബോബൻ കളത്തിൽ, കാർമൽ തോമസ്, ജോൺ നടക്കപ്പാടം, ജോസഫ് കാളാശ്ശേരി,ജോർജ് ഇല്ലിക്കൽ,ജോളി കുഞ്ചെറിയ, അമ്പിളി ജോർജ്, ജോസുകുട്ടി പാറക്കൽ, മനോജ് തോമസ്, സണ്ണി വള്ളിക്കളം, ആന്റണി പന്തപ്ലാക്കൽ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആഘോഷപരിപാടികളിൽ മുൻ പ്രസിഡന്റ് ഷിബു അഗസ്റ്റിൻ എംസി ആയിരുന്നു. ഇല്ലിനോയിയിലും സമീപ സ്റ്റേറ്റുകളിൽ നിന്നുമുൾപ്പടെ എസ്ബി, അസംപ്ഷൻ പൂർവവിദ്യാർഥികൾ കുടുംബസമേതം പങ്കെടുത്ത സമ്മേളനം സ്നേഹവിരുന്നോടെ സമാപിച്ചു.

## മാർത്തോമ്മാ നോർത്ത് അമേരിക്കൻ ഭദ്രാസന കൗൺസിൽ അംഗമായി ബോബൻ ജോർജ് തിരഞ്ഞെടുക്കപ്പെട്ടു



ഡിട്രോയിറ്റ്: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന കൗൺസിൽ അംഗമായി ബോബൻ ജോർജിനെ തിരഞ്ഞെടുത്തു.

നോർത്ത് അമേരിക്കൻ ഭദ്രാസനത്തിലെ മിഡ് വെസ്റ്റ് റീജിയണനിൽ നിന്നും ഭദ്രാസന കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വൈദികൻ സഭയുടെ ക്രമീകരണപ്രകാരം കേരളത്തിലേക്ക് സ്ഥലം മാറി പോയ ഒഴിവിലേക്കാണ് ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവക അംഗമായ ബോബൻ ജോർജിനെ ഭദ്രാസന കൗൺസിൽ അംഗമായി തിരഞ്ഞെടുത്തത്.

മാർത്തോമ്മാ നോർത്ത് അമേരിക്കൻ ഭദ്രാസന കൗൺസിലിലേക്ക് നടന്നതിരഞ്ഞെടുപ്പിൽ മിഡ് വെസ്റ്റ് റീജിയണനിൽ നിന്നും ഏറ്റവും കൂടുതൽ വോട്ടുകൾ നേടിയ ആത്മായ പ്രതിനിധിയാണ് ബോബൻ ജോർജ്.

ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവകയിൽ നിന്നുമുള്ള ഭദ്രാസന അസംബ്ളി അംഗം, നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ മുഖപത്രമായ മെസ്സഞ്ചർ മാസികയുടെ മാനേജിങ്ങ് കമ്മറ്റി അംഗം, ഭദ്രാസന വെബ്സൈറ്റ് ഐറ്റി കമ്മറ്റി അംഗം എന്നീ ചുമതലകളും വഹിക്കുന്ന ബോബൻ ജോർജ് ഡിട്രോയിറ്റ് മാർ ത്തോമ്മാ ഇടവകയുടെ മുൻ ട്രസ്റ്റി, സെക്രട്ടറി എന്നീ നിലകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. വെണ്മണി തെക്കേതിൽ മലയിൽ കുടുംബാംഗമായ ബോബൻ ജോർജ് ഇപ്പോൾ മിഷിഗണിലെ നോവായ് സിറ്റിയിൽ കുടുംബസമേതം താമസിച്ചുകൊണ്ട് ഐ.ടി മേഖലയിൽ പ്രവർത്തിക്കുന്നു.

## ശ്വാസകോശാർബുദം ബാധിച്ച മലയാളി യുവാവിനായി ഗോ ഫണ്ട് സമാഹരണം ആരംഭിച്ചു



കാൽഗറി: ശ്വാസകോശാർബുദവുമായി പൊരുതുന്ന മലയാളി യുവാവ് വിപിന്റെ ചികിത്സയ്ക്കായി ഗോ ഫണ്ട് സമാഹരിക്കുന്നു. നിലവിൽ ആൽബർട്ട മെഡിസിൻ ഹാറ്റിൽ താമസിക്കുന്ന വിപിനും കുടുംബത്തിനും ഇന്ത്യയിലേക്കുള്ള യാത്രയ്ക്കും തുടർ ചികിത്സയ്ക്കുമായാണ് ധനസമാഹരണം ആരംഭിച്ചിരിക്കുന്നത്.

ശ്വാസതടസ്സവും കാലിൽ നീരും കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് വിപിന് സ്റ്റേജ് 4 ശ്വാസകോശാർബുദമാണെന്ന് കണ്ടെത്തിയത്. മൂന്ന് കുട്ടികളും ഭാര്യയും അടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന വിപിനെ രോഗം തളർത്തിയതോടെ ജോലിക്ക് പോകാൻ കഴിയാതെയായി.

സ്കാനുകൾക്കും ബയോപ്സി പരിശോധനയ്ക്കും ശേഷം, വിപിന് അടിയന്തിരമായി ചികിത്സ ആവശ്യമാണെന്നും, ഇന്ത്യയിലെ വെല്ലൂർ ആശുപത്രിയിൽ ലഭ്യമാണെന്നും ഡോക്ടർ നിർദ്ദേശിച്ചു. എന്നാൽ ചിലവേറിയ ചികിത്സയ്ക്കായി പണം കണ്ടെത്താനാകാതെ വലയുകയാണ് കുടുംബം. ഇന്ത്യയിലേക്കുള്ള യാത്ര ചിലവുകളും ചികിത്സ ചിലവുകളും താങ്ങാനാകുന്നതിനും അപ്പുറമാണെന്നും നിങ്ങളാൽ കഴിയുന്ന സഹായം ചെയ്യണമെന്ന് ഭാര്യ ഷൈനി അഭ്യർത്ഥിച്ചു.

ഗോ ഫണ്ട് ലിങ്ക് https://gofund.me/5280e2e5

1st July – **Canada Day**
Canada Day is celebrated annually on the 1st of July and it is a statutory holiday. This day marks the anniversary of the formation of the union of the British North American provinces in a federation under the name of Canada. Canada Day also means fireworks and the year's biggest national party.

1st July - **Chartered Accountants Day**
The Institute of Chartered Accountants of India (ICAI) was established on 1st July 1949 and so in India is marked as Chartered Accountants Day. It is the second-largest professional accounting and finance body in the world.

1 July - **National U.S. Postage Stamp Day**
National U.S. Postage Stamp Day is celebrated on 1st July every year to commemorate the existence of Postage Stamps that is used for sending letters and to appreciate the extraordinary works of all the Philatelists.

## സണ്ണി കല്ലൂപ്പാറയ്ക്ക് ജി തിയേറ്റർ ന്യൂയോർക്കിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്




ന്യൂയോർക്ക്: കലാസാംസ്കാരിക സാമൂഹിക രംഗങ്ങളിൽ സമാനതകളില്ലാത്ത അംഗീകാരങ്ങൾ കരസ്ഥമാക്കിയ സണ്ണി കല്ലൂപ്പാറ എന്ന സണ്ണി പി നൈനാന് മറ്റൊരു പൊൻതൂവൽകൂടി. ജി തിയേറ്റർ ന്യൂയോർക്കിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് കരസ്ഥമാക്കി സണ്ണി കല്ലൂപ്പാറ. ഫോമാ 2024-2026 ഭരണസമതി വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥികൂടിയാണ് അദ്ദേഹം.

ശബരിനാഥ് സംവിധാനം ചെയ്ത പൊൻചിലമ്പ് എന്ന നാടകം നടക്കുന്നതിനോടനുബന്ധിച്ചാണ് ഈ ചടങ്ങ് നടന്നത്. സിനിമയുടെ ഷൂട്ടിംഗുമായി ബന്ധപ്പെട്ട് സണ്ണി കല്ലൂപ്പാറ നാട്ടിലായതിനാൽ അദ്ദേഹത്തിന്റെ പ്രതിനിധിയായി പി. റ്റി. തോമസ് ആണ് അവാർഡ് ഏറ്റുവാങ്ങിയത്.

സിനിമനാടകസീരിയൽ നടനും രചയിതാവും മാധ്യമ പ്രവർത്തകനുമെന്ന നിലയിൽ ബഹുമുഖ വ്യക്തിത്വത്തിനുടമയായ സണ്ണി കല്ലൂപ്പാറയ്ക്ക് ജനപക്ഷമുഖമാണ്. 1984ലാണ് ഇദ്ദേഹം അമേരിക്കയിലെത്തിയത്. ഫോമായുടെ മിക്കവാറും കൺവൻഷൻ കമ്മിറ്റികളിൽ സജീവമായി പ്രവർത്തിച്ചു.

സ്കൂൾ, കോളേജ്, ഇന്റർ കോളേജ് നാടക മത്സരങ്ങളിൽ മികച്ച നടനുള്ള പുരസ്കാരം നേടിയ സണ്ണി കല്ലൂപ്പാറ അഖില കേരള ബാലജനസഖ്യം കലാ പ്രതിഭ പട്ടം അലങ്കരിച്ചിട്ടുണ്ട്. അമേരിക്കയിൽ എത്തിയ ശേഷം കലാസാംസ്കാരികസാമൂഹികസംഘടനാ തലങ്ങളിൽ സജീവമായ സണ്ണി കല്ലൂപ്പാറ മലയാളി അസോസിയേഷൻ ഓഫ് റോക്ക്ലാൻഡ് കൗണ്ടിയുടെ (മാർക്) പ്രസിഡന്റായി. നിലവിൽ സംഘടനയുടെ വൈസ് പ്രസിഡന്റാണ്.

ഫോമാ നാഷണൽ കമ്മിറ്റി അംഗമായി രണ്ടുവട്ടം പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം തന്റെ നിസ്തുലമായ സംഘാടന മികവിന്റെ സുതാര്യതയോടെയാണ് ഇപ്പോൾ ജനവിധി തേടുന്നത്. പ്രസിഡന്റ് സ്ഥാനാർത്ഥിയായി മൽസരിക്കുന്ന പ്രമുഖ സംഘാടകൻ തോമസ് ടി ഉമ്മൻ, സണ്ണി കല്ലൂപ്പാറയുടെ സ്ഥാനാർത്ഥിത്വം ഫോമായുടെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുമെന്ന് അറിയിച്ചു.

ഫോമായുടെ എമ്പയർ റീജിയൻ ട്രഷററായിരുന്ന സണ്ണി കല്ലൂപ്പാറ ഫോമാ ചിക്കാഗോ കൺവൻഷനിൽ നാടക മത്സരത്തിന്റെ ചെയർ പേഴ്സൺ ഉൾപ്പെടെ നാല് കമ്മറ്റികളിൽ പ്രവർത്തിച്ചു. ഫിലാഡൽഫിയ കൺവൻഷനിലെ കോ ഓഡിനേറ്ററായും തിളങ്ങി. ഫോമാ ഷിക്കാഗോ കൺവൻഷൻ ബെസ്റ്റ് കപ്പിൾ മത്സരത്തിന്റെ ജഡ്ജായിരുന്നു. ഫ്ളോറിഡാ കൺവൻഷനിലെ നാടക മത്സരത്തിൽ മികച്ച നടനുള്ള പുരസ്കാരം നേടിയിട്ടുണ്ട്.

സണ്ണി കല്ലൂപ്പാറ ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് ഏറ്റവും കൂടുതൽ വോട്ടുകൾ നേടി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്. ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് (യോങ്കേഴ്സ്) യുവജന സഖ്യം സെക്രട്ടറിയായും സംഘടനയുടെ വൈസ് പ്രസിഡന്റ്, നോർത്ത് ഈസ്റ്റ് റീജണൽ സെക്രട്ടറി, ഭദ്രാസന അസംബ്ലി മെമ്പർ, നോർത്ത് അമേരിക്ക ഭദ്രാസന യുവജനസഖ്യം ആദ്യ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. സഭയുടെ നോർത്ത് അമേരിക്ക യൂറോപ്പ് അസംബ്ലി അംഗമാണ്.

ന്യൂയോർക്കിലെ ക്രോമലോയിയിൽ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടറായി ജോലി ചെയ്യുന്ന സണ്ണി കല്ലൂപ്പാറ തന്റെ ഔദ്യോഗിക തിരക്കുകൾക്കിടയിലും അഭിനയത്തെ നെഞ്ചോട് ചേർക്കുന്ന തികഞ്ഞ കലാകാരനാണ്. അപ്പൂപ്പന് 100 വയസ്, നന്മകൾ പൂക്കും കാലം, പ്രവാസി തുടങ്ങി 200ൽ അധികം വേദികൾ പിന്നിട്ട ഇരുപതിലധികം പ്രൊഫഷണൽ നാടകങ്ങളിലൂടെ ഒട്ടനവധി ജനസദസുകളിൽ ഇന്നും സജീവമായി നാടകങ്ങൾ അവതരിപ്പിച്ചു വരുന്നു.

ഫിലഡൽഫിയയിലെ മാനുഷി നാടകോത്സവത്തിൽ വ്യുവേഴ്സ് ചോയിസ് ബെസ്റ്റ് ആക്ടറായി. വെസ്റ്റ്ചെസ്റ്ററിലെ യൂണിഫെസ്റ്റ് 91ൽ കലാപ്രതിഭയായും തിരഞ്ഞെടുക്കപ്പെട്ടു. വാഷിങ്ടൺ ഡി.സിയിൽ നടന്ന ഇന്റർനാഷണൽ ഫിലിംഫെസ്റ്റ് വേദിയിൽ നിന്ന് ബെസ്റ്റ് ആക്ടർ അവാർഡും സ്വന്തമാക്കി.

പ്രവാസി, അക്കരക്കാഴ്ച, അവർക്കൊപ്പം, ലോക്ക്ഡ് ഇൻ തുടങ്ങിയ സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തു. കൂടാതെ ഏഷ്യാനെറ്റ്, സൂര്യ തുടങ്ങിയ ചാനലുകളിലെ ജനപ്രിയ പരമ്പരകളായ മനസ്സറിയാതെ, വേളാങ്കണ്ണിമാതാവ്, ഞങ്ങൾ സന്തുഷ്ടരാണ്, കുങ്കുമപ്പൂവ്, അൽഫോൺസാമ്മ, അക്കരക്കാഴ്ച്ച, ഹരിചന്ദനം, ഇത് രുദ്രവീണ, പ്രവാസി, ഗ്രീൻകാർഡ്, ഫെയ്സ് ബുക്ക് ജോപ്പൻ, തുടങ്ങിയ പത്തിൽ അധികം സീരിയലുകളിൽ മികച്ച കഥാപാത്രങ്ങളെ അവതരിപ്പിച്ച് പ്രേക്ഷക പ്രശംസ നേടിയിട്ടുണ്ട്. ലോക്ക്ഡ് ഇൻ ആണ് സണ്ണി ഒടുവിൽ അഭിനയിച്ച മലയാള ചിത്രം.

പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ സൂപ്പർ ഹിറ്റ് സീരിയൽ 'ഫെയ്സ്ബുക്ക് ജോപ്പ്'നിലെ മുഴുനീള കഥാപാത്രമായ ജോപ്പനും 'നാടൻ വൈബ്സി'ലെ വർക്കിയും 'കപ്പ ആന്റ് ക്രൊയ്സാന്റ്സി'ലെ ചാക്കോയും അരങ്ങ് തകർത്താടിയവയാണ്. നിത്യജീവിതത്തിൽ നാം കണ്ടുമുട്ടുന്ന ഈ വ്യത്യസ്ത മുഖങ്ങളെ തൻമയത്വത്തോടെ സണ്ണി കല്ലൂപ്പാറ അവതരിപ്പിക്കുന്നു.

തിരുവല്ലയ്ക്കു സമീപം കല്ലൂപ്പാറ പേരാലുംമൂട്ടിൽ കുടുംബാംഗമായ സണ്ണി നൈനാൻ കർമ്മ ഭൂമിയിലെ തന്റെ സംഘടനാ പ്രവർത്തനങ്ങൾക്കും കലാ ജീവിതത്തിനും കൈത്താങ്ങായി നിന്ന എല്ലാ വ്യക്തികളെ യും പ്രസ്ഥാനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. നാളിതുവരെയുള്ള തന്റെ കലാ സപര്യയിലൂടെ നേടിയ പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് സണ്ണി കല്ലൂപ്പാറ വിനിയോഗിച്ചത്. ഇനിയും ആ സഹജീവി സ്നേഹത്തിന്റെ പാത പിന്തുടരുമെന്ന് അദ്ദേഹം വ്യക്തമാക്കി.

അമേരിക്കൻ മലയാളി സമൂഹത്തിലെ മുതിർന്ന സംഘടനാ നേതാവ് തോമസ് ടി ഉമ്മൻ പ്രസിഡന്റ് സ്ഥാനാർഥിയായിട്ടുള്ള പാനലിലാണ് സണ്ണി കല്ലൂപ്പാറ വൈസ് പ്രസിഡന്റായി മത്സരിക്കുന്നത്. സാമുവേൽ മത്തായി (ജനറൽ സെക്രട്ടറി), ബിനൂബ് ശ്രീധരൻ (ട്രഷറർ), ഡോ. പ്രിൻസ് നെച്ചിക്കാട്ട് ഡി. ബി.എ (ജോയിന്റ് സെക്രട്ടറി), അമ്പിളി സജിമോൻ (ജോയിന്റ് ട്രഷറർ) എന്നിവരാണ് മറ്റ് സ്ഥാനാർഥികൾ.

# ഫോമായുടെ മ്യൂസിക്കൽ ഹീലിംഗ് പ്രോഗ്രാം വൻവിജയം




ഫോമായുടെ ഒൻപത് റീജിയനുകൾ സംയുക്തമായി സംഘടിപ്പിച്ച മ്യൂസിക്കൽ ഹീലിംഗ് പ്രോഗ്രാം നടന്നു. ഫോമായുടെ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ക്യാപിറ്റൽ, സൗത്ത് ഈസ്റ്റ്, ഗ്രേറ്റ് ലേക്ക്സ്, ന്യൂ ഇംഗ്ലണ്ട്, സൺഷൈൻ, എംപയർ, മിഡ്അറ്റ്ലാന്റിക് മേഖലകൾ എന്നിവയുമായി ചേർന്നാണ് മ്യൂസിക്കൽ പ്രോഗ്രാം സംഘടിപ്പിച്ചത്.

ഒമ്പത് വ്യത്യസ്ത പ്രദേശങ്ങൾ ഉൾപ്പെടുത്തി ഫോമാ ഒരു പരിപാടി സംഘടിപ്പിക്കുന്നത് ആദ്യമായാണ്. ഐക്യത്തിന്റെ ശക്തിയാണ് ഇതിലൂടെ പ്രകടമാകുന്നത്. ഫോമാ വെസ്റ്റേൺ റീജിയൻ ആർവിപി ഡോ. പ്രിൻസ് നെച്ചിക്കാട്ട് എല്ലാ അതിഥികളെയും സ്വാഗതം ചെയ്തു.

ഇന്ത്യയിലെ ഗാന പുരോഹിതൻ എന്നറിയപ്പെടുന്ന ഫാ. ഡോ.പോൾ പൂവത്തിങ്കലായിരുന്നു സായാഹ്നത്തിലെ പ്രധാന കലാകാരൻ.

ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിന്റെയും ആത്മീയ പഠനത്തിന്റെയും അതുല്യമായ സമന്വയത്തിന്റെ പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. ഡോ.കെ.ജെ.യേശുദാസിന്റെ ശിഷ്യനായ ഫാ.ഡോ.പൂവത്തിങ്കൽ. ഫോമ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ് സംഘടനയിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ പ്രാധാന്യം എടുത്തുപറയുകയും പരിപാടിക്ക് പിന്നിൽ പ്രവർത്തിച്ച ഒമ്പത് ഫോമാ റീജിയണുകളെ അഭിനന്ദിച്ചു. ഫോമാ ട്രഷറർ ബിജു തോണിക്കടവിൽ, വൈസ് പ്രസിഡന്റ് സണ്ണി വള്ളികുളം, ജോയിന്റ് ട്രഷറർ ജെയിംസ് ജോർജ് എന്നിവർ പ്രസംഗിച്ചു.

സംഗീതത്തിന്റെ ചികിത്സാ ശക്തിയെക്കുറിച്ചും മനസ്സിനെയും ആത്മാവിനെയും സുഖപ്പെടുത്താനുള്ള അതിന്റെ കഴിവിനെക്കുറിച്ചും ഫാ. പാലത്തിങ്കൽ വിശദീകരിച്ചു. മ്യൂസിക്കൽ ഹീലിംഗിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആഴത്തിലുള്ള അറിവും സ്വര പ്രശ്നങ്ങളുള്ള ആളുകളെ സുഖപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ കഴിവും ഏവരെയും ആഴത്തിൽ സ്പർശിച്ചു. ഇത് ആശ്വാസവും പ്രചോദനവും നൽകി. മ്യൂസിക്കൽ ഹീലിംഗ് വിവിധ തരത്തിലുള്ള വോക്കൽ പ്രശ്നങ്ങൾക്ക് എങ്ങനെ സഹായിച്ചുവെന്ന് തെളിയിക്കാൻ നിരവധി കേസ് പഠനങ്ങളും അദ്ദേഹം അവതരിപ്പിച്ചു. ശബ്ദ പ്രശ്നങ്ങൾ സുഖപ്പെടുത്തുന്നതിൽ പ്രാണായാമത്തിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. കേസ് സ്റ്റഡീസുമായി അദ്ദേഹം നടത്തിയ പ്രബുദ്ധമായ അവതരണത്തിനു പുറമേ, അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്ന ഗാനങ്ങളുടെ പരമ്പരയും ഫാദർ അവതരിപ്പിച്ചു.

ക്യാപിറ്റൽ റീജിയണിൽ നിന്നുള്ള ഡോ.മധു നമ്പ്യാർ, ഗ്രേറ്റ് ലേക്സ് റീജിയണിൽ നിന്ന് ബോബി ആലപ്പാട്ട്, സൺഷൈൻ റീജിയണിൽ നിന്ന് ചാക്കോച്ചൻ ജോസഫ്, മെട്രോ റീജിയനിൽ നിന്ന് പോൾ ജോസ്, ന്യൂ ഇംഗ്ലണ്ട് റീജിയണിൽ നിന്നു മനോജ് പിള്ള ഉൾപ്പെടെയുള്ള ഫോമ ആർവിപികൾ ചടങ്ങിൽ സംസാരിച്ചു. കൂടാതെ നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോൺസൺ ജോസഫ്, ജാസ്മിൻ പാരോൾ, സജിത്ത് തൈവളപ്പിൽ, സുദീപ് കിഷൻ, ഉണ്ണി തൊയക്കാട്ട്, ഷിനു ജോസഫ്, സാഹു പുന്നോസ്, സൈജൻ കണിയോടിക്കൽ, അമ്പിളി സജിമോൻ എന്നിവർ ആശംസകൾ നേർന്നു.

ഫോമ ഇന്റർനാഷണൽ കൺവെൻഷൻ രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാരായ സാജൻ മൂലേപ്ലാക്കൽ, അനുപമ കൃഷ്ണൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു. ഫോമാ ക്യാപിറ്റൽ റീജിയൻ മുൻ ആർവിപിയും ജുഡീഷ്യൽ കൗൺസിൽ അംഗവുമായ തോമസ് ജോസ് ഫാ. പോൾ പൂവത്തിങ്കലിന്റെ സംഭാവനകളെ അഭിനന്ദിച്ചു.

ഇത്തരമൊരു അർത്ഥവത്തായതും ഉത്തേജിപ്പിക്കുന്നതുമായ അനുഭവത്തിൽ ഏർപ്പെടാനുള്ള അവസരത്തിന് ഏവരും നന്ദി പറഞ്ഞു. 2024 ഓഗസ്റ്റ് 8 മുതൽ11 വരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പ്യൂട്ട കാനയിൽ നടക്കുന്ന ഫോമാ ഇന്റർനാഷണൽ കൺവെൻഷനിൽ ഡോ. പോൾ പൂവത്തിങ്കലിനെ ക്ഷണിച്ചു. ഡോ.മധു നമ്പ്യാർ ഫോമാ ക്യാപിറ്റൽ റീജിയനുവേണ്ടി നന്ദി പറഞ്ഞു. ഷേർളി നമ്പ്യാരാണ് സൂം സാങ്കേതിക സഹായം നൽകിയത്.

# ഡാളസ്സിലെ ദേശീയ വടംവലി മാമാങ്കത്തിൽ ന്യൂയോർക് കിങ്സ് ചാമ്പ്യൻസ്



– പി പി ചെറിയാൻ

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാലസും ഇന്ത്യ കൾച്ചറൽ എജുക്കേഷൻ സെൻററും സംയുക്തമായി സംഘടിപ്പിച്ച വടം വലി മാമാങ്കത്തിൽ ന്യൂയോർക്ക് കിങ്സ് ചാമ്പ്യൻസ് ട്രോഫി കരസ്ഥമാക്കി. ആവേശം തിരതല്ലിയ, അവസാന നിമിഷം വരെ സസ്പെൻസ് നിലനിർത്തിയ ഫൈനൽ മത്സരത്തിൽ സെവൻസ് ചിക്കാഗോ ടീമിനെ പരാജയപ്പെടുത്തിയാണ് ന്യൂയോർക് കിങ്സ് ചാമ്പ്യൻസ് ട്രോഫി കരസ്ഥമാക്കിയത്. ഹൂസ്റ്റൺ കൊമ്പൻസ്, ആഹാ ഡാളസ് എന്നീ ടീമുകൾ യഥാക്രമം മൂന്നും നാലും സ്ഥാനങ്ങൾ നേടി.

വനിതാ വിഭാഗത്തിൽ ഡാളസ് ഡാർലിംഗ്സിനെ പരാജയപ്പെടുത്തി ഹൂസ്റ്റനിൽ നിന്നെത്തിയ പെൺപുലികൾ ഹൂസ്റ്റൺ വാരിയേഴ്സ് ട്രോഫി നേടി.

ഇന്റർ നാഷണൽ റ്റഗ് ഓഫ് വാർ റഫറിയായ റോയി ജേക്കബ് മറ്റപ്പള്ളിയായിരുന്നു മുഖ്യ റഫറി. ചാക്കോച്ചൻ അമ്പാട്ട്, ഷിബു ജോൺ, രാധാകൃഷ്ണൻ, മാത്യു ഒഴുകയിൽ എന്നിവരും വിവിധ മത്സരങ്ങളിൽ റഫറിമാരായി.

1976 ആരംഭിച്ച കേരള അസോസിയേഷൻ ആദ്യമായി സംഘടിപ്പിച്ച നാഷണൽ വടംവലി മത്സരത്തിന്റെ ഉദ്ഘാടനം അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിന്റെ അധ്യക്ഷതയിൽ ജൂൺ 22 ശനിയാഴ്ച രാവിലെ 9 മണിക് ഗാർലാൻഡ് സിറ്റിയിലുള്ള സെൻറ് തോമസ് കാത്തലിക്ക് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്നു. ഗാർലാൻഡ് സിറ്റി മേയർ സ്കോട് ലെമ, അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ, കൗൺസിൽ അംഗം മാർഗരറ്റ് ലോട്, മെഗാ സ്പോൺസർ ഡോ.ഷിബു സാമുവേൽ, സെക്രട്ടറി മൻജിത് കൈനിക്കര തുടങ്ങിയവർ നിലവിളക്കു കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു.

അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന വടം വലി മാമാങ്കത്തിൽ പുരുഷന്മാരുടെ 9 ടീമുകളും വനിതകളുടെ മൂന്ന് ടീമുകളുമാണ് മാറ്റുരയ്ക്കുന്നതെന്നും ന്യൂയോർക്ക് ചിക്കാഗോ തുടങ്ങി മറ്റു പല സ്റ്റേറ്റുകളിൽ നിന്നുള്ള ടീമുകൾ ആവേശകരമായ മത്സരത്തിൽ പങ്കുകൊള്ളുന്നതെന്നും അധ്യക്ഷ പ്രസംഗത്തിൽ പ്രദീപ് നാഗനൂലിൽ (പ്രസിഡന്റ്) പറഞ്ഞു. തുടർന്ന് സെന്റ് തോമസ് പള്ളി പാർക്കിംഗ് ലോട്ടിൽ പ്രത്യേകമായി സജ്ജീകരിച്ച വേദിയിലേക്ക് ബൈക്ക് റാലി,ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടെ വിശിഷ്ടാതിഥികളെ ആനയിച്ചു. മേയർ സ്കോട്ട് ലിമേ മത്സരാർത്ഥികൾ ക്ക് വടം കൈമാറി. സുബി ഫിലിപ്പ്, നിഷാ മാത്യൂസ് എന്നിവർ ഉദ്ഘാടന പരിപാടികൾ നിയന്ത്രിച്ചു.

ചർച്ച് പാർക്കിംഗ് ലോട്ടിൽ രാത്രി 9 മണി വരെ നീണ്ട 46 റൗണ്ട് മത്സരത്തിൽ പുരുഷന്മാരുടെ 9 ടീമുകളും വനിതകളുടെ മൂന്ന് ടീമുകളുമാണ് മാറ്റുരച്ചത്. വടം വലി മത്സരത്തിൽ പങ്കെടുത്ത ഓരോ ടീമിനും ആവേശകരമായ പിന്തുണയാണ് ഗ്രൗണ്ടിൽ തടിച്ചു കൂടിയ സ്പോർട്സ് പ്രേമികൾ നൽകിയത്. ഹരിദാസ് തങ്കപ്പൻ, സിബി തലക്കുളം, ജിജി പി സ്കറിയാ, ദീപ്തി സഖറിയാ എന്നിവരുടെ തത്സമയ വിവരണം മത്സരങ്ങളിൽ ആവേശമേകി. മരിയൻ ചെണ്ടമേളം ടീമിന്റെ വനിതാ ചെണ്ടമേളക്കാർ വാദ്യാഘോഷങ്ങളുമായി കാണികളുടെ ആർപ്പുവിളികൾക്കു കൊഴുപ്പേകി.

കേരള അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ ഇന്ത്യ കൾച്ചറൽ ആൻഡ് എജുക്കേഷൻ സെൻറർ പ്രസിഡണ്ട് ഷിജു എബ്രഹാം എന്നിവർ രക്ഷാധികാരികളായി സെക്രട്ടറി മഞ്ജിത് കൈനിക്കര, ട്രഷറർ ദീപക് നായർ, ജനറൽ കോർഡിനേറ്റർമാരായ സാബു അഗസ്റ്റിൻ, വിനോദ് ജോർജ്, ജോസി ആഞ്ഞിലിവേലിൽ, അനശ്വർ മാംമ്പിള്ളി, സുബി ഫിലിപ്പ്, ജെയ്സി രാജു, ടോമി നെല്ലുവേലിൽ, ജിജി സ്കറിയ, ഹരിദാസ് തങ്കപ്പൻ, സാബു മാത്യു എന്നിവരുടെ നേതൃത്വത്തിൽ 70 വളണ്ടിയർമാരും കേരള അസോസിയേഷൻ, ട്രസ്റ്റി ബോർഡ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റിയാണ് മത്സരത്തിന് നേതൃത്വം നൽകിയത്.

മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 3000 ഡോളറും ട്രോഫിയും ഹിമാലയൻ വാലി ഫുഡ്സ്, രണ്ടാം സമ്മാനമായി 2000 ഡോളറും ട്രോഫിയും ഫെറ്റി റൈഡ്, മൂന്നാം സമ്മാനമായി 1000 ഡോളറും ട്രോഫിയും ബുക്ക് ഓ ട്രിപ്പ്, നാലാം സമ്മാനമായി 500 ഡോളറും ട്രോഫിയും സ്കൈലൈൻ റൂഫിം ഗ്, വനിതാ വിഭാഗം ഒന്നാം സമ്മാനമായി 750 ഡോളറും ട്രോഫിയും ഡോൾഫിൻ ഡിജിറ്റൽ മീഡിയ, രണ്ടാം സമ്മാനമായ 500 ഡോളറും ട്രോഫിയും കുമാർസ് റസ്റ്ററൻറ്, അഞ്ചു മുതൽ ഒൻപതു വരെ സ്ഥാനക്കാർക്കുള്ള ട്രോഫി ഷിജു എബ്രഹാം എന്നിവരാണ് സ്പോൺസർ ചെയ്തിരുന്നത്.

മെഗാ സ്പോൺസർ ഡോ.ഷിബു സാമുവേൽ, ഹിമാലയൻ വാലി ഫുഡ്സ് ഡയറക്ടർ ഫ്രിക്സ്മോൻ മൈക്കിൾ, ഗാർലാൻഡ് സിറ്റി സീനിയർ ഫോറം കമ്മീഷണർ പി സി മാത്യു, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രസിഡന്റ് സണ്ണി മാളിയേക്കൽ എന്നിവർ മത്സരത്തിന് ആശംസകൾ അറിയിച്ചു.

അമേരിക്കയിലെ സാംസ്കാരിക കായിക നഗരമായ ഡാളസിൽ, കേരള അസോസിയേഷൻ ഓഫ് ഡാളസും, ഇന്ത്യൻ കൾച്ചറൽ ആന്റ് എഡ്യൂക്കേഷൻ സെന്ററും സംയുക്തമായി സംഘടിപ്പിച്ച അഖില അമേരിക്ക വടംവലി മത്സരത്തിന് പ്രദീപ് നാഗനൂലിൽ (കെ.എ.ഡി.പ്രസിഡന്റ്) ഷിജു എബ്രഹാം (ഐ.സി.ഈ.സി. പ്രസിഡന്റ്), രക്ഷാധികാരികൾ, ജനറൽ കോർഡിനേറ്റേഴ്സ്: കോർഡിനേറ്റെഴ്സ് ദീപക് നായർ (കെ.എ.ഡി.ട്രഷറർ ഫ്രാൻസിസ് തോട്ടത്തിൽ (ജോയിന്റ് സെക്രട്ടറി), സാബു മുക്കാലടിയിൽ സ്പോർട്സ് ഡിറക്ടർ), വിനോദ് ജോർജ് (മെമ്പർഷിപ്പ് ഡിറക്ടർ), ജോസി ആഞ്ഞിലിവേ ലിൽ. വോളന്റീയർ കോർഡിനേറ്റർ: അനശർ മാമ്പള്ളി (വൈസ് പ്രസിഡന്റ്), ഫിനാൻസ് കോർഡിനേറ്റെഴ്സ് ദീപക് നായർ (ട്രഷറർ ഫ്രാൻസിസ് തോട്ടത്തിൽ (ജോയിന്റ് സെക്രട്ടറി). സേഫ്റ്റി ആൻഡ് ഹോസ്പിറ്റാലിറ്റി കോർഡിനേറ്റെഴ്സ്: ജേക്കബ് സൈമൺ (ഐ.സി.ഇ.സി. സെക്രട്ടറി), മാത്യു നൈനാൻ ഫുഡ് ആൻഡ് റിഫ്രഷ്മെന്റ് കോർഡിനേഷൻ, ടോമി നെല്ലുവേലിൽ (ഐ.സി.ഇ.സി ട്രഷറർ) സാബു മാത്യു (റിക്രിയേഷ ൻ ഡയറക്ടർ) പ്രോഗ്രാം മാനേജ്മെന്റ്: സുബി ഫിലിപ്പ് (ആർട്സ് ഡിറക്ടർ) ജോസി ആഞ്ഞിലിവേലിൽ ഗെയിം മാനേജ്മെന്റ്: മാത്യു ഒഴുകയിൽ നെബു കുര്യക്കോസ് ടീം മാനേജ്മെന്റ് വിനോദ് ജോർജ് ജിജി പി സ്കറിയ, വെനു മാനേജ്മെന്റ്: സിബി വർക്കി രഞ്ജിത്ത്.

കമന്ററി മാനേജ്മെന്റ് ഹാരിദാസ് തങ്കപ്പൻ (കെ.എ.ഡി. ബോർഡ് ഓഫ് (ട്രസ്റ്റ് മെമ്പർ) നിഷാ മാത്യൂസ് (ജോ.ട്രഷറർ) മെഡിക്കൽ ടീം കോർഡിനേഷൻ: ജയ്സി ജോർജ് (സോഷ്യൽ സർവീസ് ഡിറക്ടർ)ഡിംപിൾ ജോസഫ് (എഡ്യുക്കേഷൻ ഡയറക്ടർ) രജിസ്ട്രേഷൻ കോർഡിനേഷൻ:ഡാനിയേൽ കുന്നേൽ (ബോർഡ് ട്രസ്റ്റി ചെയർമാൻ) ജോർജ് ജോസഫ് വിലങ്ങോലിൽ (ബോർഡ് ട്രസ്റ്റി മെമ്പർ) ഗതാഗത നിയന്ത്രണം: റോബിൻ ബേബി (യൂത്ത് ഡിറക്ടർ) അവാർഡ്സ് ആൻഡ് ട്രോഫീസ് കോർഡിനേഷൻ: ബേബി കൊടുവത്ത് (ലൈബ്രറി ഡയറക്ടർ) ദീപു രവീന്ദ്രൻ (പബ്ലിക് ഡയറക്ടർ) ലൈവ് അപ്ഡേഷൻ: പവർ വിഷൻ, സിജു വി ജോർജ് എന്നിവർ ഉൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റി മത്സരത്തിന് നേതൃത്വം നൽകി.

# ഇന്ത്യൻ അമേരിക്കൻ ശ്രീനി വെങ്കിടേശൻ പേപാൽ ചീഫ് ടെക്നോളജി ഓഫീസർ

**പി പി ചെറിയാൻ**



കാലിഫോർണിയ: ഇന്ത്യൻ അമേരിക്കൻ ശ്രീനി വെങ്കിടേശനെ ചീഫ് ടെക്നോളജി ഓഫീസറായി നിയമിച്ചതായി പേപാൽ പ്രഖ്യാപിച്ചു. ജൂൺ 24 നു ചുമതലയേറ്റു.

അനലിറ്റിക്സും ഡാറ്റാ സയൻസും ആർട്ടിഫിഷ്യൽ സയൻസും ഉൾപ്പെടെ, പേപാൽ ആവാസവ്യവസ്ഥയിലുടനീളം സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും വെങ്കിടേശൻ നേതൃത്വം നൽകും.

പ്രാരംഭ ഘട്ട സ്റ്റാർട്ടപ്പുകൾ മുതൽ ലോകത്തിലെ ഏറ്റവും വലിയ റീട്ടെയിലർ വരെയുള്ള സാങ്കേതിക ഓർഗനൈസേഷനുകൾ കെട്ടിപ്പടുക്കുന്നതിലും സ്കെയിലിംഗ് ചെയ്യുന്നതിലും വിജയകരമായ ട്രാക്ക് റെക്കോർഡുള്ള പരിചയസമ്പന്നനായ സാങ്കേതിക വിദഗ്ധനും നേതാവുമാണ് ശ്രീനിയെന്ന് പ്രസിഡന്റും സിഇഒയുമായ അലക്സ് ക്രിസ് പറഞ്ഞു.

വെങ്കിടേശൻ വാൾമാർട്ടിൽ നിന്നാണ് പേപാലിൽ ചേരുന്നത്. വാൾമാർട്ടിന് മുമ്പ്, വെങ്കിടേശൻ യാഹൂവിന്റെ ഡിസ്പ്ലേ, വീഡിയോ ആഡ് ടെക്നോളജി പ്ലാറ്റ്ഫോമിന്റെ മേൽനോട്ടം വഹിച്ചിരുന്നു.

വെങ്കിടേശൻ ഭാരതിയാർ സർവകലാശാലയിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് അവർക്കാവശ്യമുള്ളതായ സാധനങ്ങൾ കണ്ടെത്താനും ഷോപ്പു ചെയ്യാനും വാങ്ങാനും പുതിയതും മെച്ചപ്പെട്ടതുമായ വഴികൾ സൃഷ്ടിക്കാൻ ഞാൻ എന്റെ കരിയർ നവീകരിച്ചു. പേപാലിൽ ചേരുന്നതിലും ഉപഭോക്താക്കളുടെ ഷോപ്പിംഗ് അനുഭവങ്ങൾ വ്യക്തിഗതമാക്കുന്നതിന് സാങ്കേതികവിദ്യയിലും റീട്ടെയിലിലുമുള്ള എന്റെ അനുഭവങ്ങൾ ഒരുമിച്ച് കൊണ്ടുവരുന്നതിലും ഞാൻ അവിശ്വസനീയമാംവിധം ആവേശഭരിതനാണ്-വെങ്കിടേശൻ പറഞ്ഞു.

# മാർത്തോമാ സുവിശേഷ സേവികാ സംഘം സൗത്ത് വെസ്റ്റ് സെന്റർ സമ്മേളനം 6നു ഒക്ലഹോമയിൽ

ഒക്ലഹോമ: നോർത്ത് അമേരിക്ക മാർത്തോമാ സുവിശേഷ സേവികാ സംഘം സൗത്ത് വെസ്റ്റ് സെന്റർ എ മീറ്റിംഗ് ഒക്കലഹോമ മാർത്തോമ ചർച്ചിൽ ജൂലൈ ആറാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ ആരംഭിക്കുന്നു.

'ഐഡന്റിറ്റി ഇൻ ക്രൈസ്റ്റ് എന്നതാണ് സമ്മേളനത്തിലെ മുഖ്യ ചർച്ചാവിഷയം. ഡാളസ് ക്രോസ്സ് വേ മാർത്തോമാ ചർച്ച് ഇടവക വികാരി റവ. എബ്രഹാം കുരുവിളയാണ് മുഖ്യ പ്രാസംഗികൻ. സെന്ററിലെ എല്ലാ മാർത്തോമാ ഇടവകകളിൽ നിന്നുമുള്ള സേവികാ സംഘാംഗങ്ങളും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് റവ. ജോബി ജോൺ (പ്രസിഡണ്ട്), എലിസബത്ത് മാത്യു (സെക്രട്ടറി) എന്നിവർ അഭ്യർത്ഥിച്ചു.

# ഈ വർഷം ആദ്യമായി ഡാളസ് ഫോർട്ട് വർത്ത് ഏരിയയിൽ താപനില 100 കടന്നു

ഡാളസ് :ഈ വർഷം ആദ്യമായി ഡാളസ് ഫോർട്ട് വർത്ത് ഏരിയയിൽ താപനില 100 കടന്നതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം.ഞായറാഴ്ചയാണ് ഈ വർഷം ആദ്യമായി താപനില നൂറ്റാണ്ടിന് മുകളിൽ ഉയരുന്നത്.

ഡി.എഫ്.ഡബ്ള്യു എയർപോർട്ടിലെ ഉയർന്ന താപനില ഉച്ചകഴിഞ്ഞ് 3:42ന് 100 ഡിഗ്രിയിലെത്തി, ഈ ആഴ്ച ഒന്നിലധികം ട്രിപ്പിൾ അക്ക ദിവസങ്ങളിൽ ആദ്യത്തേത്. ജൂൺ 23, 100ഡിഗ്രിയിലെത്തിയത് പതിവിലും അൽപ്പം മുമ്പാണ്.

ഹീറ്റ് ഇൻഡക്സ് മൂല്യങ്ങൾ ആഴ്ചയിൽ മിക്കയിടത്തും 105ൽ കൂടുതൽ ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. 1991 നും 2020 നും ഇടയിൽ, ശരാശരി ആദ്യത്തെ മൂന്നക്ക ദിനം ജൂലൈ 1 നാണു സംഭവിച്ചത്

1st July - **National Gingersnap Day**
National Gingersnap Day is celebrated on 1st July every year to enjoy this sweet and savoury treat. Do you know Gingersnaps are cookies mainly made from molasses, cloves, ginger, cinnamon, and brown sugar? Basically, it is a combination of sweet and spicy. They are healthier alternatives to other cookies as they are lower in calories.

2nd July - **World UFO Day**
World UFO Day is observed on 2nd July. It was founded by the UFO hunter Haktan Akdogan. The first World UFO Day was celebrated in 2001 and spread awareness among people to gaze at the heavens scanning for unidentified flying objects.

# ഹൃദ്യമായ കലാവിരുന്നായി പൊൻചിലമ്പ്; ഗൃഹാതുരത്വമായി നാടക ഗാനങ്ങൾ



ന്യുയോർക്ക്: മധുരമനോജ്ഞമായ ഒരു സായാഹ്നം മലയാളിക്ക് സമ്മാനിച്ച് കൊണ്ട് തീയറ്റർ ജിയും സാരഥി ശബരിനാഥ് നായരും ഒരിക്കൽ കൂടി ആസ്വാദക മനം കവർന്നു. ക്വീൻസിലെ പി എസ് 115 സ്കൂൾ അങ്കണംത്തിലായിരുന്നു പരിപാടി.

ഒരുപറ്റം ഗായകർ അവതരിപ്പിച്ച പഴയ നാടക ഗാനങ്ങൾ കോർത്തിണക്കിയ മധുരിക്കും ഓർമ്മകൾ ആയിരുന്നു ആദ്യപരിപാടി. 1952 ലെ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി നാടകം മുതൽ 70 കളിലെ നാടകങ്ങളിൽ വരെയുള്ള ഗാനങ്ങൾ കരഘോഷത്തോടെ എതിരേറ്റ സദസ്, ഒരു കാലഘട്ടത്തിന്റെ പുനരാവിഷ്കരണത്തിനു സാക്ഷികളായി.

അടിച്ചമർത്തപ്പെട്ടവരുടെ ഉയിർപ്പിനു ഏറെ സഹായിച്ച നാടകത്തിന്റെ സുവർണ്ണ കാലത്തേക്കുള്ള ഒരു തിരിച്ചുപോക്കായിരുന്നു ഈ സംഗീത വിരുന്ന്.

സിബി ഡേവിഡ് എംസി ആയിരുന്നു. ശബരീനാഥ് എഴുതി സംവിധാനം ചെയ്ത നൃത്ത സംഗീത നാടകം 'പൊൻചിലമ്പ്' അവതരിപ്പിച്ചു. കഥയും പശ്ചാത്തലവും അഭിനയവും ചേർത്തൊരുക്കിയ ഹൃദ്യമായ കലാവിരുന്നായിരുന്നു അത്. നാടകത്തിനു മാത്രം കഴിയുന്ന ജീവസുറ്റ കഥാപാത്രങ്ങളും ആധുനിക സാങ്കേതിക വിദ്യ ഒരുക്കിയ കൊട്ടാരങ്ങളും വയലേലകളും നഗരവും അരങ്ങിൽ സംഗമിച്ചപ്പോൾ കാണികളും ആ ലോകത്തിന്റെ ഭാഗമായി.

സംഘകാല കൃതി ചിലപ്പതികാരം അടിസ്ഥാനമാക്കി ശബരിനാഥ് രചിച്ചതാണ് പൊൻചിലമ്പ്. തിയേറ്റർ ജി ന്യൂയോർക്കിനൊപ്പം സെന്റർ ഓഫ് ലിവിങ്ങും കൂടി ചേർന്നാണ് നാടകം അവതരിപ്പിച്ചത്.

ചിലപ്പതികാരത്തിന്റെ കഥ ഇന്നത്തെ മാനുഷിക കുടുംബ ബന്ധങ്ങളുമായി ഇഴ ചേർത്താണ് നാടക ആഖ്യാനമെന്ന് ശബരീനാഥ് ചൂണ്ടിക്കാട്ടുന്നു. സ്ത്രീയുടെയും പുരുഷന്റെയും ശക്തി ദൗർബല്യങ്ങളും അവ വിളിച്ചുവരുത്തുന്ന ജീവിത സംഘർഷങ്ങളും ചിത്രീകരിക്കുന്നു.

കാവേരി പൂമ്പട്ടണത്തിലെ സുന്ദരിയായ കണ്ണകി, കോവലനെ വരിക്കുന്നതും പിന്നീടുണ്ടാവുന്ന ദുരന്തങ്ങളും കൊടുങ്ങല്ലൂരമ്മയായുള്ള മാറ്റവുമെല്ലാം ആണ് കഥ. കണ്ണകിയായ് സ്മിത ഹരിദാസും, കോവലനായി കിരൺ പിള്ളയും പ്രേക്ഷക മനം കവർന്നു. കോവലൻ മയങ്ങിപ്പോയ നർത്തകി മാധവിയായി ന്യൂ ജേർസിയിലെ പ്രശസ്തനർത്തകി റുബീന സുധർമൻ അരങ്ങു നിറഞ്ഞു. ബാഹുലേയൻ രാഘവൻ, മാത്യു ജോഷ്വ, മധു ചെറിയടത്ത്, സഞ്ജീവ് കുമാർ, ബിന്ദു രവി മേനോൻ, സന്ദീപ് അരപ്പൊയ്കയിൽ, ജോയ് പാങ്ങാട്ട്, വിനോദ് പ്രീത്, രാധാമണി നായർ, ഗോപിനാഥകുറുപ്പ്, പുരുഷോത്തമ പണിക്കർ മുരളി പണിക്കർ, ഡോ. ഉണ്ണികൃഷ്ണൻ തമ്പി, വനജ നായർ, രഘുവരൻ നായർ എന്നിവർ പ്രധാന വേഷങ്ങളിൽ അരങ്ങിൽ എത്തുന്നു.

കലാമേനോൻ സഹസംവിധാനവും, സുധാകരൻ പിള്ള കലാ സംവിധാനവും നിർവഹിച്ചു. മേക്കപ്പ് ഹേമ ശർമ്മ. നൃത്ത സംവിധാനം റിയ ബേസിൽ, റുബീന സുധർമ്മൻ.

# പാസ്റ്റർ കെ.എം.ചാക്കോയുടെ ജീവചരിത്ര ഗ്രന്ഥം ചെറുകര മുതൽ ഒക്കലഹോമവരെ പ്രകാശനം ചെയ്തു



**- നിബു വെള്ളവന്താനം**

ഒക്കലഹോമ: ഒക്കലഹോമ സിറ്റിയിലെ ആദ്യകാല മലയാളി പെന്തെക്കോസ്ത് ശുശ്രൂഷകരിലൊരാളായ പാസ്റ്റർ കെ.എം.ചാക്കോയുടെ ജീവചരിത്ര ഗ്രന്ഥം 'ചെറുകര മുതൽ ഒക്കലഹോമവരെ 'പ്രകാശനം ചെയ്തു. ഹാലേലൂയ്യാ പത്രാധിപരും ഗ്രന്ഥകാരനുമായ സാംകുട്ടി ചാക്കോ നിലമ്പൂരാണ് പുസ്തകരചന നിർവ്വഹിച്ചിരിക്കുന്നത്. തിരുവല്ല ഹാലേലൂയ്യ ബുക്സാണ് പ്രസാധകർ.

ജൂൺ 23ന് ഒക്കലഹോമയിലെ പ്രയ്സ് ടാബർനാക്കിൾ ചർച്ചിൽ നടന്ന പ്രകാശന ചടങ്ങുകൾക്ക് പാസ്റ്റർ ജോസ് ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാംകുട്ടി ചാക്കോ മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ ജോസ് ഏബ്രഹാമിൽ നിന്ന് പാസ്റ്റർ സന്തോഷ് കോശി ഈശോ പ്രഥമ കോപ്പി ഏറ്റുവാങ്ങി. പാസ്റ്റർ കെ.എം.ചാക്കോ മറുപടി പ്രസംഗവും വർഗീസ് ജോസഫ്, സാബു വർഗീസ് എന്നിവർ ആശംസാ പ്രസംഗങ്ങളും നടത്തി. മക്കളായ കെ.സി. മാത്യു (ജെയിംസ്), പ്രസാദ് ജേക്കബ് എന്നിവർ കൃതജ്ഞത രേഖപ്പെടുത്തി.

റാന്നി ഏഴോലി സ്വദേശിയായ കെ.എം. ചാക്കോ ബാംഗ്ലൂർ എസ്എബി സിയിലെ ദൈവശാസ്ത്ര പഠനാനന്തരം അസംബ്ലീസ് ഓഫ് ഗോഡിലെ ആദ്യകാല സി.എ. പ്രസിഡൻറും ബഥേൽ ബൈബിൾ കോളജ് അധ്യാപകനുമായി പ്രവർത്തിച്ചു. 1970ൽ അമേരിക്കയിലേക്ക് കുടിയേറി. ഒക്കലഹോമയിലെ ആരംഭകാല മലയാളി പെന്തെക്കോസ്ത് പാസ്റ്ററും സഭാ സ്ഥാപകനുമാണ് ഇദ്ദേഹം. സയോൺ പെന്തെക്കോസ്ത് സഭയുടെ സ്ഥാപകരിലൊരാളും ദീർഘകാലം സീനിയർ ശുശ്രൂഷകനുമായിരുന്നു. പുസ്തകത്തിന്റെ കോപ്പികൾ തിരുവല്ലയിലെ ഹാലേലൂയ്യാ ഓഫീസിൽ നിന്നും അമേരിക്കയിൽ പി.സി.എൻ.എ.കെ, എ.ജി ഫാമിലി കോൺഫ്രൻസ് എന്നിവിടങ്ങളിലെ ഹാലേലൂ യ്യ സ്റ്റാളുകളിലും ലഭിക്കും. കോപ്പികൾക്ക്: +1 516 787 5214

# സാങ്കേതിക തകരാർ: ബഹിരാകാശ നിലയത്തിൽ നിന്നും സുനിത വില്യംസിന്റെ മടങ്ങി വരവ് നീളും



ബഹിരാകാശ നിലയത്തിൽ നിന്നും ഇന്ത്യൻ വംശജയായ സുനിത വില്യംസിന്റെ മടങ്ങി വരവ് നീളും. ബഹിരാകാശ നിലയത്തിലേക്ക് സുനിത പോയ പേടകമായ ബോയിങ് സ്റ്റാർലൈനറിന് സംഭവിച്ച സാങ്കേതിക തകരാർ കാരണമാണ് മടങ്ങി വരവ് നീളുന്നത്. എന്നത്തേക്ക് സുനിതയ്ക്ക് മടങ്ങിവരാനാകുമെന്നത് സംബന്ധിച്ച് നാസ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. സുനിതയും ബുഷ് വിൽമോറുമാണ് രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്ക് സ്റ്റാർലൈനർ വഴി എത്തിയത്. നിലയത്തിൽ ഉണ്ടായിരുന്ന ഏഴുപേർക്കൊപ്പം ചേർന്ന് തങ്ങൾ ഇപ്പോൾ ചെറിയൊരു സിറ്റി തന്നെ ബഹിരാകാശത്ത് സൃഷ്ടിച്ചുവെന്നായിരുന്നു സുനിത നേരത്തെ പ്രതികരിച്ചിരുന്നത്. ജൂൺ അഞ്ചിനാണ് സുനിതയും ബുഷും ബഹിരാകാശ നിലയത്തിലെത്തിയത്.

നാസയുടെ കണക്കുകൂട്ടലുകൾ പ്രകാരം ജൂൺ 14ന് സുനിത വില്യംസ് ഭൂമിയിലെത്തുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. ഇതിനിടെ പേടകം തിരികെ ഭൂമിയിലേക്ക് എത്താൻ സഹായിക്കുന്ന റോക്കറ്റുകൾക്ക് തകരാർ സ്ഥിരീകരിച്ചു. ഇതോടെ യാത്ര ജൂൺ 26ലേക്ക് മാറ്റി. ഒന്നിലധികം സ്ഥലങ്ങളിൽ ഹീലിയം ചോർച്ച കൂടി കണ്ടെത്തിയതോടെ 26ലെ യാത്രയും നീട്ടി വയ്ക്കുകയായിരുന്നു. 10 ദിവസത്തെ ദൗത്യമാണ് ഇരുവർക്കും ബഹിരാകാശത്തുണ്ടായിരുന്നത്.

# ഡോ.സണ്ണി സ്റ്റീഫൻ സമാധാന സന്ദേശങ്ങളുമായി നോർത്ത് അമേരിക്കയിൽ

– ഡോ. സന്തോഷ് ടി ജോൺ



ഡാളസ്: വേൾഡ് പീസ് മിഷൻ ചെയർമാനും, ലോകപ്രശസ്ത കുടുംബ പ്രേഷിതനും ഫാമിലി കൗൺസിലറും സംഗീതസംവിധായകനുമായ ഡോ.സണ്ണിസ്റ്റീഫൻ,

ദൈവവചനത്തിന്റെയും ദൈവാനുഭവങ്ങളുടെയും അനുഗ്രഹ സന്ദേശങ്ങളുമായി ഈ വർഷം ഓഗസ്റ്റ് ആദ്യവാരം മുതൽ ഒക്ടോബർ 15 വരെ അമേരിക്കയിലും തുടർന്ന് കാനഡയിലും വചന സന്ദേശങ്ങൾ നൽകുന്നു.

പ്രായോഗിക ജീവിതപാഠങ്ങൾ രസകരമായും, ലളിതമായും പറഞ്ഞുതന്ന് വചനം പങ്കുവയ്ക്കുന്ന ഇദ്ദേഹത്തിന്റെ വ്യാഖ്യാന രീതി വ്യത്യസ്തവും ശ്രദ്ധേയവുമാണ്.

ലോകസമാധാന സന്ദേശങ്ങളുമായി 54 രാജ്യങ്ങളിൽ 43 വർഷമായി സഞ്ചരിക്കുന്ന ഈ അനുഗ്രഹീത സമാധാന പ്രേഷിതൻ അനേകം ജീവിതങ്ങളെ അനുഭവങ്ങളും അറിവുകളും പങ്കുവെച്ചും കൗൺസിലിങ്ങിലൂടെയും സമാധാന ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്നിട്ടുണ്ട് .

2nd July - **National Anisette Day**
National Anisette Day is observed on 2nd July every year and is popular in Spain, Italy, Portugal, and France. Let us tell you that Anisette is an anise-flavoured liquor that is made by distilling aniseed and sometimes made by adding sugar.

3rd July - **National Fried Clam Day**
National Fried Clam Day is celebrated every year on the 3rd of July. Fried clam is the process of deep-frying the clams after being coated in the bread crumbs and stripping them further. This is a traditional way to prepare fried crumbs.

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് സാൻ അന്റോണിയോ ജെറിൻ കുര്യൻ പടപ്പൻമാക്കിൽ പ്രസിഡന്റ്, ഷിന്റോ തോമസ് വള്ളിയോടത്ത് സെക്രട്ടറി






– സണ്ണി മാളിയേക്കൽ

സാൻ അന്റോണിയോ: ഇന്ത്യ പ്രസ് ക്ലബ് ഓഫ് സാൻ അന്റോണിയോ 2024-2026 ഭാരവാഹികളായി പ്രസിഡന്റ് ജെറിൻ കുര്യൻ പടപ്പൻമാക്കിൽ, സെക്രട്ടറി ഷിന്റോ തോമസ് വള്ളിയോടത്ത്, ട്രഷറർ ബിനു ജോർജ്ജ് പാമ്പക്കൽ, വൈസ് പ്രസിഡന്റ് മനോജ് മാത്യു മാന്തുരുത്തിൽ എന്നിവരെ തിരഞ്ഞെടുത്തു.

മാധ്യമ രംഗത്ത് സ്തുത്യർഹ സേവനം അനുഷ്ഠിക്കുന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് സാൻ അന്റോണിയോയുടെ കോർഡിനേറ്റർ ജെറിൻ കുര്യൻ പടപ്പൻമാക്കിലിന്റെ അധ്യക്ഷതയിൽ ജൂൺ 17 ഞായറാഴ്ച വൈകുന്നേരം സൂം പ്ലാറ്റ്ഫോമിൽ ചേർന്ന സാൻ അന്റോണിയോയിലെ മാധ്യമ പ്രവർത്തകരുടെ യോഗത്തിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

ടെക്സാസിലെ സാൻ അന്റോണിയോയിൽ താമസിക്കുന്ന വൈസ് പ്രസിഡന്റ് കുര്യൻ പടപ്പൻമാക്കിൽ, 15-ാമത് കെസിസിഎൻഎ കൺവെൻഷൻ ചെയർമാനായും, സാൻ അന്റോണിയോ സ്പൈക്കേഴ്സ് വോളിബോൾ ടീമിന്റെയും സാൻ അന്റോണിയോ ബീറ്റ്സ് ചെണ്ട ടീമിന്റെയും ക്യാപ്റ്റനായും പ്രവർത്തിക്കുന്നു. സാൻ അന്റോണിയോയിലെ മെഡിക്കൽ ജീവനക്കാരനായ വൈസ് പ്രസിഡന്റ് മാധ്യമങ്ങളിൽ ആനുകാലിക വിഷയങ്ങളെ അപഗ്രഥിക്കുന്നതിനും സോഷ്യൽ മീഡിയയിലെ സജീവ സാന്നിധ്യവുമാണ്.

ഷിന്റോ തോമസ് വള്ളിയോടത്ത് സാൻ അന്റോണിയോ ഇന്ത്യൻ കമ്മ്യൂണിറ്റിയിൽ വളരെക്കാലമായി സജീവമായി ഇടപെടുന്ന ദീർഘവീക്ഷണമുള്ള ഒരു നേതാവാണ്. സാൻ അന്റോണിയോ യുണൈറ്റഡ് മലയാളി അസോസിയേഷൻ, സാൻ അന്റോണിയോ ഇന്ത്യൻ നഴ്സസ് അസോസിയേഷൻ, ആരതി സ്കൂൾ ഓഫ് ഇന്ത്യൻ ഡാൻസ് ഡയറക്ടർ ബോർഡ് എന്നീ സ്ഥാനങ്ങൾ വഹിക്കുന്നു. ഷിന്റോ കഴിഞ്ഞ 10 വർഷമായി പ്രാദേശിക വിവർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിനും മുൻപന്തിയിൽ തന്നെയുണ്ട്.

ബിനു ജോർജ്ജ് പാമ്പക്കൽ പ്രാദേശിക ഇന്ത്യൻ സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയ ഇടപെടലുകളുള്ള ഒരു നേതാവാണ്. വർഷങ്ങളായി, സാൻ അന്റോണിയോ മലയാളി അസോസിയേഷന്റെ (സുമ) പ്രസിഡന്റ് ഉൾപ്പെടെ നിരവധി സ്വാധീനമുള്ള സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. 30 വർഷമായി ഫ്ലോറിഡയിലെ മലയാളി സമൂഹത്തിലും അദ്ദേഹത്തിന് കാര്യമായ ഇടപെടൽ ഉണ്ടായിരുന്നു. തന്റെ പ്രൊഫഷണൽ ജീവിതത്തിനിടയിലും മലയാള ഭാഷയെ സ്നേഹിക്കുന്നതിലും മാധ്യമ രംഗത്ത് തന്റെ സാന്നിധ്യം അറിയിക്കുന്നതിലും ശ്രദ്ധ ചെലുത്തുന്നു.

സാൻ അന്റോണിയോ ആസ്ഥാനമായി പ്രവർത്തിക്കുന്ന മനോജ് മാന്തുരുത്തിൽ വിവിധ സംഘടനകളിലെ സജീവമായ ഇടപെടലുകൾക്ക് പേരുകേട്ട ഒരു മികച്ച സംഘാടകനാണ്. ഇന്ത്യൻ അസോസിയേഷൻ ഓഫ് സാൻ അന്റോണിയോയിലെ എക്സിക്യൂട്ടീവ് അംഗങ്ങളിൽ ഒരാളാണ്.

യുഎസിലെ ആശയവിനിമയ, വാർത്താ മാധ്യമ മേഖലയിൽ വിലയേറിയ സംഭാവനകൾ നൽകിയവർ ഒത്തുചേരുന്ന വേദിയായിട്ടാണ് സംഘാടകർ ഇതിനെ വിശേഷിപ്പിച്ചത്. 'പ്രവാസി പത്രപ്രവർത്തകർ, വ്ളോഗർമാർ, സോഷ്യൽ മീഡിയ പ്രവർത്തകർ, എഴുത്തുകാർ, സ്വന്തം രാഷ്ട്രീയ ബോധ്യമുള്ളവർ തുടങ്ങിയവരുടെ രചനകൾക്ക് അച്ചടി, ദൃശ്യ മാധ്യമങ്ങളിൽ ഇടം കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

പ്രമുഖ മാധ്യമ പ്രവർത്തകരായ സണ്ണി മാളിയേക്കൽ (ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രസിഡന്റ്), പി പി ചെറിയാൻ, വൈസ് പ്രസിഡന്റ് സിജു വി ജോർജ്, ഇന്ത്യ പ്രസ് ക്ലബ് ഓഫ് ഫ്ലോറിഡാ പ്രസിഡന്റ് സജി കരിമ്പന്നൂർ എന്നിവർ പുതിയ ഭാരവാഹികളെ അനുമോദിച്ചു.

# അമേരിക്കൻ അതിഭദ്രാസന അവാർഡ് നിശ 17ന്

## നോമിഷൻ ജൂലൈ 5നകം തന്നെ സമർപ്പിക്കണം

– ജോർജ് കറുത്തേടത്ത്

അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ 35മത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് 2024 ജൂലൈ 17ാം തീയതി വൈകിട്ട് 7.30ന് അമേരിക്കനാ കോൺഫറൻസ് റിസോർട്ട് സ്പാ & വാട്ടർ പാർക്ക്, നയാഗ്രാ ഫോൾസ്, ഒന്റാരിയോ, കാനഡയിൽ വച്ച്, കോൺഫറൻസ് ഉദ്ഘാടന വേദിയിൽ ഇന്ത്യയിലെ തന്നെ മികച്ച മീഡിയാ ചാനലായ ഏഷ്യാനെറ്റ് ന്യൂസുമായി സഹകരിച്ച് 'അവാർഡ് നൈറ്റ്' സംഘടിപ്പിക്കുന്നു

അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ ചരിത്രത്തിന്റെ ഏടുകളിൽ എന്നെന്നും സ്മരിക്കപ്പെടുന്ന ഈ സുവർണ്ണ അവസരത്തിൽ ആതുര സേവന രംഗത്ത് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അമേരിക്കയിലേയും കാനഡയിലേയും പ്രമുഖ വ്യക്തികളിൽ നിന്നും, അതോടൊപ്പം തന്നെ അതിഭദ്രാസനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും, ആത്മീയ ഉന്നമനത്തിനുമായി നിസ്തുലമായ സേവനം അനുഷ്ഠിച്ച പ്രമുഖരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളെയാണ് ആദരിക്കുന്നത്.

യൂത്ത് ഐക്കൺ അവാർഡ്, കമ്യൂണിറ്റി സർവീസ് എക്സലൻസ് അവാർഡ്, എക്സലൻസ് ഇൻ ഹെൽത്ത് കെയർ അവാർഡ്, സ്പെഷൽ ജൂറി അവാർഡ്സ് എന്നീ ഇനങ്ങളിലായിരിക്കും അവാർഡുകൾ നൽകുന്നത്. ഭദ്രാസനത്തിന്റെ ആത്മീയ വളർച്ചയ്ക്കൊപ്പം തന്നെ സമൂഹമധ്യത്തിൽ സഭാംഗങ്ങൾക്കുള്ള ബന്ധം കൂടുതൽ ദൃഢപ്പെടുത്തുന്നതിനുള്ള ഒരു അവസരം ഉണ്ടാക്കുകയെന്നതും ഈ പ്രോഗ്രാമിന്റെ പ്രഥമ ലക്ഷ്യമാണ്. അതുപോലെ തന്നെ സമൂഹത്തിന്റെ വിവിധ പ്രവർത്തനമേഖലകളിൽ സ്തുത്യർഹമാംവിധം സേവനം അനുഷ്ഠിച്ചവരെ ആദരിക്കുകവഴി വരും തലമുറയ്ക്ക് ഒരു പ്രചോദനവും മാതൃകയുമാകുന്നതിനുള്ള ഒരു വേദിയൊരുക്കുക എന്നതും ഈ പ്രോഗ്രാമിന്റെ മറ്റൊരു സവിശേഷതയാണ്.

ലോകം മുഴുവൻ സംപ്രേഷണം ചെയ്യുന്ന ഈ പരിപാടിയിൽ സ്പോൺസർഷിപ്പ് നൽകുന്നവർക്ക് അവരുടെ പരസ്യ വിവരം ഏഷ്യാനെറ്റ് ചാനലിലൂടെ ടെലികാസ്റ്റ് ചെയ്യുന്നതിനും, ബിസിനസ് ലോഗോ സമ്മേളന വേദിയിൽ പ്രദർശിപ്പിക്കുന്നതിനും അവസരം ലഭിക്കുന്നു.

സ്പോൺസർഷിപ്പ് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്: റവ.ഫാ. ജെറി ജേക്കബ് (845 519 9669), ജിതു ദാമോദർ (647 936 2464), ജെനു മഠത്തിൽ (647 857 1655), ജോജി കാവനാൽ (+1 914 409 5385) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

അവാർഡിനായി നോമിനേറ്റ് ചെയ്യുന്നവരുടെ പേരുവിവരം ജൂലൈ 5നകം തന്നെ സമർപ്പിക്കേണ്ടതും തെരഞ്ഞെടുക്കപ്പെട്ടവരെ ജൂലൈ 10ാം തീയതി ഏഷ്യാനെറ്റ് ന്യൂസ് ചാനൽ നേരിട്ട് അറിയിക്കുന്നതുമാണ്. അവാർഡ് ഏറ്റുവാങ്ങുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്നവർ നേരിട്ട് തന്നെ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കേണ്ടതാണ്. അമേരിക്കൻ മലങ്കര പി.ആർ.ഒ കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.

## എബ്രഹാം ഫിലിപ്പ്, സി.പി.എ. ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് മത്സരിക്കുന്നു

– മാത്യുക്കുട്ടി ഈശോ



ന്യൂയോർക്ക്: ലോങ്ങ് ഐലൻഡിലെ മുൻനിര സി. പി. എ ആയ എബ്രഹാം ഫിലിപ്പ് ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് മത്സരിക്കുന്നതിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. ന്യൂയോർക്കിലെ പ്രമുഖ മലയാളി സംഘടനയായ കേരളാ സെൻറർ എക്സിക്യൂട്ടീവ് കമ്മറ്റിയാണ് ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് എബ്രഹാം ഫിലിപ്പിനെ എൻ ഡോഴ്സ് ചെയ്തിരിക്കുന്നത്. ഫോമാ സ്ഥാപിതമായ വർഷം മുതൽ ഫോമായിൽ സജീവമായി പ്രവർത്തിക്കുന്ന വ്യക്തിയാണ് എബ്രഹാം ഫിലിപ്പ്. ഫോമായുടെ ആരംഭകാലമായ 2008 മുതൽ 2018 വരെ പത്തു വർഷക്കാലം ഫോമായുടെ ഓഡിറ്റർ ആയി അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.

'വളരെ വിശ്വസ്തതയോടും അർപ്പണ മനോഭാവത്തോടെയും ഏറ്റെടുക്കുന്ന പ്രവർത്തികളെല്ലാം സമയബന്ധിതമായി ചെയ്യാൻ താൽപ്പര്യം കാണിക്കുന്ന വ്യക്തിയാണ് എബ്രഹാം ഫിലിപ്പ്. കേരളാ സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായി അദ്ദേഹം ദീർഘകാലമായി സേവനം ചെയ്യുന്നു. അതോടൊപ്പം വർഷങ്ങളായി കേരളാ സെന്ററിന്റെ അക്കൗണ്ടുകൾ മുഴുവൻ കൈകാര്യം ചെയ്യുകയും യഥാ സമയം ഓഡിറ്റ് ചെയ്ത് ഐ.ആർ.എസിനു സമർപ്പിക്കുകയും ചെയ്യുന്ന വ്യക്തികൂടിയാണ് എബ്രഹാം. അക്കൗണ്ട് സംബന്ധമായ പ്രസ്തുത സേവനങ്ങളെല്ലാം സൗജന്യമായാണ് അദ്ദേഹം ചെയ്യുന്നത് എന്നതാണ് പ്രത്യേകത. സേവന മനസ്ഥിതിയുള്ള ഫിലിപ്പ് ഫോമായ്ക്ക് നല്ല ഒരു മുതൽക്കൂട്ടായിരിക്കും എന്നതിനാലാണ് കേരളാ സെൻറർ അദ്ദേഹത്തെ ഫോമാ നാഷണൽ കമ്മറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നത്. വോട്ടവകാശമുള്ള എല്ലാ ഫോമാ അംഗങ്ങളും കക്ഷിഭേദമെന്യേ എബ്രഹാം ഫിലിപ്പിന് വോട്ട് ചെയ്ത് അദ്ദേഹത്തെ നാഷണൽ കമ്മറ്റി അംഗമാക്കി ഫോമായ്ക്ക് ഒരു മുതൽക്കൂട്ടാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കേരളാ സെൻറർ പ്രസിഡൻറ് അലക്സ് എസ്തപ്പാൻ ന്യൂയോർക്കിൽ പ്രസ്താവിച്ചു.

ന്യൂയോർക്ക് മെട്രോ റീജിയന്റെ ദീർഘ കാല സജീവ പ്രവർത്തകനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കയ്യഴിഞ്ഞു സഹായിക്കുന്ന വ്യക്തിയുമാണ് എബ്രഹാം ഫിലിപ്പ്. ഫോമായിലൂടെയും മറ്റ് പല സംഘടനകളിലൂടെയും അദ്ദേഹം നേരിട്ടും ജന്മനാട്ടിൽ ധാരാളം കാരുണ്യ പ്രവർത്തനങ്ങൾക്ക് സഹായം നൽകിവരുന്നു. ഫോമായിൽ ലഭിക്കുന്ന സാമ്പത്തിക ഫണ്ടുകൾ യഥാവിധി അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനും അനുയോജ്യമായ വിധം ഉപയോഗിച്ച് ഫണ്ടുകളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിനും എബ്രഹാം ഫിലിപ്പിന്റെ സേവനം ഫോമായ്ക്ക് അനിവാര്യമാണ്. ഫോമാ ഏതു പ്രോജെക്ടുകൾ മുൻപോട്ടു കൊണ്ടുവന്നാലും അതിന്റെ ആവശ്യകത ശരിയാം വിധം വിശകലനം ചെയ്ത് അതിന്റെ ഗുണഗണങ്ങൾ ഉപഭോക്താവിന് ഉചിതമായി ലഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതിനും നടപ്പിലാക്കുന്നതിനും എബ്രഹാമിനെപ്പോലെ വിദഗ്ധരുടെ സേവനം ഫോമായ്ക്ക് അത്യാവശ്യമാണ്. അതിനാൽ ഫോമായുടെ നല്ല ഭാവിയെ മുൻ നിർത്തി എബ്രഹാം ഫിലിപ്പിനെ ഫോമാ നാഷണൽ കമ്മറ്റി അംഗമായി തെരഞ്ഞെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

## ഇന്റർനാഷണൽ സ്പേസ് ഒളിമ്പ്യാഡിന് 15 വരെ അപേക്ഷിക്കാം

സ്കൂൾ വിദ്യാർത്ഥികളിൽ ബഹിരാകാശ അവബോധം വളർത്തുന്നതിനും ശാസ്ത്ര തല്പരരായ പ്രതിഭകളെ കണ്ടെത്തുന്നതിനുമായി നടത്തുന്ന ഇന്റർനാഷണൽ സ്പേസ് ഒളിമ്പ്യാഡിന് 2024 ജൂലായ് 15 വരെ അപേക്ഷിക്കാം.

5 മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രായമനുസരിച്ച് ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നീ വിഭാഗങ്ങളിൽ മത്സരിക്കാം. സ്പേസ് സയൻസ് വിഷയങ്ങളെ ആസ്പദമാക്കിയാണ് ഒളിമ്പ്യാഡ് നടത്തപ്പെടുന്നത്. ഒളിമ്പ്യാഡിൽ ഓരോ വിഭാഗത്തിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിക്ക് സൗജന്യമായി നാസ സന്ദർശിക്കാൻ അവസരം ലഭിക്കും. അത്യാധുനിക സോഫ്റ്റ് വെയറുകളുടെ സഹായത്താൽ നൂറുശതമാനം ഓൺലൈൻ ആയാണ് അന്താരാഷ്ട്ര തലത്തിൽ ഒളിമ്പ്യാഡ് നടത്തുന്നത്.

രജിസ്ട്രേഷന്
www.internationalspaceolympiad.com

4 July - **USA Independence Day**
Independence Day USA is celebrated on 4 July. The United States Independence Day is also known as the Fourth of July or the Fourth. This day commemorates the adoption of the Declaration of Independence on 4 July 1776 from the Kingdom of Great Britain.

## എസ്.എം.സി.സി. ഫാമിലി കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് ചെയ്തു



– ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്.എം.സി.സി.) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്റ്റംബർ 27 മുതൽ 29 വരെ ഫാമിലി കോൺഫറൻസിന്റെ രജിസ്ട്രേഷൻ ദേശീയ തലത്തിൽ ഫിലാഡൽഫിയയിൽ നടന്നു. സീറോമലബാർ കുടുംബസംഗമത്തിന്റെ രജിസ്ട്രേഷൻ ചിക്കാഗൊ സീറോമലബാർ രൂപതയുടെ ചാൻസലറും, ഫിലാഡൽഫിയ സീറോമലബാർ ഇടവക വികാരിയുമായ റവ.ഡോ.ജോർജ് ദാനവേലിൽ കോൺഫറൻസ് ചെയർപേഴ്സൺ ജോർജ് മാത്യുവിൽനിന്നും ആദ്യരജിസ്ട്രേഷൻ സ്വീകരിച്ചുകൊണ്ട് കിക്ക് ഓഫ് ചെയ്തു.

തുടർന്ന് കോചെയർപേഴ്സൺ ഡോ.ജയിംസ് കുറിച്ചി, സെക്രട്ടറി ജോസ് മാളേയ്ക്കൽ, ട്രഷറർ ജോർജ് വി. ജോർജ്, നാഷണൽ കോർഡിനേറ്റർ ജോജോ കോട്ടൂർ, ഇടവക കൈക്കാരന്മാർ, സബ്കമ്മിറ്റി ചെയർപേഴ്സൺസ്, ഇടവകാംഗങ്ങൾ എന്നിവരും സ്റ്റാറ്റൻ ഐലന്റ് സീറോമലബാർ മിഷനിൽനിന്നുള്ള തോമസ് തോമസ് പാലാത്ര, സൗത്ത്ജേഴ്സി സീറോമലബാർ ഇടവകയിൽ നിന്നും അനീഷ് ജയിംസ് എന്നിവരും രജിസ്ട്രേഷനുകൾ നൽകി. ആദ്യദിവസം തന്നെ അമ്പതിലധികം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തു.

കോൺഫറൻസ് രജിസ്ട്രേഷൻ സംബന്ധിച്ച എല്ലാവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

വെബ്സൈറ്റ്: www.smccjubilee.org

ആകർഷകമായ പാക്കേജുകൾ രജിസ്ട്രേഷന് ലഭ്യമാണ്. കോൺഫറൻസിന് രജിസ്റ്റർ ചെയ്യുന്നതിന് ജൂബിലി വെബ്സൈറ്റുവഴി സാധിക്കും.

ചിക്കാഗൊ സെന്റ് തോമസ് സീറോമലബാർ രൂപതാ ബിഷപ് മാർ ജോയ് ആലപ്പാട്ടിന്റെ ആത്മീയനേതൃത്വത്തിൽ നടന്ന ദേശീയ കുടുംബസംഗമം വടക്കേ അമേരിക്കയിലെ സീറോമലബാർ കത്തോലിക്കരുടെ ഏറ്റവും വലിയ ഒത്തുചേരലായിരിക്കും. അമേരിക്കയിലെ എല്ലാ സീറോമലബാർ ഇടവകകളുടെയും, മിഷനുകളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന ഈ കുടുംബ സംഗമത്തിൽ സഭാപിതാക്കന്മാരും, വൈദികരും, സന്യസ്തരും, അത്മായനേതാക്കളും, അമേരിക്കയിലെ എല്ലാ സീറോമലബാർ ഇടവകകളിൽനിന്നുമുള്ള കുടുംബങ്ങളും പങ്കെടുക്കും. മൂന്നുദിവസത്തെ സമ്മേളനത്തോടനുബന്ധിച്ച് എല്ലാദിവസവും ആഘോഷമായ ദിവ്യബലി, യുവജനസമ്മേളനം, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, നസ്രാണിതനിമയിലുള്ള പൈതൃകഘോഷയാത്ര, ദാമ്പത്യജീവിതത്തിൽ 25/50 വർഷങ്ങൾ പിന്നിട്ട ദമ്പതികളെ ആദരിക്കൽ, മതാദ്ധ്യാപകസംഗമം, ബൈബിൾ സ്കിറ്റ് മൽസരം, ബാങ്ക്വറ്റ് എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

കുടുംബമേളക്ക് ആതിഥ്യമരുളുന്നതിനുള്ള നിയോഗം 1999ൽ അമേരിക്കയിലെ ആദ്യത്തെ സീറോമലബാർ നാഷണൽ കൺവൻഷനും, 2009 ൽ എസ്. എം. സി. സിയുടെ ദശവൽസരാഘോഷങ്ങളും വൻജനപങ്കാളിത്തത്തോടെ നടത്തി മാതൃകയായ ഫിലാഡൽഫിയായ്ക്കു തന്നെ.

ബിഷപ് മാർ ജോയ് ആലപ്പാട്ട് മുഖ്യ രക്ഷാധികാരിയും, എസ്.എം.സി.സി. നാഷണൽ സ്പിരിച്വൽ ഡയറക്ടർ റവ.ഫാ. ജോർജ് എളംബാശേരിൽ; ആതിഥേയ ഇടവകവികാരിയും, എസ്.എം.സി.സി. ഫിലാഡൽഫിയ ചാപ്റ്റർ സ്പിരിച്വൽ ഡയറക്ടറുമായ റവ. ഡോ. ജോർജ് ദാനവേലിൽ എന്നിവർ രക്ഷാധികാരികളും; ജോർജ് മാത്യു സി.പി.എ ചെയർമാനുമായി രൂപീകരിച്ചിട്ടുള്ള വിപുലമായ ജൂബിലി കമ്മിറ്റിയിൽ എസ്. എം. സി. സി. നാഷണൽ കമ്മിറ്റി അംഗങ്ങളും, റീജിയണൽ കോർഡിനേറ്റർമാരും, ഉപദേശകസമിതിയംഗങ്ങളും ഉൾപ്പെടുന്നു.

1970 കളിൽ അമേരിക്കയിലെ വിവിധ നഗരങ്ങളിൽ കുടിയേറി പ്രതികൂല സാഹചര്യങ്ങളും, തികച്ചും വ്യത്യസ്തമായ ജീവിതരീതികളും, ജോലിസാഹചര്യങ്ങളും ധീരമായി തരണം ചെയ്ത്, പൈതൃകമായി ലഭിച്ച തങ്ങളുടെ അചഞ്ചലമായ വിശ്വാസം കൈവിടാതെ മക്കളെ വിശ്വാസത്തിൽ നല്ലരീതിയിൽ വളർത്തി അവിടങ്ങളിലെ സീറോമലബാർ സമൂഹങ്ങളുടെ ഉന്നമനത്തിനും, പടിപടിയായുള്ള വളർച്ചയ്ക്കും തുടർന്ന് സീറോമലബാർ പള്ളികളുടെ സ്ഥാപനത്തിനും, വളർച്ചയ്ക്കും വളരെയധികം സംഭാവനകൾ നൽകി ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന സീറോമലബാർ കാരണവന്മാരെ ഈ കോൺഫറൻസിൽ ആദരിക്കും എന്നുള്ളത് മറ്റൊരു പ്രത്യേകതയാണ്.

കൂടുതൽ വിവരങ്ങൾക്ക് ജോർജ് മാത്യു സി.പി.എ. +1 267 549 1196, ജോസ് മാളേയ്ക്കൽ +1 215 873 6943, ഡോ. ജയിംസ് കുറിച്ചി +1 856 275 4014, സിബിച്ചൻ ചെമ്പ്ളായിൽ, രജിസ്ട്രേഷൻ ചെയർ പേഴ്സൺ +1 215 869 5604 എന്നിവരുമായി ബന്ധപ്പെടുക.

ഫോട്ടോ: ജോസ് തോമസ്

## ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷന്റെ ഗോൾഫ് ടൂർണമെന്റ് 13ന്

ഷിക്കാഗോ: അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനീയേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിന്റെ ഈ വർഷത്തെ ചാരിറ്റി ഗോൾഫ് ടൂർണമെന്റ് നേപ്പർ വില്ലായിലുള്ള സ്പ്രിംഗ് ബ്രൂക്ക് ഗോൾഫ് ക്ലബിൽ വച്ച് നടത്തുമെന്ന് എ.എ.ഇ.ഐ.ഒ പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസ് അറിയിച്ചു.

ഈ ടൂർണമെന്റിൽ വിജയിക്കുന്നവർക്ക് വിവിധ സമ്മാനങ്ങൾ ലഭിക്കുന്നതാണെന്ന് എ.എ.ഇ.ഐ.ഒ ചാരിറ്റിയുടെയും ഗോൾഫ് ടൂർണമെന്റിന്റേയും ചെയർമാനും പാൻ ഓഷ്യാനിക് കോർപ്പറേഷൻ സി.ഇ.ഒയുമായ ഗാൻസാർ സിംഗ് അറിയിച്ചു.

ഗോൾഫ് ടൂർണമെന്റ് ആരംഭിക്കുന്നത് ഉച്ചകഴിഞ്ഞ് 12.30നാണ്. അതിനുശേഷം ഡിന്നർ, ബിസിനസ് നെറ്റ് വർക്കിംഗ്, അവാർഡ് സെറിമണി, വിവിധ കലാപരിപാടികൾ എന്നിവ വൈകിട്ട് 6.30ന് ആരംഭിക്കുന്നതാണെന്ന് എ.എ.ഇ.ഐ.ഒ സെക്രട്ടറി നാഗ് ജയ് സ്വാൾ അറിയിച്ചു.

ടൂർണമെന്റിൽ നിന്ന് ലഭിക്കുന്ന മുഴുവൻ തുകയും സംഘടനയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമെന്ന് ബോർഡ് മെമ്പറും പ്രോബിസ് കോർപറേഷൻ പ്രസിഡന്റുമായ ഡോ. പ്രമോദ് വോറ അറിയിച്ചു.

ഗോൾഫ് ടൂർണമെന്റ് ഇന്ത്യൻ കോൺസൽ ജനറൽ സോമനാഥ് ഘോഷ് ഉദ്ഘാടനം ചെയ്യും. മറ്റ് പ്രമുഖ വ്യക്തികളും പങ്കെടുക്കും.

ഡിന്നറും എന്റർടൈൻമെന്റ് പരിപാടികളും നേപ്പർ വില്ലായിലുള്ള ഗോൺഗണ്ട ബാങ്ക്വറ്റ് ഹാളിൽ വച്ചായിരിക്കും നടക്കുക. എല്ലാവരേയും ഈ ചാരിറ്റി ബാങ്ക്വറ്റിലേക്ക് സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു. sbrbsmago@gmail.com

# ഇരട്ട പൗരത്വത്തിനുള്ള തോമസ് ടി ഉമ്മന്റെ ആഹ്വാനത്തിന് പ്രവാസി സംഘടനകളുടെ പിന്തുണ : ആർ. ജയചന്ദ്രൻ




ന്യൂയോർക്ക്: ഇന്ത്യയുടെ അയൽ രാജ്യങ്ങളായ പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും പൗരന്മാർക്ക് ചുരുക്കം നിയന്ത്രണങ്ങൾക്ക് വിധേയമായി അമേരിക്കയിൽ ഇരട്ട പൗരത്വമുണ്ട്. എന്നാൽ ഇന്ത്യാക്കാർക്ക് മാത്രം അതില്ല.

ഈ സാഹചര്യത്തിലാണ് പ്രവാസി ഇന്ത്യക്കാർക്ക് ഇരട്ട പൗരത്വം ലഭിക്കണമെന്ന ആവശ്യവുമായി തോമസ് ടി. ഉമ്മൻ രംഗത്തു വരുന്നത്. ഇതിനായി അദ്ദേഹം കേന്ദ്ര സർക്കാരിന് പലവട്ടം നിവേദനങ്ങൾ നൽകി. ഇപ്പോൾ മറ്റ് പ്രവാസി സംഘടനകളും ഈ ആവശ്യത്തെ പിന്തുണക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഫോമാ നേതാവും സാമൂഹ്യ പ്രവർത്തകനുമായ തോമസ് ടി ഉമ്മൻ അറിയിച്ചു.

കേന്ദ്ര സർക്കാർ പ്രവാസികൾക്ക് ഇരട്ട പൗരത്വം നൽകുന്നതിനെപ്പറ്റി പഠനങ്ങൾ തുടങ്ങിയിട്ട് കാലങ്ങളായി. ഈ അടുത്ത കാലത്തായി ഇന്ത്യൻ വിദേശകാര്യ മന്ത്രി ജയശങ്കർ ഈ വിഷയത്തോട് അനുഭാവപൂർണ്ണമായ നയമാണ് സ്വീകരിക്കുന്നത്. ഇത് എല്ലാ പ്രവാസികൾക്കും ആശയ്ക്ക് വക നൽകുന്നു.

ഭരണഘടനാ ഭേദഗതി ആവശ്യമുള്ള കാര്യമാണ് ഇതെങ്കിലും ഇതിനു അംഗീകാരം ലഭിക്കുക പ്രയാസമാവില്ല. രാജ്യസുരക്ഷയെ മുൻ നിർത്തിയാണ് ഈ ആവശ്യത്തിന് പലപ്പോഴും ഗവൺമെന്റ് എതിര് നിന്നത്. എന്നാൽ കേന്ദ്ര മന്ത്രിയുടെ അടുത്ത കാലത്തെ പ്രസ്താവന എല്ലാ പ്രവാസി സംഘടനകൾക്കും പ്രതീക്ഷ നൽകുന്നുവെന്ന് തോമസ് ടി ഉമ്മൻ അറിയിച്ചു.

കഴിഞ്ഞ നാല്പതിലേറെ വർഷമായി അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിനും വിശിഷ്യ കേരള സമൂഹത്തിനും വേണ്ടി സേവനമനുഷ്ഠിക്കുന്ന തോമസ് ടി ഉമ്മൻ ദീർഘകാലമായി ഉന്നയിക്കുന്ന ഒരു വിഷയമാണ് ഇരട്ട പൗരത്വം. അഞ്ച് വർഷം ഓ സി ഐ കാർഡ് ഉള്ളവർക്ക് ഇരട്ട പൗരത്വം നൽകുന്ന നടപടി ഉടൻ കേന്ദ്ര സർക്കാർ തുടങ്ങണമെന്ന ആവശ്യം കഴിഞ്ഞയാഴ്ച്ച ഒരു ഹിന്ദി ചാനലിന് നൽകിയ അഭിമുഖത്തിലും ആവർത്തിച്ചു. ഈ ആവശ്യത്തെ നിരവധി ഇന്ത്യൻ സംഘടനകൾ താല്പര്യപൂർവം പിന്തുണച്ചതോടെ ഈ ആവശ്യം ശക്തിപ്പെടുകയാണ്.

അമേരിക്കയിൽ കുടിയേറിയവർ തങ്ങളുടെ നിലനിൽപ്പിന് വേണ്ടി അമേരിക്കൻ പൗരത്വം സ്വീകരിക്കുക സ്വാഭാവികമാണ്. കുടുംബമായി അമേരിക്കയിൽ തുടരുന്ന പലർക്കും ജൻമനാട്ടിലേക്ക് പോകാൻ വിസ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടായി. ഇതു സംബന്ധിച്ച ചർച്ചകൾ വർഷങ്ങൾക്ക് മുൻപേ തുടങ്ങി വെച്ച വ്യക്തിയാണ് തോമസ് ടി ഉമ്മൻ. ഇന്ത്യൻ വിദേശകാര്യ വകുപ്പുമായി ബന്ധപ്പെട്ടു നൽകിയ പല നിവേദനങ്ങളും കാര്യമായ ഫലം കാണുന്നവയായിരുന്നില്ല. എങ്കിലും പിഐഐ കാർഡും പിന്നീട് ഒസിഐ കാർഡും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായി.

ഇപ്പോൾ ഇരട്ടപൗരത്വം പൊതുചർച്ചയ്ക്ക് വന്നതും അദ്ദേഹത്തിന്റെ പ്രസ്താവനയ്ക്ക് ശേഷമാണ്. അഞ്ചു വർഷമായി ഓ.സി.ഐ കാർഡുള്ളവർക്ക് ഇരട്ട പൗരത്വം നൽകാമെന്ന പ്രായോഗികമായ ഒരു നിർദേശമാണ് അദ്ദേഹം ഇപ്പോൾ മുന്നോട്ടു വയ്ക്കുന്നത്.

അമേരിക്കൻ മലയാളികളുടെ നിരവധി പ്രശ്നങ്ങളിൽ ഒരു സുഹൃത്തിനെ പോലെ ഒപ്പം നിന്ന് പ്രവർത്തിക്കുന്ന തോമസ് ടി ഉമ്മൻ നയിക്കുന്ന ടീം ഫോമാ 2024-2026 കാലയളവിൽ നിരവധി പദ്ധതികളാണ് മുന്നോട്ട് വയ്ക്കുന്നത് . അതിനായി ഫോമാ പ്രവർത്തകരും അമേരിക്കൻ മലയാളികളും പിന്തുണയ്ക്കണമെന്നു അദ്ദേഹം അഭ്യർത്ഥിച്ചു.

ഇരട്ട പൗരത്വം എന്ന അമേരിക്കൻ മലയാളികളുടെ ദീർഘകാല ആവശ്യത്തിന്, അത് നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ എപ്പോഴും സമ്മർദ്ദം ചെലുത്തുവാൻ ഒരേ മനസോടെ അമേരിക്കൻ മലയാളികൾ പ്രവർത്തിക്കണമെന്ന് തോമസ് ടി ഉമ്മനൊപ്പം മത്സരിക്കുന്ന സാമുവൽ മത്തായി (ജനറൽ സെക്രട്ടറി), ബിനൂബ് ശ്രീധരൻ (ട്രഷറർ), സണ്ണി കല്ലൂപ്പാറ (വൈസ് പ്രസിഡന്റ്), ഡോ. പ്രിൻസ് നെച്ചിക്കാട് (ജോ സെക്രട്ടറി), അമ്പിളി സജിമോൻ (ജോ. ട്രഷറർ) തുടങ്ങിയവരും മറ്റ് സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നവരും അഭ്യർത്ഥിച്ചു.

# അന്താരാഷ്ട്ര യോഗ ദിനം: ഇന്ത്യൻ എംബസി യോഗ സെഷൻ സംഘടിപ്പിച്ചു



**- പി പി ചെറിയാൻ**

വാഷിംഗ്ടൺ, ഡിസി: അന്താരാഷ്ട്ര യോഗ ദിനത്തിന്റെ പത്താം വാർഷികത്തിനു മുന്നോടിയായി ഇന്ത്യൻ എംബസി യോഗ സെഷൻ സംഘടിപ്പിച്ചു.

യുഎസിലെ ഇന്ത്യൻ എംബസിയിലെ ഡെപ്യൂട്ടി അംബാസഡർ ശ്രീപ്രിയ രംഗനാഥന്റെ നേതൃത്വത്തിൽ ജൂൺ 19 ന് വാർഫിൽ ഒരു വലിയ ജനക്കൂട്ടം തടിച്ചുകൂടി.

ഇന്ത്യ യോഗയെ കേന്ദ്ര ഘട്ടത്തിലെത്തിച്ചിട്ടുണ്ടെന്ന് അവർ തന്റെ പരാമർശത്തിൽ പറഞ്ഞു. യോഗയുടെ ശക്തി തിരിച്ചറിയുന്നതിനും യോഗയ്ക്ക് നമ്മുടെ ജീവിതത്തിന് എങ്ങനെ മൂല്യം നൽകാമെന്നും യോഗ എങ്ങനെയാണെന്നും തിരിച്ചറിയാൻ നാം ഒത്തുചേരുന്ന ഒരു ദിനമാക്കി മാറ്റുന്നതിലും ഇന്ത്യ വഹിച്ച പങ്ക് വളരെ വലുതാണ്- അവർ പറഞ്ഞു.

2014ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ചതിനെത്തുടർന്ന് 2015 മുതൽ എല്ലാ വർഷവും ജൂൺ 21ന് ലോകമെമ്പാടും അന്താരാഷ്ട്ര യോഗ ദിനം ആഘോഷിക്കുന്നു-ശ്രീപ്രിയ രംഗനാഥൻ ചൂണ്ടിക്കാട്ടി. ഇതൊരു പുരാതന പാരമ്പര്യമാണ്. ഇത് 5000, 6000 വർഷങ്ങൾ പഴക്കമുള്ള ഒരു വെൽനസ് പാരമ്പര്യമാണ്. പക്ഷേ അത് അങ്ങനെ തന്നെ നിലനിൽക്കുന്നു-അവർ പറഞ്ഞു.

ഇത്തവണ യുഎസിലെ നിരവധി സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുകയും ഏകദേശം ഒരു മാസം നീണ്ടുനിൽക്കുന്ന ആഘോഷം നടത്തുകയും ചെയ്തിട്ടുണ്ടെന്നും ഡെപ്യൂട്ടി അംബാസഡർ പറഞ്ഞു.

ഇത് കേവലം ദിവസം മാത്രമല്ല, സമൂഹത്തിലേക്കുള്ള ഞങ്ങളുടെ വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ യോഗ സെന്റർ സ്റ്റേജ് കൊണ്ടുവരുന്ന മുഴുവൻ മാസമാണിത്-അവർ പറഞ്ഞു.

# സുമോദ് നെല്ലിക്കാലായ്ക്ക് ഫിലാഡൽഫിയ പോലീസ് ഡിപ്പാർട്ട്മെന്റ് കമ്മ്യൂണിറ്റി സർവീസ് അവാർഡ്



**- ജോർജ് ഓലിക്കൽ**

ഫിലാഡൽഫിയ: ഫിലാഡൽഫിയ സിറ്റി പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ഈ വർഷത്തെ കമ്മ്യൂണിറ്റി സർവീസ് അവാർഡിന് സുമോദ് തോമസ് നെല്ലിക്കാല അർഹനായി. സിറ്റി പോലീസ് കമ്മീഷണർ കെവിൻ ജെ ബെഥേൽ നേരിട്ടെത്തിയാണ് അവാർഡ് സമ്മാനിച്ചത്. ഫിലാഡൽഫിയ മേയർ ഷെറിൽ പാർക്കർ ഉൾപ്പെടെ നിരവധി സാമൂഹിക സാംസ്കാരിക നേതാക്കൾ ചടങ്ങിൽ സന്നിഹിതയായിരുന്നു.

ഏഷ്യൻ ഫെഡറേഷൻ ചെയർമാൻ മഹൻ പാർക്ക്, ഏഷ്യൻ ഫെഡറേഷൻ ഇന്ത്യൻ പ്രതിനിധി അലക്സ് തോമസ് എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അവാർഡ് നൈറ്റ് ബാങ്കറ്റിൽ വച്ചായിരുന്നു അവാർഡുദാനം.


സുമോദ് നെല്ലിക്കാല ഫിലാഡൽഫിയയിലെ സാമൂഹിക സാംസ്കാരിക മേഖലയിലെ നിറസാന്നിധ്യമാണ്. നിലവിൽ, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഫിലാഡൽഫിയ ചാപ്റ്ററിന്റെ ജനറൽ സെക്രട്ടറി, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ ചാപ്റ്റർ ജനറൽ സെക്രട്ടറി, പമ്പ അസോസിയേഷൻ ട്രഷറർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്നു. പെൻസിൽവാനിയ അസോസിയേഷൻ ഫോർ മലയാളി പ്രോസ്പെരിറ്റി ആൻഡ് അഡ്വാൻസ്മെന്റ് (പമ്പ) എന്ന നോൺ പ്രോഫിറ്റ് സംഘടനയുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

ഇദ്ദേഹം പ്രസിഡന്റായിരിക്കെ, പമ്പയുടെ 25-ാം വാർഷികം ഒരു മെഗാ ഇവന്റായി ആഘോഷിക്കുകയുണ്ടായി. 2020-2021 വർഷങ്ങളിൽ പെൻസിൽവാനിയ, ന്യൂ ജേഴ്സി, ഡെലവെയർ ഏരിയയിലെ 15 ഇന്ത്യൻ അസോസിയേഷനുകൾ ഉൾപ്പെടുന്ന കൂട്ടായ്മയായ ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാനായി സുമോദ് സേവനമനുഷ്ഠിച്ചു. 2020ലെ കോവിഡ് സമയത്ത്, സുമോദിന്റെ നേതൃത്വത്തിൽ, സംഘടന ആയിരക്കണക്കിന് എൻ95 മാസ്കുകളും സാനിറ്റൈസറുകളും പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. ഈ സംരംഭം പ്രാദേശിക വാർത്താ ചാനലുകൾ റിപ്പോർട്ട് ചെയ്യുകയും അമേരിക്കയിലെ പ്രമുഖ രാഷ്ട്രീയ നേതാക്കളുടേതടക്കം ശ്രദ്ധ ആകർഷിക്കുകയും ചെയ്തു.

2018 ൽ ഫൊക്കാന കൺവെൻഷൻ രജിസ്ട്രേഷൻ കോർഡിനേറ്ററായും സേവനമനുഷ്ഠിച്ചു.

5 July - **List of Historical Events**
Someone has rightly said that history is not made in a day! But, one day can bring many changes in history. Various events, birthdays, etc. fall on the 5th of July.

## 12 വയസിൽ സ്കൂളിൽ നിന്നു ഗ്രാജുവേറ്റ് ചെയ്ത അപൂർവ പ്രതിഭ ന്യൂയോർക്ക് യൂണിവേഴ്‌സിറ്റിയിലേക്ക്



പന്ത്രണ്ടു വയസുകാരൻ സ്കൂളിൽ നിന്നു ഗ്രാജുവേറ്റ് ചെയ്തു ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലേക്കു പോകുന്നു. അപൂർവ പ്രതിഭയായ ബംഗ്ലാദേശി അമേരിക്കൻ സുബോർണോ ഐസക് ബാരി ഈ പ്രായത്തിൽ ലോംഗ് ഐലൻഡ് മൽവേൺ ഹൈ സ്കൂളിൽ നിന്നു ഗ്രാജുവേറ്റ് ആയ ആദ്യത്തെ കുട്ടിയാണ്.

'ഞാൻ ആവേശഭരിതനാണ്,' ബാരി എബിസി 7 ചാനലിനോടു പറഞ്ഞു. 11 വയസിൽ സാറ്റിന് 1500 നേടി ലോക റെക്കോർഡിട്ട കുട്ടി യൂണിവേഴ്സിറ്റിയിൽ പഠിക്കാൻ ആഗ്രഹിക്കുന്നത് മാത്ത്, ഫിസിക്സ് എന്നിവ. ന്യൂയോർക്ക് യൂണിവേഴ്സിറ്റി ബാരിക്ക് സ്കോളർഷിപ്പും നൽകിയിട്ടുണ്ട്. പ്രഫസറാകാനാണ് ആഗ്രഹം. പിതാവ് റാഷിദുൽ ബാരി പ്രഫസറാണ്.

ലിൻബ്രുക് നിവാസിയായ ബാരി രണ്ടു പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ഇന്ത്യയിൽ ക്ലാസുകൾ എടുത്തിട്ടുണ്ട്. ബാരി 7 വയസിൽ എഴുതിയ ദി ലൗ എന്ന പുസ്തകം മതപരമായ ഭിന്നതകൾ ഭീകരത സൃഷ്ടിക്കുന്നതിനെ വിമർശന ബുദ്ധിയോടെ കാണുന്നു. അസാധാരണ പ്രതിഭ എന്ന പരിഗണനയിൽ നാലു മുതൽ എട്ടു വരെയുള്ള ഗ്രേഡുകൾ ഒഴിവാക്കാൻ സ്കൂൾ അനുമതി നൽകി.

ന്യൂയോർക്കിലാണ് ബാരി ജനിച്ചത്. ബംഗ്ലാദേശിൽ നിന്നു കുടിയേറിയ കുടുംബത്തിൽ. മകൻ എപ്പോഴും ഒരു പടി മുന്നിലാണെന്ന് അമ്മ ഷാഹിദാ ബാരി പറയുന്നു. ഗ്രാജുവേഷൻ നേടിയപ്പോൾ ബാരി ഫേസ്ബുക്കിൽ മാതാപിതാക്കൾക്കു നന്ദി പറഞ്ഞു. എല്ലാ ദിവസവും സ്കൂളിലേക്കു തന്നെ കാറിൽ കൊണ്ട് പോയിരുന്ന പിതാവ് അതിനു വേണ്ടി ദീർഘദൂരം കാറോടിച്ചത് കുട്ടി ഓർക്കുന്നു. ഹൈസ്കൂളിൽ നിന്നു സ്റ്റോണി ബ്രുക് യൂണിവേഴ്സിറ്റി വരെ 40 മൈൽ. അവിടന്ന് എൻവൈയു വരെ 60 മൈൽ. പിന്നെ വീട്ടിലേക്കു 20 മൈൽ. 14 വയസിൽ ബാച്ചിലർ ബിരുദവും 18 വയസിൽ ഡോക്ടറേറ്റും കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

മുംബൈ യൂണിവേഴ്സിറ്റിയിൽ ലക്ച്ചർ ചെയ്തിട്ടുള്ള ബാരിക്കു അവിടെ ഗസ്റ്റ് പ്രഫസർ പദവി ഉണ്ടായിരുന്നു. നാലു വയസുള്ളപ്പോൾ ബാലപ്രതിഭയെ പ്രസിഡന്റ് ബരാക്ക് ഒബാമ പ്രശംസിച്ചു

## സതീശൻ നായർ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്റർ പ്രസിഡന്റ്



ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യു.എസ്.എ കേരള ഘടകം പ്രസിഡന്റായി സതീശൻ നായരെ തെരഞ്ഞെടുത്തു. കഴിഞ്ഞ ഇരുപത്തഞ്ച് വർഷക്കാലമായി ഐ.ഒ.സിയിൽ സജീവ സാന്നിധ്യമാണ് സതീശൻ നായർ.

ഐ.ഒ.സിയുടെ ചിക്കാഗോ ചാപ്റ്ററിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായും, പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു. ഐ.ഒ.സിയുടെ പ്രവർത്തനങ്ങൾ അമേരിക്കയിൽ ഏകോപിപ്പിക്കുന്നതിനായി കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി അദ്ദേഹം പ്രവർത്തിച്ചുവരുന്നു. സ്കൂൾ, കോളജ് കാലഘട്ടങ്ങളിൽ കെ.എസ്.യുവിലും യൂത്ത് കോൺഗ്രസിലും സജീവസാന്നിധ്യമായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥതയോടെ തനതായ ശൈലിയിൽ എല്ലായ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

എൻ.എഫ്.ഐ.എ, കെ.എച്ച്.എൻ.എ, ഫൊക്കാന തുടങ്ങിയ ദേശീയ സംഘടനകളിലും, എഫ്.ഐ.എ, മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ, നായർ അസോസിയേഷൻ, ഓംകാരം, കരുണ ഫൗണ്ടേഷൻ തുടങ്ങിയ പ്രാദേശിക സംഘടനകളിലും പ്രവർത്തിച്ചുവരുന്നു.

ഐ.ഒ.സി കേരളാ ഘടകത്തിന്റെ പ്രവർത്തനങ്ങൾ ഏകീകരിച്ച് ശക്തിപ്പെടുത്തുമെന്നും, കൂടാതെ ഇപ്പോഴുള്ള പന്ത്രണ്ട് ചാപ്റ്ററുകളിലെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

സതീശൻ നായരുടെ പ്രവർത്തനങ്ങൾ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തട്ടെയെന്നും, അദ്ദേഹത്തിന്റെ മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സാം പിട്രോഡ, എ.കെ. ആന്റണി, രമേശ് ചെന്നിത്തല, ജോർജ് ഏബ്രഹാം, മൊഹീന്ദർ സിങ്, ഹർബജൻ സിങ്, തോമസ് മാത്യു, ലീലാ മാരേട്ട്, സന്തോഷ് നായർ തുടങ്ങിയവർ ആശംസകൾ നേർന്നു. സജി കരിമ്പന്നൂർ ഒരു പത്രക്കുറിപ്പിലൂടെ അറിയിച്ചതാണ്.

# സെന്റ് മേരീസ് ക്നാനായ കാത്തലിക് പിതൃദിനം ആഘോഷിച്ചു



സാൻ ഹോസെ: സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളിയിൽ പിതൃദിനം ആഘോഷപൂർവ്വം കൊണ്ടാടി. പരിശുദ്ധ കുർബാനയിൽ തക്കല ബിഷപ്പ് മാർ ജോർജ് രാജേന്ദ്രൻ മുഖ്യ കാർമികത്വം വഹിച്ചു. ടാൻസാനിയ കെനിയ പ്രൊവിൻസിലെ ഫാ. സാജൻ മുളയാനിക്കലും സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളി വികാരി ഫാ. ജെമി പുതുശ്ശേരിയും സഹ കാർമികന്മാരായി. പിന്നീട് കേക്ക് മുറിച്ച് സന്തോഷം പങ്കുവെച്ചു. വിമൻസ് ഫോറം ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. വിമൻസ് ഫോറം പ്രസിഡന്റ് നിഷി വെള്ളിയാൻ ആശംസകൾ നേർന്നു.

# സെന്റ് അൽഫോൻസാ സീറോ മലബാർ കത്തോലിക്കാ ദേവാലയത്തിന്റെ ദശാപ്തി ആഘോഷിച്ചു



**- ലാലി ജോസഫ്**

ബാൾട്ടിമോർ: സെന്റ് അൽഫോൻസാ സീറോ മലബാർ കത്തോലിക്കാ ദേവാലയത്തിന്റെ ദശാബ്ദി ആഘോഷിച്ചു.

മാർത്തോമാ ശ്ലീഹായുടെ പ്രേഷിത ചൈതന്യത്താൽ ക്രിസ്തു ശിഷ്യർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഒരുമയോടെ അമേരിക്കയിലെ ബാൾട്ടിമോറിൽ ഒന്നിച്ചു കൂടി വിശുദ്ധ അൽഫോൻസാമ്മയുടെ നാമധേയത്തിലുള്ള സീറോ മലബാർ കാത്തോലിക്കാ ദേവാലയത്തിന് 2014 ൽ രൂപം നൽകി.

ജൂൺ16 ഞായറാഴ്ച ഇടവക സ്ഥാപനത്തിന്റെ ദശാബ്ദി ആഘോഷത്തിന്റെ ഭാഗമായി നടന്ന വിശുദ്ധ കുർബാനയ്ക്ക് ഷിക്കാഗോ സീറോ മലബാർ രൂപതയുടെ അഭിവന്ദ്യ മെത്രാൻ ജോയ് ആലപ്പാട്ട് മുഖ്യ കാർമികത്വം വഹിച്ചു. മുൻ മെത്രാൻ ജേക്കബ് അങ്ങാടിയത്ത്, തൃശൂർ അതിരൂപതയുടെ സഹായ മെത്രാൻ മാർ ടോണി നിലങ്കാവിൽ, ഫാ. മെൽവിൻ പോൾ, ഫാ.ബെന്നി തടത്തിൽ, ഫാ.ജെയ്സ്മോൻ ഫ്രാൻസീസ്, ഫാ. വിൽസൺ കണ്ടങ്കരി എന്നിവർ സഹകാർമ്മികരായി.

തുടർന്ന് നടന്ന പൊതുസമ്മേളനം മൗണ്ട് സെന്റ് ജോസഫ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഇടവക വികാരി ഫാ. വിൽസൺ ആന്റണി കണ്ടങ്കരി സ്വാഗതം പറഞ്ഞു. ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. മുൻ മെത്രാൻ ജേക്കബ് അങ്ങാടിയത്ത് അദ്ധ്യക്ഷത വഹിച്ചു. തൃശൂർ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യപ്രഭാഷണം നടത്തി. ബാൾട്ടിമോർ മാർത്തോമാ പള്ളി വികാരി റവ.ഷെറിൻ ടോം മാത്യു, ഫാദർ മെൽവിൻ പോൾ മംഗലത്ത് എന്നിവർ അനുഗ്രഹ പ്രസംഗം നടത്തി. ഇടവകയുടെ ഒരു ചരിത്ര പ്രതിഫലനം എപ്പാർക്കിയൽ കാത്തിക്കൽ കൗൺസിൽ സെക്രട്ടറിയും ചെറുപുഷ്പം മിഷൻ ലീഗ് ഡയസീൻ ജനറൽ സെക്രട്ടറിയുമായ ടിസൺ തോമസ് വായിച്ചു.

സി.സി.ഡി ഡയറക്ടർ, കോർഡിനേറ്റേഴ്സ് എന്നിവരെ ആദരിച്ചു. കൈക്കാരൻ സിബിച്ചൻ കൊണത്താപ്പള്ളി ഫാ. വിൽസൺ കണ്ടങ്കരി, കൈക്കാരന്മാരായ ജോഷി വടക്കൻ, ബാബു പ്ലാത്തോട്ടം, ആൽവിൻ ജോയ് പരിക്കാപ്പള്ളി എന്നിവർ നേതൃത്വം നൽകി.

6 July - **World Zoonoses Day**
World Zoonoses Day is observed every year on 6 July to emphasise and bring problem awareness amongst people and teach them to take the right action. Do you know the first vaccination against a zoonotic disease was administered by Louis Pasteur on 6 July 1885?

7 July - **World Chocolate Day**
The day is observed on July 7 as on this date in 1550, chocolate was first brought to Europe. World Chocolate Day is celebrated in different countries on different days.

7 July- **Global Forgiveness Day**
Global Forgiveness Day on July 7, also known as International Forgiveness Day, is a relatively new observance dedicated to promoting forgiveness and reconciliation on a global scale. The exact origin and history of Global Forgiveness Day are not well-documented, but forgiveness as a concept has deep roots in various cultures and religions.

## മാഗ് 2024 മാതാപിതൃദിനാഘോഷം: ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സമഗ്ര സമന്വയം



**– അജു വാരിക്കാട്**

സ്റ്റാഫോർഡ്: കരള ഹൗസിൽ മാതാപിതൃദിനാഘോഷം നടന്നു. കുവൈറ്റിൽ ഉണ്ടായ അഗ്നിബാധയിൽ ജീവൻ പൊലിഞ്ഞ മലയാളി സഹോദരങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ആരംഭിച്ച മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന്റെ പേരന്റ്സ് ഡേ ഹൃദയസ്പർശിയായി.

മാഗ് ജോയിന്റ് സെക്രട്ടറി പൊടിയമ്മ പിള്ളയുടെ സ്വാഗത പ്രസംഗത്തോടെ സാംസ്കാരിക പരിപാടികൾക്ക് തുടക്കം കുറിച്ചു. മാത്യൂസ് മുണ്ടക്കൽ അദ്ധ്യക്ഷത വഹിച്ചു.

പ്രാർത്ഥനാ ഗീതം സാജി പുല്ലാട്ട് ആലപിച്ച് പരിപാടികൾക്ക് തുടക്കമിട്ടു. പ്രധാനാതിഥിയായ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു മാതാപിതൃദിന സന്ദേശം നൽകി. പുതിയ തലമുറയെ വളർത്തി രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ വിലയേറിയതാണ് എന്ന് അദ്ദേഹം പ്രസംഗത്തിൽ പങ്കുവച്ചു.

മുൻ ട്രസ്റ്റി ബോർഡ് ചെയർമാനും നിലവിലെ ട്രസ്റ്റി ബോർഡ് അംഗമായ ജോസഫ് ജെയിംസ്, പൊന്നുപിള്ള, മാഗ് ബിൽഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീധരൻ നായർ എന്നിവർ പ്രസംഗിച്ചു. പങ്കെടുത്ത എല്ലാ മാതാപിതാക്കളെയും ആദരിക്കുന്നതിനായി പൂക്കൾ നൽകി.

സിസ്സിമോൾ രാജേഷ്, ആന്റു അങ്കമാലി, അൻസി സാമുവേൽ, മേവിൻ ജോൺ, ആൻഡ്രൂസ് ജോസഫ് എന്നിവർ ഗാനങ്ങൾ ആലപിച്ചു. മൈസൂർ തമ്പി, ശ്രീധരൻ നായർ എന്നിവർ സ്റ്റാൻഡ്അപ്പ് കോമഡി അവതരിപ്പിച്ചു.

പാസിങ് ദി പാർസൽ എന്ന രസകരമായ ഗെയിമിൽ എല്ലാ മാതാപിതാക്കളെയും പങ്കെടുപ്പിച്ചു നടത്തിയത് വേറിട്ട ഒരു അനുഭവമായി. മാത്യൂസ് ചാണ്ടപിള്ളയുടെ നന്ദി പ്രസംഗം കൊണ്ട് പരിപാടി സമാപിച്ചു. കടന്നുവന്ന എല്ലാവർക്കും രുചികരമായ ഭക്ഷണവും ഒരുക്കിയിരുന്നു.

## റാന്നി സെന്റ് തോമസ് കോളേജ് വജ്ര ജൂബിലി ആഘോഷം; പൂർവ വിദ്യാർത്ഥി സമ്മേളനം 13ന്

ഹൂസ്റ്റൺ: റാന്നി സെന്റ് തോമസ് കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പൂർവ വിദ്യാർത്ഥി സമ്മേളനം വൈവിധ്യമാർന്ന പരിപാടികളോടെ 2024 ജൂലൈ 13ന് ശനിയാഴ്ച കോളേജിൽ വെച്ച് നടക്കും.

വിദേശരാജ്യങ്ങളിലുള്ള പൂർവ്വ വിദ്യാർത്ഥികൾ അടക്കം രണ്ടായിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ നിന്നുള്ള പ്രമുഖർ അതിഥികളായി എത്തും. ജൂൺ 11നു ചേർന്ന അലുമ്നി എക്സിക്യൂട്ടീവ് കമ്മിറ്റി സമ്മേളനത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തി.

കോളേജ് മാനേജർ പ്രൊഫ. സന്തോഷ് കെ.തോമസ് അധ്യക്ഷത വഹിച്ചു. അലുമ്നി പ്രസിഡന്റ് രാജു ഏബ്രഹാം മുൻ എംഎൽഎ ആമുഖപ്രഭാഷണം നടത്തി. സെക്രട്ടറി ഡോ.എം.കെ. സുരേഷ്, പ്രൊഫ.പ്രസാദ് ജോസഫ് കെ, അഡ്വ. ഏബ്രഹാം മാത്യു പനച്ചമൂട്ടിൽ, അഡ്വ. ശശി ഫിലിപ്പ്, പ്രൊഫ.ജിക്കു ജെയിംസ്, റോഷൻ റോയി മാത്യു, പ്രൊഫ. എം.ജെ. കുര്യൻ, പി.ആർ. പ്രസാദ്, സാബു കെ. ഏബ്രഹാം, അഡ്വ. ഷൈൻ ജി. കുറുപ്പ്, ഡോ.റോണി ജെയിൻ രാജു എന്നിവർ സംസാരിച്ചു. ഗുരുവന്ദനം, കലാപരിപാടികൾ, ആദരിക്കൽ എന്നിവ സമ്മേളനത്തിന്റെ ഭാഗമായി നടക്കും. പബ്ലിസിറ്റി ചെയർമാനായി കെ.ടി. സതീഷിനെയും ജനറൽ കൺവീനറായി റ്റിജു ഏബ്രഹാമിനെയും തിരഞ്ഞെടുത്തു. ജൂൺ 21 വെള്ളിയാഴ്ച 3 മണിക്ക് ജനറൽ ബോഡി മീറ്റിംഗ് കൂടുന്നതാണ്. അന്നേ ദിവസം പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി വിപുലമായ സംഘാടക സമിതി രൂപീകരിക്കുന്നതാണ്.

അമേരിക്ക, കാനഡ, യൂറോപ്പ്, ഓസ്ട്രേലിയ, ഗൾഫ് രാജ്യങ്ങൾ തുടങ്ങി വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിന് വെളിയിൽ നിന്നും നൂറു കണക്കിന് പൂർവ വിദ്യാർത്ഥികൾ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും കുറഞ്ഞത് 2000 പൂർവ വിദ്യാർത്ഥികളെ പ്രതീക്ഷിക്കുന്നുവെന്നും അലുമ്നി പ്രസിഡന്റും മുൻ എംഎൽഎയുമായ രാജു എബ്രഹാം, കോളേജ് മാനേജർ പ്രൊഫ. സന്തോഷ് എബ്രഹാം എന്നിവർ പറഞ്ഞു. 2014 ൽ നടത്തിയ സുവർണ്ണ ജൂബിലി പൂർവ വിദ്യാർത്ഥി സമ്മേളനം വൻ വിജയമായിരുന്നു. പൂർവവിദ്യാർത്ഥികൾക്ക് അവരവർ പഠിച്ച ക്ലാസ് റൂമുകളിൽ പോയിരുന്ന് പഴയ കാല സ്മരണകൾ പങ്കിടുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ടെന്ന് സംഘാടകർ പറഞ്ഞു.

റാന്നിയുടെ അഭിമാനകുറിയായ സെന്റ് തോമസ് കോളേജിൽ ഒരുക്കുന്ന ഈ വജ്ര ജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് പഴയ ഓർമ്മ ചെപ്പുകൾ തുറക്കുവാൻ അമേരിക്കയിൽ നിന്നും നിരവധി പൂർവ വിദ്യാർത്ഥികളോടൊപ്പം ഈ ലേഖകനും ഒരുക്കങ്ങൾ ആരംഭിച്ചു.

## ഇന്ത്യൻ അമേരിക്കൻ സുബ്രഹ്മണ്യം വിർജിനിയയിൽ നിന്നു പ്രൈമറി വിജയിച്ചു



വിർജിനിയയുടെ പത്താം കോൺഗ്രസ് ഡിസ്ട്രിക്ടിൽ ഇന്ത്യൻ അമേരിക്കൻ സുഹാസ് സുബ്രഹ്മണ്യം ഡെമോക്രാറ്റിക് പ്രൈമറി ജയിച്ചു. ഇന്ത്യൻ അമേരിക്കൻ ക്രിസ്റ്റൽ കൗൾ ഉൾപ്പെടെ 11 പേരെ തോൽപിച്ചാണ് സുബ്രഹ്മണ്യം (37) യുഎസ് കോൺഗ്രസിലേക്കു മത്സരിക്കാൻ പാർട്ടി ടിക്കറ്റ് നേടിയത്.

വിർജീനിയ ജനറൽ അസംബ്ലിയിൽ ആദ്യ ഇന്ത്യൻ അമേരിക്കനായി 2019ൽ എത്തിയ സുബ്രഹ്മണ്യം 2023ൽ സ്റ്റേറ്റ് സെനറ്റിലേക്കും ജയിച്ചു. രണ്ടിടത്തും ആദ്യത്തെ ദക്ഷിണേഷ്യനും ഹിന്ദുവും കൂടി ആയിരുന്നു. നവംബറിൽ റിപ്പബ്ലിക്കൻ മൈക്ക് ക്ലാൻസിയെ ആണ് അദ്ദേഹം നേരിടുക.

അനാരോഗ്യം മൂലം ഡെമോക്രാറ്റ് ജെന്നിഫർ വെക്സ്റ്റൺ ഒഴിഞ്ഞ സീറ്റാണിത്. അവർ സുബ്രഹ്മണ്യത്തിനു പിന്തുണ പ്രഖ്യാപിച്ചിരുന്നു. ബംഗളൂരുവിൽ നിന്നു കുടിയേറിയ ഡോക്ടർമാരായ മാതാപിതാക്കളുടെ മകനായി ഹ്യൂസ്റ്റണിലാണ് സുബ്രഹ്മണ്യം ജനിച്ചത്. 2015ൽ പ്രസിഡന്റ് ഒബാമ അദ്ദേഹത്തെ വൈറ്റ് ഹൗസിൽ ടെക്നോളജി പോളിസി അഡ്വൈസറായി നിയമിച്ചിരുന്നു.

## വാഷിംഗ്ടൺ ഡിസിയിൽ ഇന്ത്യൻ എംബസി യോഗ സെഷൻ സംഘടിപ്പിച്ചു



വാഷിംഗ്ടൺ: അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് യുഎസിലെ ഇന്ത്യൻ എംബസി വാഷിംഗ്ടൺ ഡിസിയിൽ യോഗ സെഷൻ സംഘടിപ്പിച്ചു. വ്യാഴാഴ്ച വാഷിംഗ്ടൺ ഡിസിയിലെ ദി വാർഫിൽ സംഘടിപ്പിച്ച യോഗ സെഷനിൽ നിരവധി പേരാണ് പങ്കെടുത്തത്.

ഇന്ത്യ യോഗയെ മുഖ്യധാരയിലെത്തിച്ചതായി യുഎസിലെ ഇന്ത്യൻ എംബസിയിലെ ഡെപ്യൂട്ടി അംബാസഡർ ശ്രീപ്രിയ രംഗനാഥൻ പറഞ്ഞു. യോഗയുടെ ശക്തി തിരിച്ചറിയുന്നതിനും യോഗയ്ക്ക് നമ്മുടെ ജീവിതത്തിന് എങ്ങനെ മൂല്യം നൽകാമെന്നും, യോഗ എങ്ങനെയാണെന്ന് തിരിച്ചറിയാൻ നാം ഒത്തുചേരുന്ന ഒരു ദിനമാക്കി മാറ്റുന്നതിലും ഇന്ത്യ വഹിച്ച പങ്ക് വളരെ വലുതാണെന്നും അവർ പറഞ്ഞു. മാത്രമല്ല, ഇത് 5000, 6000 വർഷങ്ങൾ പഴക്കമുള്ള ഒരു ആരോഗ്യ പാരമ്പര്യമാണെന്നും അത് ഇപ്പോഴും നിലനിൽക്കുന്നുവെന്നുമുള്ള സന്തോഷവും അവർ പങ്കുവെച്ചു. യോഗയുടെ മൂല്യം ഇപ്പോൾ കൂടുതൽ വിലമതിക്കപ്പെട്ടിട്ടുണ്ടെന്നും അത് എല്ലാ കുടുംബങ്ങളുടെയും ഭാഗമായി മാറിയിട്ടുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

2014ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ചതിനെത്തുടർന്ന് 2015 മുതൽ എല്ലാ വർഷവും ജൂൺ 21ന് ലോകമെമ്പാടും അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ച് വരികയാണ്.

## ഓക്ലൻഡ് മേയർ ഷെങ് താവോയുടെ വീട്ടിൽ എഫ്ബിഐ റെയ്ഡ്

ഫെഡറൽ ഏജന്റുമാർ വ്യാഴാഴ്ച രാവിലെ ഓക്ലാൻഡ് മേയർ ഷെങ് താവോയുടെ വീട്ടിൽ റെയ്ഡ് നടത്തിയതായി നീതിന്യായ വകുപ്പും സാക്ഷികളും പ്രാദേശിക മാധ്യമങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകളും അറിയിച്ചു. എന്നാൽ കൂടുതൽ വിശദാംശങ്ങൾ നൽകിയില്ല. റെയ്ഡിന് പ്രേരിപ്പിച്ചതെന്തെന്ന് വ്യക്തമല്ല. ഫെഡറൽ ഏജന്റുമാർ താവോയുടെ വീട്ടിൽ ഉണ്ടെന്ന് നീതിന്യായ വകുപ്പ് സ്ഥിരീകരിച്ചെങ്കിലും കൂടുതൽ പ്രതികരിക്കാൻ വിസമ്മതിച്ചു. നഗരത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്കും ഓക്ലാൻഡ് എയുടെ ബേസ്ബോൾ ടീമിന്റെ വിടവാങ്ങലും സംബന്ധിച്ച് ഓക്ലാൻഡ് മേയർ അടുത്ത മാസങ്ങളിൽ തീവ്രമായ നിരീക്ഷണത്തിലാണ്. അവരെ എതിർക്കുന്നവർ ബാലറ്റിന് യോഗ്യത നേടുന്നതിന് മതിയായ ഒപ്പുകൾ ശേഖരിച്ചതിന് ശേഷം നവംബറിൽ ഒരു തിരിച്ചുവിളിക്കൽ വോട്ട് നേരിടേണ്ടി വരും.

## യുഎസ് പൗരന്മാരുടെ രേഖകളില്ലാത്ത ഇണകൾക്കു റെസിഡൻസിക്ക് അപേക്ഷിക്കാൻ അനുമതി നൽകും; ബൈഡൻ

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ : യുഎസ് പൗരന്മാരെ വിവാഹം കഴിച്ച ലക്ഷക്കണക്കിന് രേഖകളില്ലാത്ത കുടിയേറ്റക്കാർക്ക് തന്റെ പ്രസിഡന്റിന്റെ ഏറ്റവും വിപുലമായ ഇമിഗ്രേഷൻ പ്രോഗ്രാമുകളിലൊന്നിൽ നിയമപരമായ റെസിഡൻസിക്ക് അപേക്ഷിക്കാനുള്ള വഴി പ്രസിഡന്റ് ബൈഡൻ ചൊവ്വാഴ്ച വ്യക്തമാക്കും.

നവംബറിലെ തെരഞ്ഞെടുപ്പിന് മാസങ്ങൾക്ക് മുമ്പ് ഡെമോക്രാറ്റിക് പ്രസിഡന്റിന്റെ ധീരമായ നീക്കമാണ് നയമാറ്റം. അതിർത്തി സുരക്ഷ വിപുലീകരിക്കാനും യുഎസിൽ താമസിക്കുന്ന 11 ദശലക്ഷം അനധികൃത കുടിയേറ്റക്കാർക്ക് പൗരത്വത്തിലേക്കുള്ള വഴി സൃഷ്ടിക്കാനുമുള്ള അദ്ദേഹത്തിന്റെ ആഹ്വാനങ്ങൾ കോൺഗ്രസ് റിപ്പബ്ലിക്കൻമാർക്കുള്ള ശാസന കൂടിയാണ്.

താൻ വൈസ് പ്രസിഡന്റായിരുന്നപ്പോൾ കുടിയേറ്റക്കാരെ സഹായിക്കാൻ എടുത്ത മറ്റൊരു എക്സിക്യൂട്ടീവ് നടപടിയുടെ 12-ാം വാർഷികത്തോടനുബന്ധിച്ച് വൈറ്റ് ഹൗസിൽ നടക്കുന്ന ആഘോഷത്തിൽ ബൈഡൻ നയങ്ങൾ അവതരിപ്പിക്കും. 2012 ജൂൺ 15ന്, പ്രസിഡന്റ് ബരാക് ഒബാമ പറഞ്ഞു, കുട്ടിക്കാലത്ത് അമേരിക്കയിലെത്തിയ രേഖകളില്ലാത്ത കുടിയേറ്റക്കാരെ വർക്ക് പെർമിറ്റിന് അപേക്ഷിക്കാൻ അനുവദിക്കുമെന്ന്. ഇത് ലക്ഷക്കണക്കിന് ജീവിതങ്ങളെ മാറ്റിമറിച്ച പരിപാടിയായിരുന്നു.

## കുവൈറ്റ് ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ട്രിനിറ്റി മാർത്തോമാ യുവജന സഖ്യത്തിന്റെ അനുശോചനം

ഹൂസ്റ്റൺ: കുവൈത്തിൽ കഴിഞ്ഞദിവസം പ്രവാസികൾ തിങ്ങിപ്പാർക്കുന്ന  കെട്ടിട സമുച്ചയത്തിന് തീപിടിച്ചു മലയാളികൾ ഉൾപ്പടെ നിരവധി പേരുടെ മരണത്തിനിടയാക്കിയ സംഭവം അത്യന്തം വേദനാജനകവും നടുക്കം സൃഷ്ടിക്കുന്നതുമായിരുന്നുവെന്നും മരണമടഞ്ഞ 50 പേരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നുവെന്നും ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമാ യുവജന സഖ്യം. ദുരന്തത്തിൽ 23 മലയാളികൾക്കാണ് ജീവൻ നഷ്ടപ്പെട്ടത്.

ജൂൺ 16 ഞായറാഴ്ച ട്രിനിറ്റി മാർത്തോമാ ദേവാലയത്തിൽ ആരാധനക്ക് ശേഷം ഇടവക വികാരി റവ.സാം കെ. ഈശോ അസിസ്റ്റന്റ് വികാരി റവ. ജീവൻ ജോൺ എന്നിവരുടെ നേതൃത്വത്തിൽ കൂടിയ സഖ്യം മീറ്റിംഗിൽ സെക്രട്ടറി വിജു വർഗീസ് ഈ വൻ ദുരന്തത്തിൽ മരിച്ച വ്യക്തികളുടെ കുടുംബങ്ങൾക്ക് അനുശോചനം അറിയിക്കുകയും ദുരന്തത്തിൽ പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കുവാനായി യുവജനസഖ്യമായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

അന്ന് നടന്ന ട്രിനിറ്റി മാർത്തോമാ ദേവാലയത്തിലെ ആരാധന മദ്ധ്യേയും ഇടവകയുടെ അനുശോചനം വികാരി റവ. സാം.കെ ഈശോ അറിയിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

## മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് സിറിയക് ദേവാലയത്തിൽ പിതൃദിനാഘോഷവും, ബിരുദദാന ചടങ്ങും സംയുക്തമായി നടത്തി

**– സജി സക്കറിയ**

മെസ്കിറ്റ് മാർ ഗ്രിഗോറിയോസ് സിറിയക് ദേവാലയത്തിൽ ജൂൺ പതിനാറാം തീയതി ഞായറാഴ്ച ഫാദേഴ്സ് ഡേയും, ഗ്രാഡുവേഷൻ സെറിമണിയും സംയുക്തമായി നടത്തി. വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന ചടങ്ങിൽ വികാരി റവ.ഫാ.മാർട്ടിൻ ബാബു എല്ലാ ഫാദേഴ്സിനും ആശംസകൾ നേർന്ന് സംസാരിച്ചു. ഒരു പിതാവ് മൾട്ടിപ്പിൾ ഹാറ്റ്സ് അണിയുന്ന വ്യക്തിയാണെന്നും അവരുടെ സ്നേഹം, നേതൃത്വം, സഹനം എല്ലാം എടുത്തു പറഞ്ഞ് അദ്ദേഹം സംസാരിച്ചു. ജോഷുവ ജോണും ആശംസകൾ നേർന്ന് സംസാരിച്ചു.

ഈ വർഷം നഴ്സിംഗിൽ ബിരുദം നേടിയ ജോസ് ഉതിപ്പാന്റേയും, സുജ ജോസിന്റേയും മകൾ മെർലിൻ ജോസിനെ അനുമോദിച്ച് ഫാ.മാർട്ടിനും, സണ്ടേസ്ക്കൂൾ അദ്ധ്യാപികയും, വുമൺസ് ലീഗ് സെക്രട്ടറിയുമായ സോമി ഫിലിപ്പും സംസാരിച്ചു. ഫ്ളോറൻസ് നൈറ്റിംഗ് ഗേൽ ഉയർത്തിയ ദീപശിഖയാണ് നഴ്സിംഗ് പ്രൊഫഷൻ എന്നും, ഈ ജോലി പരിപാവനമായി കാണണമെന്നും അവർ എടുത്ത് പറഞ്ഞു. ഗ്രാജുവേഷൻ ജീവിതത്തിലെ പുതിയ അദ്ധ്യായമാണ്. ഭാവിയിൽ എല്ലാ ഭാവുകങ്ങളും നേരുന്നു. പള്ളിയുടെ പാരിതോഷികം വൈസ് പ്രസിഡന്റ് ബിജു ജോൺ മെർലിന് സമ്മാനിച്ചു. മെർലിൻ തന്റെ കുടുംബത്തിലെ ഓരോരുത്തർക്കും, പള്ളിക്കാർക്കും പ്രത്യേകം നന്ദിയും, കൃതജ്ഞതയും പറഞ്ഞു.

## മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ 2024 ആഘോഷം വർണ്ണശബളമാക്കി വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ്




**– നൈനാൻ മത്തായി**

ഫിലാഡൽഫിയ: വേൾഡ് മലയാളീ കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് ജൂൺ എട്ടാം തീയതി, ശനിയാഴ്ച മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ വിവിധ പരിപാടികളോടെ സെയിന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഹാളിൽ വച്ച് നടത്തുകയുണ്ടായി. വിശിഷ്ട അതിഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗം വൈകിട്ട് അഞ്ചു മണി മുതൽ ആറുമണി വരെയും വിവിധ ആർട്ടിസ്റ്റുകളെ കോർത്തിണക്കിക്കൊണ്ടുള്ള കലാപരിപാടികൾക്കു അഞ്ചു മണി മുതൽ ഒൻപത് മണി വരെയും വേദി സാക്ഷിയായി.

കേരളാ അമലാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ഡയറക്ടർ റവ.ഫാ. വാൾട്ടർ തെലാപ്പിള്ളി മുഖ്യ അതിഥിയായിരുന്നു.

ടാനി കോശി ഈശ്വര പ്രാർത്ഥനയും സംഗീത ആൻ തോമസും ആരോൺ അനിലും യഥാക്രമം അമേരിക്കൻ ദേശീയഗാനവും ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു. പ്രൊവിൻസിന്റെ ജനറൽ സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗത പ്രസംഗം നടത്തി. തുടർന്ന് മുഖ്യ അതിഥികളും ഭാരവാഹികളും ചേർന്ന് നിലവിളക്കു തെളിയിച്ചു. റവ.ഡോ.എം.കെ. കുര്യാക്കോസ് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. മാതൃപിതൃ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വേൾഡ് മലയാളി കൗൺസിൽ ചെയ്തുവരുന്ന കാരുണ്യപ്രവർത്തനങ്ങളെ അഭിനന്ദിച്ചും തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം സംസാരിച്ചു. വേൾഡ് മലയാളീ കൗൺസിൽ അമേരിക്ക റീജിയന്റെ ജനറൽ സെക്രട്ടറി അനീഷ് ജെയിംസും ഗ്ലോബലിന്റെ ജനറൽ സെക്രട്ടറി പിന്റോ കണ്ണമ്പള്ളിയും തങ്ങളുടെ ആശംസാ പ്രസംഗത്തിൽ പ്രൊവിൻസിന്റെ കാരുണ്യപ്രവർത്തനങ്ങളെ അഭിനന്ദിച്ചു.

സാമ്പത്തികമായി ബുദ്ധിമുട്ടു അനുഭവിക്കുന്ന കേരളത്തിലെ ഇരുപത്തിയഞ്ചു യുവതീ യുവാക്കളുടെ വിവാഹങ്ങൾ 2025ൽ നടത്തിക്കൊടുക്കുവാൻ ഏറ്റെടുത്തിരിക്കുന്ന ഒരു വലിയ കാരുണ്യ പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രൊവിൻസ് ഈ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചത്. മുഖ്യ അതിഥിയായിരുന്ന ഫാ.വാൾട്ടർ തെലാപ്പിള്ളി മാതാപിതാക്കളുടെ മൂല്യങ്ങളെക്കുറിച്ചും സമൂഹത്തിൽ നാം നന്മ ചെയ്യുന്നവരായി തീരേണ്ടതിന്റെ പ്രാധ്യാന്യത്തെകുറിച്ചും മുഖ്യ സന്ദേശത്തിൽ എടുത്തുപറഞ്ഞു. വേൾഡ് മലയാളീ കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് ഏറ്റെടുത്തു നടത്തുന്ന നിർധനരായ 25 യുവതീ യുവാക്കളുടെ സമൂഹ വിവാഹത്തിൽ കൂടി 50 കുടുംബങ്ങളെ കരുണയുടെ പാതയിലേക്ക് നാം ബന്ധിപ്പിക്കുകയാണെന്നും അദ്ദേഹം തന്റെ സന്ദേശത്തിൽ ഓർമിപ്പിച്ചു. പ്രൊവിൻസിന്റെ അധ്യക്ഷൻ നൈനാൻ മത്തായി പ്രൊവിൻസ് ഏറ്റെടുത്തിരിക്കുന്ന ഈ ബൃഹത് കാരുണ്യ പ്രവർത്തനത്തെക്കുറിച്ചു വളരെ വിശദമായി യോഗത്തിൽ സംസാരിച്ചു. വുമൺ ഫോറം ചെയർമാൻ മറിയാമ്മ ജോർജ് പ്രൊവിൻസിന്റെ കഴിഞ്ഞകാല കാരുണ്യപ്രവർത്തങ്ങളെക്കുറിച്ചും മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേയെക്കുറിച്ചും വിശദീകരിച്ചു.

വേൾഡ് മലയാളീ കൗൺസിൽ വിമൻസ് ഫോറം പ്രസിഡന്റും പ്രോഗ്രാം കോർഡിനേറ്ററും ആയ ഷൈലാ രാജന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രൊഫഷണൽ നർത്തകരുടെ ഡാൻസ്ഫെസ്റ്റും ഗായകരുടെ സംഗീത സന്ധ്യയും വേദിയെ വർണ്ണശബളമാക്കി. തന്റേതായ കൊറിയോഗ്രഫിയിൽ പ്രൊവിൻസ് ഏറ്റെടുത്തു നടത്തുന്ന സമൂഹവിവാഹത്തിന്റെ പശ്ചാത്തലത്തെ ഉൾക്കൊള്ളിച്ചുകൊണ്ടു ഷൈലാ രാജൻ ഗ്രാൻഡ് ഫിനാലെ ഡാൻസ് അവതരിപ്പിച്ചു.

സമൂഹത്തിന്റെ വിവിധ മേഖലകളിലും പ്രസ്ഥാനങ്ങളിലും ചെയ്തിട്ടുള്ള പ്രവർത്തന മികവിന്റെ അംഗീകാരമായി റവ.ഡോ.എം. കെ.കുര്യാക്കോസിന് ഗുഡ് ഷെപ്പേർഡ് അവാർഡും, അറ്റോർണി ജോസഫ് എം കുന്നേലിന് കമ്മ്യൂണിറ്റി ലീഗൽ ഇമ്പാക്ട് അവാർഡും ജോസ് ആറ്റുപുറത്തിനു കമ്മ്യൂണിറ്റി അസോസിയേഷൻ എൻറിച്ച്മെന്റ് അവാർഡും നൽകി ആദരിച്ചു. കൂടാതെ പ്രൊവിൻസിന്റെ മുതിർന്ന അംഗങ്ങളായ തോമസ് ഡാനിയേലിനെയും ലീലാമ്മ വർഗീസിനെയും പൊന്നാട അണിയിച്ചു ആദരിച്ചു.

പ്രൊവിൻസിന്റെ എല്ലാ സബ് കമ്മിറ്റികളെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഫാദേഴ്സ് ആൻഡ് മദേഴ്സ് ഡേയുടെ ആഘോഷ പരിപാടികൾ വളരെ വിജയകരമാക്കിത്തീർത്തു. ട്രഷറാർ തോമസ്കുട്ടി വർഗീസ് നന്ദി പറഞ്ഞു. കേരള തനിമയുടെ രുചി വിളിച്ചറിയിക്കുന്ന അത്താഴവിരുന്നോടുകൂടി ആഘോഷ പരിപാടികൾ രാത്രി പത്തുമണിയോടെ പര്യവസാനിച്ചു



മെസ്കിറ്റ് മാർ ഗ്രിഗോറിയോസ് സിറിയക് ദേവാലയത്തിൽ നടന്ന ഫാദേഴ്സ് ഡേയും, ഗ്രാഡുവേഷൻ സെറിമണിയും സംയുക്ത സമ്മേളനത്തിൽ നിന്നും

## വയനാട് മണ്ഡലത്തിൽ പ്രിയങ്കാ ഗാന്ധി മത്സരിക്കാനുള്ള തീരുമാനം അവസരോചിതം:ഒഐസിസി യുഎസ്എ

– പി പി ചെറിയാൻ




ഹൂസ്റ്റൺ: രാഹുൽ ഗാന്ധി റായ്ബറേലി നിലനിർത്താനും വയനാട് മണ്ഡലത്തിൽ പ്രിയങ്കാ ഗാന്ധി മത്സരിക്കാനും കോൺഗ്രസ് തീരുമാനിച്ചത് ധീരവും അവസരോചിതവുമാണെന്ന് ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് (ഒഐസിസി) ഗ്ലോബൽ പ്രസിഡന്റും ഒഐസിസി യുഎസ്എ ചെയർമാനുമായ ജെയിംസ് കൂടൽ, നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ജീമോൻ റാന്നി, ട്രഷറർ സന്തോഷ് എബ്രഹാം എന്നിവർ പുറപ്പെടുവിച്ച സംയുക്ത അഭിനന്ദന സന്ദേശത്തിൽ പറഞ്ഞു.

പ്രിയങ്കയുടെ വരവ് കേരളത്തിലെ കോൺഗ്രസിനും കൂടുതൽ ഉന്മേഷമായിരിക്കും സമ്മാനിക്കുക എന്നും നേതാക്കൾ ചൂണ്ടിക്കാട്ടി. പ്രിയങ്കാ ഗാന്ധിയുടെ സ്ഥാനാർഥിത്വ വയനാട് ജീവിതകാലം മനസിലുണ്ടാകുമെന്നു പറഞ്ഞു.

അമേഠിയും റായ്ബറേലിയും ഗാന്ധി കുടുംബത്തിന് എത്രമാത്രം ഹൃദയത്തോടടുത്തതാണോ ഇപ്പോൾ വയനാടും അത്രത്തോളം അവരുടെ ഹൃദയത്തിലേക്ക് ചേർന്നു നിൽക്കുകയാണ്. അതിനുള്ള തെളിവാണ് രാഹുലിന് പകരം വയനാട്ടിൽ മത്സരിക്കാൻ പ്രിയങ്കയെത്തുന്നത്.

പതിറ്റാണ്ടുകളായി പ്രിയങ്കാ ഗാന്ധിയോട് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കോൺഗ്രസ് ആവശ്യപ്പെടാറുണ്ടെങ്കിലും അവർ മത്സര രംഗത്ത് ഇറങ്ങാൻ തയ്യാറായിരുന്നില്ല. ഇപ്പോൾ, സഹോദരനെ സ്നേഹിച്ച മണ്ഡലത്തിൽ പകരക്കാരിയായെത്താൻ പ്രിയങ്ക തയ്യാറാകുമ്പോൾ പാർട്ടിയോടും കുടുംബത്തോടും മാത്രമല്ല സഹോദരനെ സ്നേഹിച്ച വയനാട്ടുകാരോടുള്ള കടപ്പാട് കൂടിയാണ് അവർ പ്രകടിപ്പിക്കുന്നത്. തന്റെ രാഷ്ട്രീയ ജീവിതത്തിൽ പ്രിയങ്ക ആദ്യമായി തെര ഞ്ഞെടുപ്പിലേക്ക് ഇറങ്ങുന്നത് കേരളത്തിൽ നിന്നാണെന്ന ചരിത്രനിമിഷമാണ് വരാനിരിക്കുന്നത്. വയനാട്ടിലേക്ക് പ്രിയങ്കാ ഗാന്ധിക്ക് സ്വാഗതം. ചരിത്ര ഭൂരിപക്ഷത്തിൽ പ്രിയങ്ക കേരളത്തിന്റെ പ്രിയങ്കരിയാകുമെന്ന് പ്രതിപക്ഷ നേ താവ് വി ഡി സതീശൻ ഫേസ്ബുക്കിൽ കുറിച്ചു.

കോൺഗ്രസിനും യുഡിഎഫിനും മികച്ച അടിസ്ഥാനമുള്ള വയനാട് മണ്ഡലം രാഹുലിന് പകരം പ്രിയങ്കാ ഗാന്ധിയെത്തുന്നതിനെ ആവേശത്തോടെയായിരിക്കും സ്വീകരിക്കുക. രാഹുലിന്റെ ആദ്യ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ജയിച്ചാൽ രാഹുൽ ഗാന്ധി പ്രധാനമന്ത്രിയായേക്കുമെന്ന ധാരണ അദ്ദേഹത്തിന്റെ ഭൂരിപക്ഷം നാല് ലക്ഷത്തിലേറെയുള്ള റെക്കോർഡിലേക്കെത്തിച്ചിരുന്നു. രണ്ടാം തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ നേതാവാകാനുള്ള സാധ്യത മുന്നിലെത്തിയപ്പോഴാണ് രാഹുൽ വയനാട് വിടുന്നതെന്ന സങ്കടം മണ്ഡലത്തിനുണ്ടായേക്കാം. എന്നാൽ പകരമെത്തുന്നത് പ്രിയങ്കയാണെന്നത് അവരെ സന്തോഷിപ്പിക്കും. കോൺഗ്രസ് പ്രസിഡന്റ് ഖാർഗേ പറഞ്ഞതുപോലെ പാർ ട്ടിയുടെ തീരുമാനം റായ്ബറേലിയേയും വയനാടിനേയും ഒരുപോലെ സന്തോഷിപ്പിക്കുന്നതാണ്. രാഹുൽ തുടരുന്നു എന്നത് റായ്ബറേലിയേയും രാഹുൽ പോകുമ്പോഴും പകരമെത്തുന്നത് പ്രിയങ്കയാണല്ലോ എന്നത് വയനാടിനേയും ഏറെ ആഹ്ലാദിപ്പിക്കുന്നതാണ്.

വയനാട്ടിൽ നിന്നും മത്സരിക്കുന്നതിൽ സന്തോഷമുണ്ടെന്നും രാഹുലിന്റെ അഭാവം അവിടെ അനുഭവപ്പെടാതിരിക്കാൻ താൻ പ്രവർത്തിക്കുമെന്നാണ് പ്രിയങ്ക തന്റെ തെരഞ്ഞെടുപ്പ് രംഗപ്രവേശത്തെ കുറിച്ച് ആദ്യം പ്രതികരിച്ചത്. താൻ കഠിനമായി പ്രവർത്തിക്കുമെന്നും എല്ലാവരേയും സന്തോഷിപ്പിക്കാനും നല്ല പ്രതിനിധിയാകാനും താൻ പരമാവധി ശ്രമിക്കുമെന്നും പറഞ്ഞ പ്രിയങ്കാ ഗാന്ധി അമേഠിയും റായ്ബറേലിയുമായി വളരെ പഴയ ബന്ധമാണുള്ളതെന്നും അത് തകർക്കില്ലെന്നും കൂട്ടിച്ചേർത്തു.

വയനാട്ടിൽ സിപിഎം സ്ഥാനാർഥി ആനിരാജയെ 3,64,422 വോട്ടിനും റായ്ബറേലിയിൽ ബിജെപിയുടെ ദിനേശ് പ്രതാപ് സിംഗിനെ 3,90,030 വോട്ടിനുമാണ് രാഹുൽ ഗാന്ധി പരാജയപ്പെടുത്തിയത്. തെരഞ്ഞെടുപ്പ് ഫലം വന്ന് 14 ദിവസത്തിനുള്ളിൽ ഏതെങ്കിലുമൊരു മണ്ഡലം ഒഴിയണമെന്നാണ് നിയമം. ഇക്കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിലും മുൻപ് നടന്ന ഉപ തിരഞ്ഞെടുപ്പുകളിലും ഏറ്റവും സജീവമായിരുന്ന ഒഐസിസി യുഎസ്എ വയനാട് ഉപ തെരഞ്ഞെടുപ്പിലും പ്രത്യേക പ്രതിനിധി സംഘത്തെ തിരഞ്ഞെടുപ്പ് പ്രവർത്തങ്ങൾക്കായി അയയ്ക്കുമെന്ന് കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിന് കരുത്തുറ്റ നേതൃത്വം നൽകുന്ന കെപിസിസി പ്രസിഡണ്ട് കെ സുധാകരന് നേതാക്കൾ ഉറപ്പു നൽകി. പ്രിയങ്ക ഗാന്ധി ചരിത്ര ഭൂരിപക്ഷം നേടി വിജയിക്കുമെന്നും നേതാക്കൾ പറഞ്ഞു.

## കോൺസൽ വിജയകൃഷ്ണന് കേരള സെന്ററിന്റെ നേതൃത്വത്തിൽ മലയാളി സംഘടനകൾ യാത്രയയപ്പ് നല്കി



ന്യൂയോർക്ക്: ഇന്ത്യൻ കോൺസുലേറ്റിൽ നിന്ന് വിരമിക്കുന്ന കോൺസൽ (കമ്മ്യൂണിറ്റി അഫേഴ്സ്) എ.കെ.വിജയകൃഷ്ണന് ന്യൂയോർക്കിലെ കേരള സെൻർ ഓഡിറ്റോറിയത്തിൽ വച്ച് കേരള സെന്ററിന്റെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകൾ യാത്രയയപ്പ് നൽകി.

ഗോപിയോ, കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക്, പയനിയർ ക്ലബ് ഓഫ് കേരളയിറ്റ്സ്, കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, ഫൊക്കാന ന്യൂയോർക്ക് റീജിയൻ, ഫോമാ ന്യൂയോർക്ക് റീജിയൻ, ലിംകാ, വേൾഡ് മലയാളി കൗൺസിൽ, മിലൻ കൾച്ചറൽ എന്നീ മലയാളി സംഘടനകൾ കേരള സെന്ററിന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നല്കി

കൈരളി ടിവി ഡയറക്ടർ ജോസ് കാടാപുറം, ബീന കോത്താരി (ഗോപിയോ), ഫോമാ നേതാവ് തോമസ് ടി ഉമ്മൻ, ജോണി സക്കറിയ (പ്രസിഡന്റ്, പയനിയർ ക്ലബ്), മനോഹർ തോമസ് (സർഗവേദി), സിബി ഡേവിഡ് (കലാവേദി), ബിജു ചാക്കോ (വേൾഡ് മലയാലി കൗൺസിൽ), കളത്തിൽ വർഗീസ്, കോശി തോമസ്, മേരി ഫിലിപ്പ്, മാത്യു കുട്ടി ഈശോ എന്നിവർ കോൺസൽ വിജയകൃഷ്ണൻ ഇന്ത്യൻ സമൂഹത്തിനു ചെയ്ത സഹായങ്ങൾ അനുസ്മരിച്ചു.

വിജയകൃഷ്ണൻ എല്ലാ സഹകരണത്തിനും ന്യൂയോർക്കിലെ ഇന്ത്യൻ സമൂഹത്തിനോട് നന്ദി പറഞ്ഞു.

കേരള സെന്റർ സെക്രട്ടറി രാജു തോമസ് എല്ലാവർക്കും കൃതജ്ഞത പറഞ്ഞു. ഡിന്നറോടെ പരിപാടികൾ സമാപിച്ചു.

## സാമുവൽ മാർ തിയൊഫിലോസ് ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിന്റെ പുതിയ അധ്യക്ഷൻ



തിരുവല്ല : സാമുവൽ മാർ തിയൊഫിലോസ് ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിന്റെ പുതിയ അധ്യക്ഷൻ. സിനഡ് യോഗത്തിലാണു അധ്യക്ഷനെ തിരഞ്ഞെടുത്തത്. സാമുവൽ മാർ തിയൊഫിലോസ് ചെന്നൈ ഭദ്രാസനാധിപനായിരുന്നു.

ജൂൺ 22ന് സ്ഥാനാരോഹണം നടന്നു. പത്തനംതിട്ട സ്വദേശിയാണ്.

സഭാ സിനഡ് സെക്രട്ടറിയായി ജോഷ്വാ മാർ ബർണബാസ് എപ്പിസ്കോപ്പയും തെരഞ്ഞെടുക്കപ്പെട്ടു.

സഭയുടെ അടുത്ത മെത്രാപ്പോലീത്തയെ സഭയുടെ ഭരണഘടനയും പരിശുദ്ധാത്മാവിന്റെ മാർഗനിർദേശവും അനുസരിച്ച് പ്രാർത്ഥനാപൂർവ്വം തിരഞ്ഞെടുക്കുന്നതിനും സഭയുടെ ഭാവി സംബന്ധിച്ച സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനുമായി സഭയുടെ ആഗോള ആസ്ഥാനമായ തിരുവല്ലയിലെ സെക്രട്ടേറിയറ്റിൽ സുന്നഹദോസ് യോഗം ചേർന്നു.

ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം പരിശുദ്ധ സുന്നഹദോസ് അംഗങ്ങൾ യോഹാൻ ഒന്നാമൻ മെത്രാപ്പോലീത്തയുടെ കബറിടം സന്ദർശിക്കുകയും തിരഞ്ഞെടുക്കപ്പെട്ട പിൻഗാമിക്ക് അനുഗ്രഹം തേടി ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. തുടർന്ന് 11 മണിക്ക് സെന്റ് തോമസ് കത്തീഡ്രലിലെത്തി. അവിടെ സഭയുടെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഇടവകകളിൽ നിന്നും രൂപതകളിൽ നിന്നുമുള്ള വൈദികരും നേതാക്കളും വിശ്വാസികളും സന്നിഹിതരായിരുന്നു.

നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസനാധിപൻ ഡാനിയേൽ മോർ തിമോത്തിയോസ് ഇംഗ്ലീഷിൽ വിശുദ്ധ സുന്നഹദോസിന്റെ തീരുമാനങ്ങൾ പ്രഖ്യാപിച്ചു. ഡൽഹി ഭദ്രാസനാധിപൻ ജോൺ മോർ ഐറേനോസ് മലയാളത്തിലും പ്രഖ്യാപനങ്ങൾ വായിച്ചു.

അതിരൂപതകളുടെ രൂപീകരണം മുഴുവൻ സഭയെയും 11 അതിരൂപതകളായും സഭാ മേഖലകളായും വിഭജിക്കും. ഓരോ അതിരൂപതയുടെയും ആർച്ച് ബിഷപ്പായി വിശുദ്ധ സിനഡിലെ ഒരു അംഗം സ്ഥാനമേൽക്കും.

തിരുവല്ലയിലെ ബിലീവേഴ്സ് കൺവെൻഷൻ സെന്റർ മോർ അത്തനേഷ്യസ് യോഹാൻ മെമ്മോറിയൽ കൺവൻഷൻ സെന്റർ എന്ന് പുനർനാമകരണം ചെയ്യും.

ജോർഹട്ടിലെയും റാഞ്ചിയിലെയും ഭദ്രാസനാധിപൻ ജോഷ്വ മോർ ബർണബാസ് എപ്പിസ്കോപ്പയെ വിശുദ്ധ സിനഡിന്റെ സെക്രട്ടറിയായി നിയമിച്ചു.

സഭയുടെ നിയുക്ത മെത്രാപ്പൊലീത്ത ആയി ചെന്നൈ അതിരൂപതയിലെ ഡോ. സാമുവൽ മോർ തെയോഫിലസ് എപ്പിസ്കോപ്പ തിരഞ്ഞെടുക്കപ്പെട്ടു.

# ശ്രീനാരായണ ഗ്ലോബൽ കൺവൻഷൻ 11 മുതൽ 14 വരെ; ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു




യുഗ പ്രഭാവനായ ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ നോർത്ത് അമേരിക്കയിലെ ശ്രീനാരായണ അസോസിയേഷനുകളുടെ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് ശ്രീനാരായണ ഗുരു ഓർഗനൈസഷൻസ് നോർത്ത് അമേരിക്ക രണ്ടു വർഷത്തിലൊരിക്കൽ നടത്തിവരുന്ന ശ്രീനാരായണ ഗ്ലോബൽ കൺവെൻഷന്റെ ഒരുക്കങ്ങൾ അണിയറയിൽ പൂർത്തിയായി വരുന്നു. കണക്ടിക്കറ്റിലെ സ്റ്റാ ഫോർഡിലുള്ള ഹിൽട്ടൺ ഹോട്ടലിൽ 2024 ജൂലൈ 11 മുതൽ 14 വരെ നടത്തുന്ന കൺവെൻഷന്റെ തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നതായി പ്രസിഡന്റ് സജീവ് ചേന്നാട്ടും, സെക്രട്ടറി രേണുക ചിറകുഴിയിലും അറിയിച്ചു.

സ്കൂൾ ഓഫ് വേദാന്ത ഡയറക്ടർ സ്വാമി മുക്താനന്ദ യതി, എഴുത്തുകാരനും പ്രഭാഷകനുമായ ഷൗക്കത്ത്, സുരേന്ദ്രൻ പട്ടേൽ, നിയമ പണ്ഡിതനും സാമൂഹ്യ ചിന്തകനുമായ ഡോ.മോഹൻ ഗോപാൽ എന്നിവർ മുഖ്യ അതിഥികളാകുന്ന കൺവെൻഷനിൽ കേരളത്തിലെ കലാസാംസ്കാരിക രംഗത്തുള്ള പ്രമുഖർ പങ്കെടുക്കുന്നു. ദാർശനിക ചർച്ചകൾ, സാഹിത്യ സാംസ്കാരിക സമ്മേളനങ്ങൾ, യുവജന വനിത സമ്മേളനങ്ങൾ എന്നിവയ്ക്ക് പുറമെ ശ്രീനാരായണ ഗുരു കൃതികളെ ആസ്പദമാക്കിയുള്ള നടനശില്പമായ കാളീനാടകം പ്രമുഖ നർത്തകി ഡോ. കലാമണ്ഡലം ധനുഷാ സന്യാൽ അവതരിപ്പിക്കുന്നു. ചലച്ചിത്ര പിന്നണി ഗായകൻ വിവേകാനന്ദൻ, അപർണ ഷിബു, അമേരിക്കയിലെ പ്രമുഖ ഗായിക ഗായകന്മാരും ചേർന്ന് അവതരിപ്പിക്കുന്ന സംഗീത സായാഹ്നം, വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കലാകാരന്മാർ അവതരിപ്പിക്കുന്ന കലാപരിപാടികൾ ഈ കൺവെൻഷന് നിറപ്പകിട്ടേകുമെന്നു കൽച്ചറൽ പ്രോഗ്രാം കോർഡിനേറ്റർ സുരേഷ് ബാബു ചിറക്കുഴിയിൽ അറിയിച്ചു.

കൺവെൻഷനോടനുബന്ധിച്ചു പ്രകാശനം ചെയ്യപ്പെടുന്ന സോവനീറിന്റെ അണിയറ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നതായി കോർഡിനേറ്റർ കെ.എൻ സഞ്ജീവ് അറിയിച്ചു.

ട്രസ്റ്റീ ബോർഡ് ചെയർമാൻ ഡോ.ചന്ദ്രോത് പുരുഷോത്തമൻ, മുഖ്യ രക്ഷാധികാരി ഡോ.എം അനിരുദ്ധൻ, രക്ഷാധികാരി കല്ലുവിള വാസുദേവൻ, പ്രസിഡണ്ട് സജീവ് ചേന്നാട്ട്, ജനറൽ സെക്രട്ടറി രേണുക ചിറക്കുഴിയിൽ, ട്രഷറർ രാജീവ് ഭാസ്കർ, വൈസ് പ്രസിഡന്റ് സുനിൽ കുമാർ കൃഷ്ണൻ, ജോയിന്റ് സെക്രട്ടറിമായാ ഷൈജു, ജോയിന്റ് ട്രഷറർ സഹൃദയൻ പണിക്കർ, ന്യൂയോർക്കിൽ നിന്നുള്ള ബോർഡ് ഭാരവാഹികളായ രവീന്ദ്രൻ രാഘവൻ, ബിന്ദു വാലത്തു, രാധാകൃഷ്ണൻ പി.കെ, അജയൻ ദിവാകരൻ, സ്വർണകുമാർ മാധവൻ, ലളിത ഹരിദാസ്, വൈസ് ചെയർമാൻ അനിയൻ തയ്യിൽ എന്നിവർ നേതൃത്വം നൽകുന്നു.

കൺവെൻഷനായി രൂപീകരിക്കപ്പെട്ട സബ് കമ്മറ്റി കോർഡിനേറ്റർസ്: സുരേഷ് ബാബു ചിറകുഴിയിൽ, താമര രാജീവ്, സഹൃദയൻ പണിക്കർ, സുനിൽ കൃഷ്ണൻ, മായാ ഷൈജു (റെജിസ്ട്രേഷൻ), ബിന്ദു വാലത്തു, (വിമൻസ് ഫോറം), രവീന്ദ്രൻ രാഘവൻ (ഫുഡ് കമ്മിറ്റി), സുബിൻ കുമാരൻ, ഷാനവാസ് കാട്ടൂർ, സുജി വാസവൻ, സുധീർ പ്രയാഗ (സ്പോൺസർഷിപ്പ്), ഉണ്ണി മണപ്പുറത്തു, ഷാനവാസ് കാട്ടൂർ, സുജി വാസവൻ (സ്കോളർഷിപ്പ് ആന്റ് ചാരിറ്റി), സ്വർണ്ണകുമാർ മാധവൻ (റാഫിൾ കമ്മിറ്റി), അനിതാ ഉദയ് (ബാൻക്വറ്റ് കമ്മിറ്റി), ബാബു ഉത്തമൻ (ബിസിനസ്സ് ആന്റ് എഡ്യൂക്കേഷൻ), ഷാനവാസ് കാട്ടൂർ, അഞ്ജന പ്രയാഗ, മൃൂണിക് ഭാസ്കർ, (മിഡിയ ആന്റ് പബ്ലിക് റിലേഷൻസ്), പ്രവീൺ ദിവാകരൻ, മണിരാജ് ജയദേവൻ (വെബ് സൈറ്റ്), നിഖിൽ സുനിൽ കുമാർ (ട്രാൻസ്പോർട്ടേഷൻ), ലളിത ഹരിദാസ് (പ്രാർത്ഥന).

സുഷമ സ്വർണകുമാർ സ്റ്റേജ് ഡെക്കറേഷൻ, സഞ്ജീവ് കെ.എൻ, ഡാനി ധനഞ്ജയൻ (സുവനീർ) ലക്ഷ്മിക്കുട്ടി പണിക്കർ, പ്രസന്ന ബാബു, (പ്രൊസഷൻ ആന്റ് തിരുവാതിര), ജയചന്ദ്രൻ രാമകൃഷ്ണൻ (ഹോസ്പിറ്റാലിറ്റി), മതിഷമിതാ ഭരതൻ (സെമിനാർ).

റീജിയണൽ വൈസ് പ്രസിഡന്റുമാർ: പ്രസന്ന ബാബു (ട്രൈ സ്റ്റേറ്റ് റീജിയൻ), സുജിത് ശ്രീധർ (ഫിലാഡെൽഫിയ), ഡോ.വിജിലി ബാഹുലേയൻ (വാഷിംഗ്ടൺ), ഉണ്ണി മണപ്പുറത്തു (ടെക്സസ്), പ്രവീൺ ദാമോദരൻ (ആമസോൺ).

കൺവെൻഷൻ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും റജിസ്ട്രേഷനും

സജീവ് ചേന്നാട്ട് (പ്രസിഡന്റ് ) 917 979 0177
രേണുക ചിറകുഴിയിൽ (സെക്രട്ടറി) 914 434 4843
രാജീവ് ഭാസ്കർ (ട്രഷറർ) 514 395 9480

# സ്റ്റേറ്റ് സെനറ്റർ നികിൽ സവാളിനെ അറസ്റ്റ് ചെയ്തു




ഫിലാഡൽഫിയ: ഫിലാഡൽഫിയ സ്റ്റേഡിയം തൊഴിലാളികളോട് അരാമാർക്കിന്റെ പെരുമാറ്റത്തിൽ പ്രതിഷേധിച്ചുള്ള റാലിയിൽ പങ്കെടുത്ത സ്റ്റേറ്റ് സെനറ്റർ നികിൽ സവാളിനെ അറസ്റ്റ് ചെയ്തു. ജൂൺ 12ന് ലേബർ യൂണിയൻ യുണൈറ്റ് ഹിയർ സംഘടിപ്പിച്ച റാലി, ഫിലാഡൽഫിയയിലെ പ്രധാന കായിക വേദികളിൽ തൊഴിലാളികൾക്ക് നൽകുന്ന മോശം വേതനവും അപര്യാപ്തമായ ആരോഗ്യ പരിരക്ഷാ ആനുകൂല്യങ്ങളും ഉയർത്തിക്കാട്ടാൻ ലക്ഷ്യമിട്ടിട്ടുള്ളതായിരുന്നു.

ഫില്ലിയിലെ താമസക്കാരും സന്ദർശകരും സാധ്യമായ ഏറ്റവും മികച്ച അനുഭവങ്ങൾ ആസ്വദിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ 'യുനൈറ്റ് ഹിയർ തൊഴിലാളികൾ വർഷം മുഴുവനും കഠിനമായ തണുപ്പിലും കൊടും ചൂടിലും പ്രവർത്തിക്കുന്നു. പകരമായി, അവരുടെ കുടുംബത്തെ പോറ്റുന്നതിനോ വീടുകൾ സൂക്ഷിക്കുന്നതിനോ ജീവൻ രക്ഷിക്കാൻ സാധ്യതയുള്ള വൈദ്യസഹായം തേടുന്നതിനോ അവസരം ലഭിക്കാത്തത് സമരമാർഗം തിരഞ്ഞെടുക്കാൻ അവരെ നിർബന്ധിതരാക്കി. അവരുടെ പോരാട്ടമാണ് എന്റെ പോരാട്ടം. അവർക്ക് അർഹമായ വേതനവും ആനുകൂല്യങ്ങളും നൽകുന്നതുവരെ ഞാൻ അവരോടൊപ്പമുണ്ട്.

2023ൽ 18 ബില്യൺ ഡോളറിലധികം വരുമാനമുള്ള അന്താരാഷ്ട്ര കമ്പനിയായ അരമാർക്ക്, ഫിലാഡൽഫിയയിലെ സ്റ്റേഡിയങ്ങളിൽ ഭക്ഷണപാനീയ ഇളവുകൾ കൈകാര്യം ചെയ്യുന്നു. വെൽസ് ഫാർഗോ സെന്ററിലെ തൊഴിലാളികൾക്ക് 0.25 ഡോളറിന്റെ കുറഞ്ഞ വേതന വർധനവ് അത് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, അരമാർക്കിന്റെ ആരോഗ്യ സംരക്ഷണ നിർദ്ദേശം വർഷം മുഴുവനും തൊഴിലാളികളെ ഇൻഷ്വർ ചെയ്യാത്തവരോ അല്ലെങ്കിൽ സർക്കാർ ആരോഗ്യ പരിരക്ഷാ പദ്ധതികളെ ആശ്രയിക്കുന്നവരോ ആയതിന് വിമർശിക്കപ്പെട്ടിട്ടുണ്ട്.

സാവലിന്റെ മാതാപിതാക്കൾ ബാംഗ്ലൂരിൽ നിന്ന് യുഎസിലേക്ക് കുടിയേറിയവരാണ്. 1982ൽ, സാവൽ ജനിച്ച വർഷം, അവന്റെ മാതാപിതാക്കൾ ഒരു പിസ്സ റെസ്റ്റോറന്റ് തുറന്നു, അവിടെ സാവൽ തന്റെ ബാല്യവും കൗമാരവും ചെലവഴിച്ചു. റെസ്റ്റോറന്റിലെ ജീവനക്കാർ എല്ലാ സ്റ്റാറ്റസുകളുടെയും കുടിയേറ്റക്കാരായിരുന്നു. സാവലിന്റെ മാതാപിതാക്കൾ അവരിൽ പലരെയും ഡോക്യുമെന്റേഷൻ സുരക്ഷിതമാക്കാൻ സഹായിച്ചു. കുടിയേറ്റക്കാർ എന്ന നിലയിലും ചെറുകിട ബിസിനസ്സ് ഉടമകൾ എന്ന നിലയിലും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ അനുഭവങ്ങൾ, തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണത്തിനും ഐക്യദാർഢ്യവുമായുള്ള അദ്ദേഹത്തിന്റെ ആദ്യ അനുഭവങ്ങൾക്ക് രൂപം നൽകി.

വെൽസ് ഫാർഗോ സെന്റർ, സിറ്റിസൺസ് ബാങ്ക് പാർക്ക്, ലിങ്കൺ ഫിനാൻഷ്യൽ ഫീൽഡ് എന്നിവിടങ്ങളിലെ അരമാർക്ക് തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യസംരക്ഷണ ആനുകൂല്യങ്ങളും ആവശ്യപ്പെട്ട് നൂറുകണക്കിന് പ്രകടനക്കാർ അരമാർക്കിന്റെ ആഗോള ആസ്ഥാനത്തിന് പുറത്ത് ഒത്തുകൂടി. തിരക്കിനിടയിൽ സെനറ്റർ സാവൽ ഉൾപ്പെടെ അമ്പതോളം പേർ മാർക്കറ്റ് സ്ട്രീറ്റിൽ ഇരുന്നു. തെരുവ് ഫലപ്രദമായി അടയ്ക്കുകയും അവരുടെ അറസ്റ്റിൽ കലാശിക്കുകയും ചെയ്തതോടെ പ്രതിഷേധം ശക്തമായി. തൊഴിലാളി യൂണിയനുകളും അരമാർക്കും തമ്മിൽ നിലനിൽക്കുന്ന സംഘർഷങ്ങൾക്ക് റാലി അടിവരയിടുന്നു. തൊഴിലാളികൾ കുടുംബം നിലനിർത്തുന്ന വേതനവും സമഗ്രമായ ആരോഗ്യ പരിരക്ഷാ ആനുകൂല്യങ്ങളും ആവശ്യപ്പെടുന്നു. ഫിലാഡൽഫിയ സെനറ്റ് ഡെമോക്രാറ്റുകൾ പറഞ്ഞു.

പെൻസിൽവാനിയയിൽ നടന്നുകൊണ്ടിരിക്കുന്ന പാർപ്പിടം, കൂട്ട തടവ്, വേതനം, കാലാവസ്ഥാ പ്രതിസന്ധികൾ എന്നിവയോടുള്ള നിർണായക പ്രതികരണത്തിലാണ് സാവൽ തന്റെ നിയമനിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചത്.

ചരിത്രസംരക്ഷകനായ ഷാനൺ ഗാരിസണെയാണ് സാവൽ വിവാഹം കഴിച്ചത്. ദമ്പതികൾക്ക് ഇഷാൻ, മയൂഖ് എന്നീ രണ്ട് ആൺമക്കളുണ്ട്.

# പത്ത് കൽപ്പനകൾ ലൂസിയാന ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കണം. ബില്ലിൽ ഗവർണർ ഒപ്പുവെച്ചു

ലൂസിയാന : ലൂസിയാനയിലെ എല്ലാ പബ്ലിക് സ്കൂൾ ക്ലാസ് മുറികളിലും പത്ത് കൽപ്പനകൾ പ്രദർശിപ്പിക്കണമെന്ന ബില്ലിൽ റിപ്പബ്ലിക്കൻ ഗവർണർ ജെഫ് ലാൻഡ്രി ബുധനാഴ്ച ഒപ്പുവെച്ചു. ഇതോടെ പത്ത് കൽപ്പനകൾ പ്രദർശിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന ആദ്യത്തെ സംസ്ഥാനമായി ലൂസിയാന മാറി.

കിന്റർഗാർട്ടൻ മുതൽ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സർവ്വകലാശാലകൾ വരെയുള്ള എല്ലാ പൊതു ക്ലാസ് മുറികളിലും 'വലിയതും എളുപ്പത്തിൽ വായിക്കാവുന്നതുമായ ഫോണ്ടിൽ' പത്ത് കൽപ്പനകളുടെ ഒരു പോസ്റ്റർ വലിപ്പത്തിലുള്ള ഡിസ്പ്ലേ ആവശ്യമാണെന്ന് റിപ്പബ്ലിക്കൻ പാർട്ടി തയ്യാറാക്കിയ നിയമനിർമ്മാണം നിർബന്ധിക്കുന്നു.

നിയമത്തിന്റെ ഭരണഘടനാ സാധുതയെ പുതിയ ബില്ലിനെ എതിർക്കുന്നവർ ചോദ്യം ചെയ്യുന്നു. നിയമനടപടികൾ പിന്തുടരാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകുന്നു. ഈ നടപടിയുടെ ഉദ്ദേശം കേവലം മതപരമല്ലെന്നും അതിന് ചരിത്രപരമായ പ്രാധാന്യമുണ്ടെന്നും വക്താക്കൾ പറയുന്നു. നിയമത്തിന്റെ ഭാഷയിൽ, പത്ത് കൽപ്പനകളെ 'നമ്മുടെ സംസ്ഥാനത്തിന്റെയും ദേശീയ സർക്കാരിന്റെയും അടിസ്ഥാന രേഖകൾ' എന്ന് വിശേഷിപ്പിക്കുന്നു.

പത്ത് കൽപ്പനകൾ 'ഏതാണ്ട് മൂന്ന് നൂറ്റാണ്ടുകളായി അമേരിക്കൻ പൊതുവിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നു' എന്ന് വിവരിക്കുന്ന നാല് ഖണ്ഡികകളുള്ള 'സന്ദർഭ പ്രസ്താവന' യുമായി ഡിസ്പ്ലേകൾ 2025ന്റെ തുടക്കത്തോടെ ക്ലാസ് മുറികളിൽ ഉണ്ടായിരിക്കണം.